ടൈംസ് ഓഫ് അമേരിക്ക
TIMES of AMERICA

2024 മാർച്ച് 15 – 30
Volume XVII Issue 06

അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താ ദ്വൈമാസിക

Cheif Editor: **George Thazhakara**
Tel: + 944 73 55710
e-mail:**georgethazhakara@gmail.com**

TIMES OF AMERICA.ORG ONLINE BI- WEEKLY
www: **timesofamerica.org**
News Cordination: Joychan Puthukulam

Managing Editor: **Mathew George**
Tel: 267-991-2111

ബൈഡനും ട്രംപും വീണ്ടും; ഇരുവർക്കും പാർട്ടി നോമിനേഷൻ ഉറപ്പായി

ചൊവ്വാഴ്ച നടന്ന ഡെമോക്രാറ്റിക് പ്രൈമറികളിലും വിജയിച്ചതോടെ യുഎസ് പ്രസിഡന്റ് ജോ ബൈഡനു 2024 തിരഞ്ഞെടുപ്പിലും മത്സരിക്കാനുള്ള പാർട്ടിയുടെ നോമിനേഷൻ ഉറപ്പായി. തൊട്ടു പിന്നാലെ ഡൊണാൾഡ് ട്രംപ് റിപ്പബ്ലിക്കൻ സ്ഥാനാർഥിയും ആവുന്നതോടെ 2020ന്റെ ആവർത്തനം ഉറപ്പാവും.

– പിപിഎം

വൈസ് പ്രസിഡന്റ് കമലാ ഹാരിസ് തന്നെയാവും ഇക്കുറിയും ഡെമോക്രാറ്റിക് ടിക്കറ്റിൽ ഉണ്ടാവുകയെന്നു ബൈഡൻ നേരത്തെ പറഞ്ഞിരുന്നു.

ചൊവ്വാഴ്ച ജോർജിയയിലെ പ്രൈമറി ജയിച്ചതോടെ ബൈഡനു ഡെമോക്രാറ്റിക് നാഷനൽ കൺവെൻഷനിലേക്കുള്ള 1,968 ഡെലിഗേറ്റുകൾ കവിഞ്ഞു 2010 ആയി. ജോർജിയയിൽ നിന്ന് 108 ഡെലിഗേറ്റുകൾ ഉണ്ട്. മിസിസിപ്പി, വാഷിംഗ്ടൺ സ്റ്റേറ്റ്, നോർത്തേൺ മരിയാന ഐലൻഡ്സ് എന്നിവിടങ്ങളിൽ നിന്ന് 241 വേറെയും.

ട്രംപും ജോർജിയയിലും പിന്നാലെ മിസിസിപ്പിയിലും ജയിച്ചു. എന്നാൽ ഹവായ്, വാഷിംഗ്ടൺ ഫലങ്ങൾ വരാനുണ്ട്. നിക്കി ഹേലി സൂപ്പർ ട്യൂസ്ഡേ കഴിഞ്ഞു കളം വിട്ടതോടെ ട്രംപിനു പക്ഷെ എതിരാളിയില്ല.

ഫലത്തിൽ ബൈഡൻ ട്രംപ് മത്സരം ചൊവ്വാഴ്ച രാത്രി ആരംഭിച്ചു. 'ഏതാനും നിമിഷങ്ങൾക്കു മുൻപ് എന്റെ ടീം യുഎസ് പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കാനുള്ള ഡെമോക്രാറ്റിക് നോമിനേഷൻ ഉറപ്പാക്കി'– ബൈഡൻ പ്രസ്താവനയിൽ പറഞ്ഞു.

ബെർഗൻ കൗണ്ടിയിൽ കമ്മീഷണർ സ്ഥാനത്തേക്ക് റിപ്പബ്ലിക്കൻ സ്ഥാനാർഥി മലയാളി

ന്യൂജേഴ്സി: ബെർഗൻ കൗണ്ടി കമ്മീഷണർ സ്ഥാനത്തേക്ക് റിപ്പബ്ലിക്കൻ സ്ഥാനാർഥിയായി 21കാരൻ മലയാളി. കേരള സമാജം ഓഫ് ന്യൂ ജേഴ്സി പ്രസിഡന്റും കോതമംഗലം സ്വദേശിയുമായ ജിയോ ജോസഫിന്റെ മകൻ മൈക്കൽ ജോസഫാണ് തെരഞ്ഞെടുക്കപ്പെട്ടത്. മൈക്കലിനോടൊപ്പം സുഹൃത്തും 19കാരനുമായ ഡേവിഡ് പ്ലോട്ട്കിനും ബെർഗൻ കൗണ്ടി റിപ്പബ്ലിക്കൻ പോളിസി കമ്മിറ്റി യോഗത്തിൽ അംഗീകാരം നേടി.

ഇരുവരും നവംബറിൽ ഡെമോക്രാറ്റിക് സ്ഥാനാർഥികളായി വിജയിച്ച ട്രേസി സിൽന സൂർ, സ്റ്റീവൻ ടാനെല്ലി എന്നിവരെയാണ് നേരിടുക. ട്രേസി സിൽന നാലു തവണ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

കൗണ്ടി എക്സിക്യൂട്ടീവും ഏഴംഗ കമ്മീഷണർമാരുമാണ് ബെർഗൻ കൗണ്ടിയിൽ ഭരണം നടത്തുന്നത്. മറ്റു ചില കൗണ്ടികളിലെ ലെജിസ്ലേറ്റർ/ ഫ്രീഹോൾഡർ തന്നെയാണ് ഇവിടെ കമ്മീഷണർ. ന്യൂ മിൽഫോർഡിൽ നിന്നുള്ള കൗണ്ടി കമ്മറ്റി അംഗമാണ് മൈക്കിൾ.

അഭയാർഥികൾക്കു തൊഴിൽ രേഖകൾ വേഗത്തിൽ നൽകും

യുഎസിൽ പ്രവേശനം ലഭിച്ച യോഗ്യതയുള്ള അഭയാർഥികൾക്കു തൊഴിൽ കിട്ടാൻ സഹായിക്കുന്ന രേഖകൾ (ഇ.എ.ഡി) വേഗത്തിൽ നൽകാനുള്ള പ്രക്രിയക്കു കുടിയേറ്റ വകുപ്പ് (യുഎസ് സി ഐ എസ്) ഫോം ഐ 765 തയാറാക്കി. രേഖകൾ 30 ദിവസം കൊണ്ടു കിട്ടും എന്നാണ് സി ഐ എസ് പറയുന്നത്.

യുഎസ് നിയമം അനുസരിച്ചു രാജ്യത്തു എത്തുന്ന അഭയാർഥികൾക്കു തൊഴിൽ ലഭിക്കാൻ അർഹതയുണ്ട്. എന്നാൽ ഇ.എ.ഡി കിട്ടുന്നത് നീണ്ടു നീണ്ടു പോകുന്ന കഷ്ടപ്പാടായിരുന്നു. അകത്തു കടക്കുന്ന അഭയാർഥികളുടെ വിവരങ്ങൾ ഡിജിറ്റലായി രേഖപ്പെടുത്തും. അപേക്ഷ നൽകേണ്ടതില്ല. ആ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അവരുടെ രേഖകൾ തയാറാക്കും. ഫോം ഐ 765 അംഗീകരിച്ചു കഴിഞ്ഞാൽ ഒന്നോ രണ്ടോ ആഴ്ച കൊണ്ട് ഇ.എ.ഡി കിട്ടും.

തപാൽ വഴിയാണ് ലഭ്യമാവുക. സാമൂഹ്യ സുരക്ഷാ കാർഡ് ഇന്റർനെറ്റ് വഴി ലഭിക്കും.

വ്യാജ തെരഞ്ഞെടുപ്പ് ഇടപെടൽ കേസിൽ ട്രംപിനും കൂട്ടുപ്രതികൾക്കുമെതിരായ ആറ് കുറ്റങ്ങൾ ജോർജിയ ജഡ്ജി തള്ളി

– പി പി ചെറിയാൻ

ജോർജിയ: ജോർജിയ തെരഞ്ഞെടുപ്പ് ഇടപെടൽ കേസിൽ മുൻ പ്രസിഡന്റിനെതിരെയുള്ള ആരോപണങ്ങൾ ജഡ്ജി സ്കോട്ട് മക്കാഫി തള്ളിക്കളഞ്ഞു. മുൻ പ്രസിഡന്റ് ഡൊണാൾഡ് ജെ. ട്രംപിനും മറ്റുള്ളവർക്കുമെതിരെ അറ്റ്ലാന്റയിലെ വ്യാജ റാക്കറ്റിംഗ് കേസ് സോറോസിന്റെ ധനസഹായത്തോടെ ഫുൾട്ടൺ കൗണ്ടി ഡിസ്ട്രിക്റ്റ് അറ്റോർണി ഫാനി വില്ലിസിന്റെ കീഴിൽ അടുത്തിടെ നിയമിതനായ ഫുൾട്ടൺ കൗണ്ടി സുപ്പീരിയർ കോടതി ജഡ്ജിയായ സ്കോട്ട് എഫ് തള്ളിക്കളയുകയായിരുന്നു.

2020 ലെ തെരഞ്ഞെടുപ്പിനെ ചോദ്യം ചെയ്തതിന് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെതിരെ സോറോസിന്റെ ഫണ്ട് ഡിസ്ട്രിക്റ്റ് അറ്റോർണി ഫാനി വില്ലിസ് ഒരു കുറ്റപത്രം മടക്കി. ഭരണഘടനയുടെ ആദ്യ ഭേദഗതി പ്രകാരം സംരക്ഷിക്കപ്പെട്ടിരിക്കുന്ന അവകാശമാണിത്.

പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനും അദ്ദേഹത്തിന്റെ കോഡ്ഫെൻഡന്റുകൾക്കുമെതിരെ മൊത്തം 41 കുറ്റങ്ങൾ ചുമത്തിയിരുന്നു. 2020ലെ തിരഞ്ഞെടുപ്പിന്റെ സമഗ്രതയെ വെല്ലുവിളിക്കാൻ ധൈര്യപ്പെട്ടവർക്കെതിരായ നഗ്നമായ ആക്രമണം. കൂടാതെ, തെരഞ്ഞെടുപ്പിലെ ക്രമക്കേടുകൾ തുറന്നുകാട്ടുന്നതിൽ കുറ്റാരോപിതരായ 30 സഹഗൂഢാലോചനക്കാരെയും പരിശോധിച്ചുവരികയാണ്.

സാംസ്കാരിക

അമേരിക്കൻ മലയാളിയുടെ സമഗ്ര വാർത്ത പത്രിക
ടൈംസ് ഓഫ് അമേരിക്കൻ മലയാളി ഡോട്ട് കോം
പി. ഡി. എഫ് ഫയലിനോടൊപ്പം
www.timesofamericanmalayali.com

പ്രതിമാസ സാംസ്കാരിക മാസിക
സാഹിത്യ സാംസ്കാരികതയുടെ പ്രതിഫലനം

ഈ ലക്കത്തിൽ
ആലുവ സർവ്വമത സമ്മേളനത്തിൽ നടത്തിയ പ്രസംഗത്തിന്റെ പൂർണ്ണരൂപം– ശതാബ്ദി വർഷത്തിൽ വായിക്കാം.

മാറ്റത്തിന്റെ കാൽവെപ്പുമായി ഡോ.തോമസ് തോമസ് ഫോമാ പ്രസിഡണ്ട് സ്ഥാനത്തേക്ക്

ടൊറോന്റോ: നോർത്ത് അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫോമായുടെ വരും വർഷത്തെ കൺവെൻഷൻ കാനഡയിലെ ടൊറോന്റോയിൽ നടത്താൻ നേതൃമാറ്റം അനിവാര്യമാണെന്ന കനേഡിയൻ മലയാളികളുടെ ശക്തമായ ആവശ്യത്തെ മുൻനിറുത്തി ഫോമാ പ്രസിഡണ്ട് സ്ഥാനത്തേക്ക് ഡോ.തോമസ് മത്സരിക്കുന്നു.

കാനഡയിലെ ഫോമയുടെ അംഗസംഘടനകൾ സംയുക്തമായാണ് ഡോ.തോമസിനെ നാമനിർദ്ദേശം ചെയ്തത്. കാനഡയ്ക്ക് പുറമെ അമേരിക്കയിലുള്ള നിരവധി മലയാളി സംഘടനകളും നേതാക്കളും ഇതിനോടകം ഡോ.തോമസിന് പിന്തുണയുമായി എത്തിയിട്ടുണ്ട്. സ്ഥിരമായി അമേരിക്കയിൽ ഒരേപോലുള്ള വേദികളിൽ നടക്കുന്ന കൺവെൻഷനുകളിൽ നിന്നും ഒരു വ്യത്യസ്തത ആഗ്രഹിക്കുന്നവരാണ് ഇത്തവണ ഡോ.തോമസിന് പിന്തുണയുമായി എത്തിയിരിക്കുന്നത്.

കാനഡയുൾപ്പെടെയുള്ള നോർത്ത് അമേരിക്കയിലെ മലയാളി സംഘടനകളെ ഒരു കുടക്കീഴിൽ നിർത്താൻ പ്രാദേശികമായി തുല്യനീതി പുലർത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.അതിനാൽ വിസ്തീർണ്ണം കൊണ്ടും മലയാളികളുടെ എണ്ണംകൊണ്ടും അമേരിക്കയിലെ ഏതൊരു സ്റ്റേറ്റിനെക്കാളും ഒട്ടും പിന്നിലല്ലാത്ത കാനഡയിൽ ഒരു കൺവെൻഷൻ നടത്തേണ്ടത് ഫോമായുടെ ആവശ്യമാണെന്നും അതിന് ഇനി ഒട്ടും വൈകരുതെന്നും കനേഡിയൻ മലയാളികൾ ഒന്നടങ്കം വീണ്ടും ആവശ്യപ്പെട്ടു.

സമാന്തര സംഘടനയായ ഫൊക്കാന ഇതിനോടകം പല കൺവെൻഷനുകൾ കാനഡയിൽ നടത്തിയത് തങ്ങളുടെ ആവശ്യത്തിന് പിൻബലമേകുന്നതായി അവർ ചൂണ്ടിക്കാട്ടി. ഇതേ തുടർന്നാണ് ഫൊക്കാനയുടെ ചരിത്രത്തിലെ ഏറ്റവും ജനനിബിഡമായ ടൊറന്റോ കൺവെൻഷൻ നടത്തിയ അന്നത്തെ പ്രസിഡന്റായ ഡോ.തോമസ് തോമസിനെ ഫോമാ പ്രസിഡണ്ട് സ്ഥാനത്തേക്ക് മത്സരിപ്പിക്കാനും ഫോമാ കൺവെൻഷൻ ഏറ്റെടുത്ത് നടത്താനുമായി കനേഡിയൻ മലയാളികൾ തീരുമാനിച്ചത്.

കേരളത്തിൽ നിന്നും രാഷ്ട്രീയക്കാരുൾപ്പെടെയുള്ള വിശിഷ്ടാതിഥികളെയും കലാ സാഹിത്യ രംഗത്തെ പ്രമുഖരെയും കൺവെൻഷനിൽ പങ്കെടുപ്പിക്കാൻ വിസ തയ്യാറാക്കുന്നതുൾപ്പെടെ ഗവണ്മെന്റ് തല പിന്തുണ ഇപ്പോഴത്തെ സാഹചര്യത്തിൽ കിട്ടാൻ എളുപ്പമാണെന്നും കനേഡിയൻ മലയാളികൾ പറഞ്ഞു.

അമേരിക്കൻ മലയാളികൾക്ക് ഈ കൺവെൻഷൻ ഒരു രാജ്യാന്തര ടൂറിനും കനേഡിയൻ കാഴ്ചകൾ കാണാനുമുള്ള ഒഴിവുകാല ഉല്ലാസത്തിനും അവസരവുമാകും. അതിനാൽ കൂടുതൽ അംഗങ്ങൾ അമേരിക്കയിൽ നിന്ന് തന്നെ ഈ കൺവെൻഷനിൽ പങ്കെടുക്കാൻ സാധ്യതയേറെയാണ്.

കനേഡിയൻ കാത്തലിക് സ്കൂൾ ട്രസ്റ്റീസ് അസോസിയേഷൻ (സി.സി.എസ്.ടി.എ) ഒന്റാരിയോ പ്രോവിൻസ് ഡയറക്ടർ, ഒന്റാരിയോ കാത്തലിക് സ്കൂൾ ട്രസ്റ്റീസ് അസോസിയേഷൻ (ഓ.സി.എസ്.ടി.എ) റീജിയണൽ ഡയറക്ടർ, ഡെഫറിൻ പീൽ കാത്തോലിക് ഡിസ്ട്രിക്ട് സ്കൂൾ ബോർഡ് വൈസ് ചെയർ തുടങ്ങിയ ഒട്ടേറെ നിലകളിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്ന ഡോ.തോമസിന് കാനഡയിലെ മുഖ്യധാരാ രാഷ്ട്രീയത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുവാനും ഫോമയെ രാജ്യാന്തര തലത്തിലേക്ക് കൈപിടിച്ച് നയിക്കാനുമാവും.

കേരള ക്രിസ്ത്യൻ എക്യൂമെനിക്കൽ ഫെല്ലോഷിപ്പ് സെക്രട്ടറി, മുൻ ഫൊക്കാന പ്രസിഡണ്ട്, കനേഡിയൻ മലയാളി അസോസിയേഷൻ രക്ഷാധികാരി, ഫോമാ കാനഡ റീജിയണൽ വൈസ് പ്രസിഡണ്ട് തുടങ്ങിയ നിരവധി നിലകളിൽ മലയാളികളുടെ ഇടയിൽ അറിയപ്പെടുന്ന വ്യക്തിയാണ് ഡോ. തോമസ്.

കൊളംബസ് സെന്റ് മേരീസ് സീറോ മലബാർ മിഷനിൽ വാർഷിക ധ്യാനം 16,17 തീയതികളിൽ

ഒഹായോ: കൊളംബസ് സെൻറ് മേരീസ് സീറോ മലബാർ കത്തോലിക്കാ മിഷനിൽ പ്രീസ്റ്റ് ഇൻ ചാർജ്, ഫാദർ നിബി കണ്ണായിയുടെ നേതൃത്വത്തിൽ ബ്രദർ സന്തോഷ് കരുമത്ര നയിക്കുന്ന വാർഷിക ധ്യാനം 16, 17 തീയതികളിൽ നടക്കും.

ധ്യാനത്തിൽ പങ്കെടുത്തു ദൈവവചനത്താലും, വിശുദ്ധ കൂദാശകളാലും പരിശുദ്ധാത്മാവിന്റെ അഭിഷേകം നിറയുവാനായി ഏവരെയും ക്ഷണിക്കുന്നു.

കൊളംബസിൽ നിന്നും പി.ആർ.ഒ ബബിത ഡിലിൻ അറിയിച്ചതാണിത്.

പ്രവാസി പ്രശ്നങ്ങൾ ഇന്ത്യൻ കോൺസുലേറ്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് സംഘടനാ നേതാക്കളോട് ന്യൂയോർക്ക് കോൺസുൽ ജനറൽ

– മാത്യുക്കുട്ടി ഈശോ

ന്യൂയോർക്ക്: ഇന്ത്യൻ കോൺസുലേറ്റുമായി ബന്ധപ്പെട്ട പ്രവാസി ഇന്ത്യക്കാരുടെ പ്രശ്നങ്ങളുംകോൺസുലേറ്റ് ഇടപെടേണ്ടതായ ആവശ്യങ്ങളും കോൺസുലേറ്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ സംഘടനാ നേതാക്കൾ മുൻകൈ എടുത്ത് പ്രവർത്തിക്കണമെന്ന് ന്യൂയോർക്ക് ഇന്ത്യൻ കോൺസുലേറ്റിൽ പുതുതായി ചുമതലയേറ്റ കോൺസുൽ ജനറൽ ബിനയ ശ്രീകാന്ത പ്രധാൻ മലയാളി സംഘടനാ നേതാക്കളോട് പറഞ്ഞു.

കോൺസുൽ ജനറലിനെ സന്ദർശിച്ച മലയാളി സംഘടനാ നേതാക്കളായ അജിത് എബ്രഹാം, ബിജു ചാക്കോ, മാത്യുക്കുട്ടി ഈശോ, സിബി ഡേവിഡ്, രാജു എബ്രഹാം എന്നിവരുമായി നടത്തിയ സംഭാഷണത്തിലാണ് ഇക്കാര്യം പറഞ്ഞത്.

ടാൻസാനിയയിൽ ഇന്ത്യൻ ഹൈ കമ്മീഷണർ ആയി 2021 മുതൽ 2024 ജനുവരി ആദ്യവാരം വരെ പ്രവർത്തിച്ചതിനുശേഷം ന്യൂയോർക്കിൽ കോൺസുൽ ജനറലായി ചുമതല ഏറ്റെടുക്കുകയായിരുന്നു ഇദ്ദേഹം.

ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഇൻ അമേരിക്ക (ഫോമ)യുടെ സിവിക് ആന്റ് പൊളിറ്റിക്കൽ ഫോറം നാഷണൽ ചെയർമാനും നാസാ യൂണിവേഴ്സിറ്റി മെഡിക്കൽ സെന്റർ ഡയറക്ടർ ബോർഡ് അംഗവുമായ അജിത് കൊച്ചൂസിന്റെ നേതൃത്വത്തിലാണ് കൂടിക്കാഴ്ച നടന്നത്. വേൾഡ് മലയാളീ കൗൺസിൽ (ഡബ്ല്യു എം.സി) ന്യൂയോർക്ക് പ്രൊവിൻസ് പ്രസിഡന്റും ഇന്ത്യൻ അമേരിക്കൻ മലയാളി അസോസിയേഷൻ ഓഫ് ലോങ്ങ് ഐലൻഡ് സെക്രട്ടറിയുമായ ബിജു ചാക്കോ, വേൾഡ് മലയാളി കൗൺസിൽ ഓ.സി.ഐ. ഫോറം (ഡബ്ല്യു എം.സി ഓ.സി.ഐ ഫോറം) ഗ്ലോബൽ ചെയർമാനും ലോങ്ങ് ഐലൻഡ് മാർത്തോമ്മാ പള്ളി സെക്രട്ടറിയും മാധ്യമ പ്രവർത്തകനുമായ മാത്യുക്കുട്ടി ഈശോ, കേരളാ സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്ക് പ്രസിഡന്റും കലാവേദി ചെയർമാനുമായ സിബി ഡേവിഡ്, കേരളാ കൾച്ചറൽ അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (കെഎസിഎഎൻഎ) യുടെ മുൻ പ്രസിഡൻറ് രാജു എബ്രഹാം എന്നിവർ ഒരു മണിക്കൂറിലധികം വിവിധ വിഷയങ്ങൾ കോൺസുൽ ജനറലുമായി സംവദിച്ചു.

ഇന്ത്യൻ കോൺസുലേറ്റിൽ വിവിധ ആവശ്യങ്ങൾക്കായി വരുന്നവരുടെ സേവനങ്ങൾ ഏറ്റവും സൗഹാർദ്ദപരമായും കൃത്യതയോടെയും സമയപരിധിക്കുള്ളിൽ ചെയ്തു നൽകുന്നതിന് ഉതകുന്ന രീതിയിൽ കോൺസുലേറ്റ് ഉദ്യോഗസ്ഥരെ രൂപപ്പെടുത്തിയെടുക്കുന്നതിനാണ് താൻ മുൻതൂക്കം നൽകുന്നത് എന്ന് അദ്ദേഹം പറഞ്ഞു. ഈ കോൺസുലേറ്റിന്റെ പരിധിയിൽ ഏകദേശം 25 ലക്ഷത്തോളം ഇന്ത്യക്കാർ ഉണ്ടെങ്കിലും, അഞ്ചു ലക്ഷത്തിൽ താഴെ മാത്രമേ ഓ.സി.ഐ കാർഡ് ഉള്ളവരായി നിലവിലുള്ളൂ. അമേരിക്കൻ പൗരത്വം സ്വീകരിച്ച കൂടുതൽ പേരെ ഓ.സി.ഐ. കാർഡുകൾ എടുക്കുന്നതിന് സംഘടനാ നേതാക്കൾ എന്ന നിലയിൽ പ്രോത്സാഹിപ്പിക്കണം എന്നും അതിനായി അമേരിക്കൻ ഇന്ത്യാക്കാരെ ബോധവൽക്കരിക്കുന്നതിന് സംഘടനാ നേതാക്കൾ വിവിധ ഇടങ്ങളിൽ ഓ.സി.ഐ.ക്യാമ്പുകൾ ക്രമീകരിച്ചാൽ അതിനായി കോൺസുലേറ്റ് ഉദ്യോഗസ്ഥരെ അയക്കാമെന്നും അദ്ദേഹം ഉറപ്പു നൽകി.

ഗാർഹിക പീഠനം അനുഭവിക്കുന്നവരെ സംബന്ധിച്ചും അമേരിക്കയിൽ വച്ച് മരണപ്പെടുന്ന ഇന്ത്യക്കാരുടെ മൃതശരീരം നാട്ടിൽ എത്തിക്കുന്നതിനെക്കുറിച്ചും അജിത് കൊച്ചൂസ് പറഞ്ഞപ്പോൾ അങ്ങനെയുള്ളവരുടെ വിവരങ്ങൾ സംഘടനാ നേതാക്കളായ നിങ്ങൾ കോൺസുലേറ്റിൽ അറിയിച്ചാൽ അതിനുള്ള നടപടികൾ കാലതാമസം വരാതെ ചെയ്തു കൊടുക്കുവാൻ കഴിവതും ശ്രമിക്കാം എന്ന് സി.ജി. പറഞ്ഞു. മൃതശരീരം നാട്ടിലേക്ക് കൊണ്ടുപോകുന്നതിന് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെ സാമ്പത്തികമായി സഹായിക്കുന്നതിനും ഒരു പരിധി വരെ കോൺസുലേറ്റിന് സാധിക്കും എന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യൻ പാസ്സ്പോർട്ട് ഉള്ളവരുടെ ഭൗതിക ശരീരം നാട്ടിലേക്ക് കൊണ്ടുപോകുന്നതിനാണ് അധികം കാല താമസം ഇല്ലാതെ പേപ്പർവർക്ക് ചെയ്യുവാൻ സാധിക്കുന്നത്. അമേരിക്കൻ പൗരത്വം സ്വീകരിച്ചവരുടെ കാര്യത്തിൽ അതിനു കുറച്ചുകൂടി കാലതാമസം നേരിടാറുണ്ട്. ഗാർഹിക പീഡനം അനുഭവിക്കുന്നവർക്ക് നിയമ സഹായം നൽകുന്നതിന് കുറെ അറ്റോർണിമാരുടെ പാനൽ കോൺസുലേറ്റ് സൂക്ഷിക്കുന്നുണ്ടെന്നും ആവശ്യമനുസരിച്ച് അവർക്ക് താരതമ്യേന വളരെ കുറഞ്ഞ നിരക്കിൽ നിയമോപദേശവും സഹായവും ലഭിക്കുന്നതിന് കോൺസുലേറ്റ് സൗകര്യങ്ങൾ ചെയ്ത് കൊടുക്കുന്നതുമാണ്. കോൺസുലേറ്റിൽ വിവിധ ആവശ്യങ്ങൾക്കായി അപേക്ഷ സമർപ്പിക്കുമ്പോൾ മൂന്നു ഡോളർ വീതം കൺസ്യൂമർ വെൽഫെയർ ഫണ്ടിലേക്ക് സ്വരൂപിക്കുന്ന തുകയിൽ നിന്നുമാണ് ഇത്തരം ആവശ്യങ്ങൾക്ക് സാമ്പത്തികം കണ്ടെത്തുന്നത്.

പഠനാർത്ഥം അമേരിക്കൻ യൂണിവേഴ്സിറ്റികളിൽ വരുന്ന വിദ്യാർഥികളുമായി സമ്പർക്കം പുലർത്തുന്ന കാര്യത്തിൽ സംഘടനാ നേതാക്കൾ അൽപ്പം കൂടി കൂടുതൽ താൽപ്പര്യവും ജാഗ്രതയും പുലർത്തണമെന്ന് കോൺസുൽ ജനറൽ അഭിപ്രായപ്പെട്ടു. നാട്ടിൽ നിന്നും വരുന്ന പല കുട്ടികളും മയക്കു മരുന്നിന് അടിമപ്പെടുന്നതായി ശ്രദ്ധയിൽപ്പെടുന്നുണ്ട് എന്ന് അദ്ദേഹം ആശങ്ക പങ്കു വച്ചു. വിദ്യാർഥീ സമൂഹം കോൺസുലേറ്റുമായി ബന്ധപ്പെടുവാനും കോൺസുലേറ്റിൽ നടക്കുന്ന വിവിധ പരിപാടികളിൽ അവരെ പങ്കെടുപ്പിക്കുവാനും നേതാക്കൾ ശ്രദ്ധിക്കണം. അവർക്കൊക്കെ എന്തെങ്കിലും ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നെങ്കിൽ അത് കോൺസുലേറ്റിന്റെ ശ്രദ്ധയിൽ ഉടൻ കൊണ്ടുവരണമെന്നും അദ്ദേഹം അഭ്യർഥിച്ചു. ഒരുമണിക്കൂറിലധികമായ കൂടിക്കാഴ്ചക്ക് ശേഷം എല്ലാവരുമൊത്ത് ഫോട്ടോയ്ക്ക് പോസ്റ്റ് ചെയ്തതിനു ശേഷമാണ് കോൺസുൽ ജനറൽ സംഘടനാ നേതാക്കളെ കോൺസുലേറ്റിൽ നിന്നും യാത്രയാക്കിയത്.

കൊളംബസ് സെന്റ് മേരീസ് സീറോ മലബാർ കത്തോലിക്കാ മിഷനിൽ വിശുദ്ധ ചാവറയച്ചന്റെ തിരുനാൾ ആഘോഷിച്ചു

ഒഹായോ: വിശുദ്ധ ചാവറയച്ചന്റെ തിരുനാൾകൊളംബസ് സെന്റ് മേരീസ് സീറോ മലബാർ കത്തോലിക്കാ മിഷനിൽ ആഘോഷിച്ചു. വിശുദ്ധ ചാവറയച്ചന്റെ രൂപം വഹിച്ചുള്ള പ്രദക്ഷിണത്തിനു ശേഷം മിഷൻ ഡയറക്ടർ റവ.ഫാ.ഡോ. നിബി കണ്ണായി തിരുനാൾ കുർബാന അർപ്പിച്ചു. കുർബാനയ്ക്കു ശേഷം നൊവേനയും ലദീഞ്ഞും നടന്നു.

തുടർന്ന്, പൊതുയോഗവും സെയിന്റ് ചാവറാ വാർഡ് അംഗങ്ങളുടെ കലാപരിപാടികളും നടന്നു. റവ.ഫാ.ഡോ.നിബി കണ്ണായി, ട്രസ്റ്റിമാരായ ദിപു പോൾ, ജിൻസൺ സാനി, ചാവറ വാർഡ് പ്രസിഡണ്ട് ചെറിയാൻ മാത്യു എന്നിവർ ചടങ്ങിൽ മുഖ്യ അതിഥികൾ ആയിരുന്നു. കുട്ടികൾ അവതരിപ്പിച്ച ചാവറയച്ചന്റെ ജീവചരിത്രം ആസ്പദമാക്കിയുള്ള സ്കിറ്റ് പ്രോഗ്രാം ഏറെ ആസ്വാദ്യകരവും വിജ്ഞാനപ്രദവുമായിരുന്നു. അതിനു ശേഷം, സെയിന്റ് ചാവറ യൂണിറ്റ് ഒരുക്കി സ്നേഹവിരുന്നിൽ മിഷൻ കൂട്ടായ്മയിലെ എല്ലാവരും പങ്കെടുത്തു.

കൊളംബസിൽ നിന്നും പി.ആർ.ഒ ബബിത ഡിലിൻ അറിയിച്ചതാണിത്.

ഡാലസ് കേരള അസോസിയേഷൻ സംഘടിപ്പിച്ച ലോക വനിതാ ദിനാഘോഷം ആകർഷകമായി

– പി പി ചെറിയാൻ

ഡാളസ്: ഡാലസ് കേരള അസോസിയേഷൻ ലോക വനിതാ ദിനാഘോഷം ആഘോഷിച്ചു.

8 വെള്ളിയാഴ്ച വൈകിട്ട് പ്രാർത്ഥനയോടെ യോഗ നടപടികൾ ആരംഭിച്ചു. അസോസിയേഷൻ ആർട്ട് ഡയറക്ടർ ജെയ്സി ജോർജ് സ്വാഗതം പറഞ്ഞു. അസോസിയേഷൻ പ്രസിഡന്റ് പ്രദീപ് നാഗനൂലിൽ ഉദ്ഘാടനം ചെയ്തു.

ജാൻസി റാണി, മാർഗ്രെറ്റ് താച്ചർ, ഇന്ദിര ഗാന്ധി തുടങ്ങിയ വനിതകൾ ലോകചരിത്രത്തിൽ തങ്ക ലിപികളിൽ എഴുതിച്ചേർത്ത ധീരതയുടെ പര്യായങ്ങൾ ആയിരുന്നുവെന്നു അവരിൽ നിന്നും ആവേശം ഉൾക്കൊണ്ട് പ്രവർത്തനനിരതരാകുവാൻ സ്ത്രീകൾ മുന്നോട്ടു വരണമെന്ന് പ്രസിഡന്റ് അഭ്യർത്ഥിച്ചു. ഇന്ത്യൻ പ്രധാനമന്ത്രി പദം ഏറ്റെടുക്കണമെന്നു രണ്ടു തവണ ആവശ്യപ്പെട്ടിട്ടും ഏറ്റെടുക്കാതെ രാജ്യത്തിന് വേണ്ടി സ്വയം സമർപ്പിച്ച വനിതയാണ് സോണിയാഗാന്ധിയെന്നും, അവരുടെ മാതൃക എല്ലാ വനിതകൾക്കും അനുകരണനീയമാണെന്നും നാഗനൂലിൽ പറഞ്ഞു. ലോക വനിതാ ദിനത്തിൽ എല്ലാ സഹോദരിമാർക്കും അമ്മമാർക്കും ആശംസകൾ അറിയിച്ചു അദ്ദേഹം തന്റെ പ്രസംഗം ഉപസംഹരിച്ചു.

ഉഷാ നായർ വനിതാദിന കവിത ആലപിച്ചു. സ്ത്രീശാക്തീകരണം എന്ന വിഷയത്തെ ആസ്പദമാക്കി ഡോ.റീന തോമസ് മുഖ്യ പ്രഭാക്ഷണവും സ്ത്രീകളുടെ ആരോഗ്യവും ക്ഷേമവും എന്ന വിഷയത്തെ കുറിച്ച് ലിഫി ചെറിയാൻ പ്രഭാഷണവും നടത്തി.

ഡാളസ് ഫോർത്ത്‌വർത്തു മെട്രോപ്ലെക്സിൽ നിന്നും കോരിച്ചൊരിയുന്ന മഴയെപോലും അവഗണിച്ചു എത്തിച്ചേർന്ന നാൽപ്പതിൽപരം ബോൾഡ് ആൻഡ് ബ്യൂട്ടിഫുൾ ലേഡീസ് അണിനിരന്ന ഫാഷൻ ഷോ തിങ്ങി നിറഞ്ഞ കാണികളുടെ മനംകവർന്നു. അസോസിയേഷൻ സെക്രട്ടറി മൻജിത് കൈനിക്കര നന്ദി പറഞ്ഞു.

മുൻ പ്രസിഡന്റ് ബോബൻ കൊടുവത്ത്, ഇന്ത്യൻ കൾച്ചറൽ ആൻഡ് എഡ്യൂക്കേഷൻ സെന്റർ പ്രസിഡന്റ് ഷിജു എബ്രഹാം, ഡയറക്ടർമാരായ സിജു വി ജോർജ്, രാജൻ ഐസക്, പീറ്റർ നെറ്റോ എന്നിവരും പരിപാടിയിൽ പങ്കെടുത്തു.

ഫാമിലി ആന്റ് യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ സെന്റ് തെക്സ ഓർത്തഡോക്സ് ഇടവകയിൽ

– ഉമ്മൻ കാപ്പിൽ

ന്യൂയോർക്ക്: നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആന്റ് യൂത്ത് കോൺഫറൻസിന്റെ രജിസ്ട്രേഷൻ നടപടികൾ സെന്റ് തെക്സ ഓർത്തഡോക്സ് ഇടവകയിൽ മാർച്ച് 3ഞായറാഴ്ച ആരംഭിച്ചു. ഫാമിലി ആന്റ് യൂത്ത് കോൺഫറൻസിനെ പ്രതിനിധീകരിച്ച് ഒരു ടീം ഇടവക സന്ദർശിച്ചു.

ദീപ്തി മാത്യു (കോൺഫറൻസ് സുവനീർ എഡിറ്റർ), ഷോൺ എബ്രഹാം (ജോയിന്റ് ട്രഷറർ), ജോഷിൻ എബ്രഹാം, ബിപിൻ മാത്യു (കോൺഫറൻസ് കമ്മിറ്റി അംഗങ്ങൾ) എന്നിവരായിരുന്നു സന്ദർശന സംഘത്തിൽ. വിശുദ്ധ കുർബാനയ്ക്കു ശേഷം ഫാ.ഗീവർഗീസ് കോശി (വികാരി) കോൺഫറൻസ് ടീമിനെ പരിചയപ്പെടുത്തുകയും സ്വാഗതം ആശംസിക്കുകയും ചെയ്തു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന്റെ ഏറ്റവും വലിയ ആധ്യാത്മിക സമ്മേളനമായ കോൺഫറൻസിനെക്കുറിച്ചുള്ള പൊതുവായ വിവരങ്ങൾ സംഘം നൽകി. നോർത്ത് ഈസ്റ്റ് അമേരിക്കയിലെയും കാനഡയിലെയും വിവിധ ഇടവകകളിൽ നിന്നുള്ള അംഗങ്ങൾ ഈ നാല് ദിവസത്തെ സമ്മേളനത്തിൽ പങ്കെടുക്കും. കോൺഫറൻസിന്റെ സ്മരണാർത്ഥം പ്രസിദ്ധീകരിക്കുന്ന സുവനീറിനെ കുറിച്ച് കോൺഫറൻസ് ടീം സംസാരിച്ചു. കോൺഫറൻസിനുവേണ്ടിയുള്ള ധനസമാഹരണത്തിന്റെ ഭാഗമായ സ്പോൺസർഷിപ്പ് ഓപ്ഷനുകൾ, റാഫിൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങളും അവർ പങ്കിട്ടു. ഒരു ആത്മീയ അനുഭവത്തിനും മഹത്തായ ഓർമ്മകൾക്കുമായി കോൺഫറൻസിൽ പങ്കെടുക്കാൻ കോൺഫറൻസ് ടീം എല്ലാവരേയും പ്രോത്സാഹിപ്പിച്ചു.

നിരവധി ഇടവക അംഗങ്ങൾ സമ്മേളനത്തിന് പിന്തുണ വാഗ്ദാനം ചെയ്തു. ഷെൽവിൻ വർഗീസ്, ജീസ സ്കറിയ, വിബു വർഗീസ്, ജീന വർഗീസ്, ഡീക്കൻ അലക്സാണ്ടർ ഹാച്ചർ, ലോർന നൈനാൻ, സൂസൻ ഹാച്ചർ, ജെയിം തോമസ്, വി.ജെ.ജോസ് എന്നിവരാണ് പിന്തുണവാഗ്ദാനം അറിയിച്ചത്.

2024 ജൂലൈ 10 മുതൽ 13 വരെ പെൻസിൽവേനിയ ലങ്കാസ്റ്ററിലെ വിൻഡം റിസോർട്ടിലാണ് സമ്മേളനം നടക്കുന്നത്. സൺഡേ സ്കൂൾ ഡയറക്ടർ ജനറലും പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി വികാരിയുമായ ഫാ.ഡോ.വർഗീസ് വർഗീസ് (മീനടം) മുഖ്യപ്രഭാഷണം നടത്തും. ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ ഫാ.സെറാഫിം മജ്മുദാറും, സൗത്ത് വെസ്റ്റ് ഭദ്രാസന വൈദികൻ ഫാ. ജോയൽ മാത്യുവും യുവജന സെഷനുകൾക്ക് നേതൃത്വം നൽകും. ദൈവിക ആരോഹണത്തിന്റെ ഗോവണിഎന്ന വിഷയത്തെപ്പറ്റി ഭൂമിയിലുള്ള കാര്യങ്ങളിലല്ല, മുകളിലുള്ള കാര്യങ്ങളിൽ നിങ്ങളുടെ മനസ്സ് സ്ഥാപിക്കുക(കൊലൊസ്യർ 3:2) എന്ന വചനത്തെ ആസ്പദമാക്കിയാണ് കോൺഫറൻസിന്റെ ചിന്താവിഷയം. ബൈബിൾ, വിശ്വാസം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക്

ഫാ. അബു പീറ്റർ, കോൺഫറൻസ് കോർഡിനേറ്റർ (914 806 4595), ചെറിയാൻ പെരുമാൾ, കോൺഫറൻസ് സെക്രട്ടറി (516 439 9087)

വിശുദ്ധ ചാവറയച്ചന്റെ തിരുനാൾ കൊളംബസ് സെന്റ് മേരീസ് സീറോ മലബാർ കത്തോലിക്കാ മിഷനിൽ ആഘോഷിച്ചപ്പോൾ.

ഡാലസ് കേരള അസോസിയേഷൻ ലോക വനിതാ ദിനാഘോഷത്തിൽ നിന്നും

ഡോ. കലാമണ്ഡലം ജോണിന്റെ ലൈവ് കഥകളി പെർഫോമൻസ് 31 വരെ

– മാത്യുക്കുട്ടി ഈശോ

ന്യൂയോർക്ക്: മലയാളികളുടെ പൈതൃക കലാരൂപമായ കഥകളിക്ക് ന്യൂയോർക്കിലും അംഗീകാരം. മലയാളികൾക്ക് അഭിമാനിക്കാവുന്ന സുവർണ്ണ നിമിഷങ്ങളാണ് 15 മുതൽ 31 വരെയുള്ള രണ്ടാഴ്ചക്കാലം പത്ത് കഥകളി അവതരണത്തിലൂടെ ന്യൂയോർക്കിലെ ബ്രോഡ്‌വേ ഷോയ്ക്ക് തത്തുല്യമായി തിയേറ്റർ ഫോർ ദി ന്യൂ സിറ്റി തിയേറ്ററിൽ അരങ്ങേറുന്നത്. ലൈവ് പെർഫോമൻസ് ആർട്ട് ഗണത്തിൽപ്പെടുത്തി കഥകളി എന്ന കലാരൂപം ബൈബിളിൽ പ്രതിപാദിക്കുന്ന മോശയുടെ കാലത്ത് ജീവിച്ചിരുന്ന ഈജിപ്ഷ്യൻ രാജാവ് ഫറവോന്റെ ജീവിതവുമായി കോർത്തിണക്കി അവതരിപ്പിക്കുന്ന മനോഹരമായ പ്രകടനമാണ് ഡോ. കലാമണ്ഡലം ജോൺ കാഴ്ചവെക്കുന്നത്.

തിയേറ്റർ പ്രകടനങ്ങളുടെ കലാകാരനായ യഹൂദ വംശജൻ മിഷാ ഷൽമാൻ എന്ന ആർട്ടിസ്റ്റാണ് പ്രസ്തുത കാലാവതരണത്തിന്റെ തിരക്കഥാകൃത്ത്. കഥകളി അവതരണത്തിൽ വേഷം കെട്ടി മുദ്രകൾ അവതരിപ്പിക്കുന്ന കലാകാരൻ പിന്നണിയിൽ പാടുന്ന ഗാന ശകലത്തിന് അനുശ്രുതമായി നൃത്തച്ചുവടുകൾ വയ്ക്കുന്ന അതേ രൂപത്തിലാണ് മിഷാ ഷൽമാൻ ഇംഗ്ലീഷിൽ പിന്നണിയിൽ നിന്ന് കഥയുടെ സംഭാഷണം പറയുമ്പോൾ ജോൺ കഥകളി നൃത്തച്ചുവടുകൾ വയ്ക്കുന്നത്.

2008ൽ കേരളത്തിലെ മുഴിക്കുളം സന്ദർശിക്കുവാനിടയായ മിഷാ ഷൽമാൻ ഏകദേശം പതിനഞ്ചു ദിവസത്തോളം അവിടെ താമസിച്ച് സംസ്കൃത ഭാഷയിൽ ചിട്ടപ്പെടുത്തിയ പദ്യശകലങ്ങളുടെ അകമ്പടിയോടെ അവതരിപ്പിക്കപ്പെട്ട കൂടിയാട്ടവും കഥകളിയും കാണുവാനിടയായി. സാധാരണ കഥകളി അവതരണത്തിൽ രാമായണത്തിലെയോ മഹാഭാരതത്തിലെയോ കഥകളെ ആസ്പദമാക്കിയാണ് പദ്യം ചിട്ടപ്പെടുത്തുന്നത്. കഥകളിയിൽ അവതരിപ്പിക്കപ്പെട്ട രാമായണത്തിലെ വില്ലൻ കഥാപാത്രമായ രാവണൻ സീതാദേവിയെ തട്ടിക്കൊണ്ടുപോകുന്ന കഥ മനസ്സിലാക്കുവാൻ സാധിച്ച മിഷയ്ക്ക് രാവണൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവവുമായിബൈബിളിലെ മോശയുടെ കാലത്തെ ഫറവോൻ ചക്രവർത്തിയുടെ സ്വഭാവത്തിന് സാമ്യം തോന്നി. അന്ന് മുതൽ ഫറവോൻ രാജാവിന്റെ കഥ കൂടിയാട്ടം കലാരൂപത്തിൽ സ്റ്റേജിൽ അവതരിപ്പിക്കണം എന്ന ആശയം മിഷായുടെ മനസ്സിൽ കടന്നുകൂടി. പിന്നീട് 2020 മാർച്ചിൽ ഈ കലാരൂപം ന്യൂയോർക്ക് തിയേറ്ററിൽ അവതരിപ്പിക്കുന്നതിനുള്ള എല്ലാ പദ്ധതിയും തയ്യാറായെങ്കിലും കോവിഡ് മഹാമാരി മൂലം ആ പദ്ധതി അന്ന് ഉപേക്ഷിക്കേണ്ടി വന്നു. പിന്നീട് ഈ കലാരൂപം കൂടിയാട്ടം കലാകാരനെ കേരളത്തിൽ നിന്നും വരുത്തി സ്റ്റേജിൽ അവതരിപ്പിക്കുവാനുള്ള പദ്ധതി ആലോചിച്ചു. അതിനായി കേരളത്തിലെ കലാമണ്ഡലത്തിൽ നിന്നും ഒരു കലാകാരനെ ലഭിക്കുന്നതിനുള്ള ശ്രമം നടത്തിയപ്പോഴാണ് കഥകളി ആചാര്യനായ ഡോ. കലാമണ്ഡലം ജോൺ ന്യൂയോർക്ക് ലോങ്ങ് ഐലൻഡിൽ ഉണ്ട് എന്ന് മനസ്സിലാക്കുന്നതും ഡോ.ജോണുമായി ബന്ധപ്പെടുന്നതും.

തൃശൂർ ചെറുതുരുത്തിയിൽ കലാതരംഗിണി കഥകളി സ്കൂളിന്റെ ഡയറക്ടർ ആയ ഡോ.കലാമണ്ഡലം ജോൺ കഴിഞ്ഞ അര നൂറ്റാണ്ടായി ലോകത്തിന്റെ വിവിധ സ്ഥലങ്ങളിലായി നിറഞ്ഞ സദസ്സിലെ അരങ്ങുകളിൽ കഥകളി അവതരിപ്പിക്കുന്ന കലാകാരനാണ്. ക്രിസ്ത്യൻ സമുദായത്തിൽ നിന്നും കഥകളി നടനായി ആദ്യമായി വേഷം കെട്ടുന്ന കലാകാരനാണ് ഡോ.ജോൺ. കഴിഞ്ഞ മൂന്നു നാല് വർഷമായി ലോങ്ങ് ഐലൻഡിലെ ഹിക്സ്വില്ലിൽ താമസക്കാരനായ ജോൺ കേരളത്തിലെ സ്കൂൾ യൂണിവേഴ്സിറ്റി കലോത്സവങ്ങളുടെ കഥകളി മത്സരത്തിന്റെ വിധികർത്താക്കളിൽ ഒരാളാണ്. കുച്ചുപ്പുടി മോഹിനിയാട്ടം കലാകാരിയായ മേരി ജോൺ സഹധർമ്മിണിയാണ്. 'പച്ച കുത്ത്' എന്നറിയപ്പെടുന്ന കഥകളി മേക്കപ്പ് നടത്തുന്ന ലോകത്തിലെ തന്നെ ഏക മലയാളി വനിതയാണ് മേരി ജോൺ. ഏകദേശം നാല് മണിക്കൂറോളം സമയമാണ് കഥകളി മേക്കപ്പ് ചെയ്യുന്നതിന് വേണ്ടിവരുന്നത്.

കഥകളി ഒരുക്ഷേത്ര കലയാണെങ്കിലും ന്യൂയോർക്ക് തിയേറ്ററിൽ അരങ്ങേറുന്ന കലാരൂപം ബൈബിളിലെ കഥാപാത്രത്തെ ആസ്പദമാക്കിയാണ് അരങ്ങേറുന്നത്. ഒരുപക്ഷെ ലോകത്തിൽ തന്നെ ആദ്യമായിട്ടായിരിക്കും ഇത്തരമൊരു പരീക്ഷണം ഈ കലയിൽ രൂപപ്പെടുത്തുന്നത്.

15, 16, 17 (വെള്ളി, ശനി, ഞായർ), 21, 23, 24 (വ്യാഴം, ശനി, ഞായർ), 28, 29, 30, 31 (വ്യാഴം, വെള്ളി, ശനി, ഞായർ) എന്നീ പത്ത് ദിവസങ്ങളിലാണ് 'ഫറവോൻ' തിയേറ്റർ ഷോ അരങ്ങേറുന്നത്. വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ വൈകിട്ട് 8 മണിക്കും ഞായറാഴ്ചകളിൽ വൈകിട്ട് 3നുമാണ് ➥

സി.എസ്.ഐ യൂത്ത് ആൻഡ് ഫാമിലി കോൺഫറൻസ് കിക്കോഫ് നടത്തി

ന്യൂയോർക്ക്: 34-ാമത് സി.എസ്.ഐ. യൂത്ത് ആൻഡ് ഫാമിലി കോൺഫറൻസ് കിക്കോഫ് ചടങ്ങ് ന്യൂയോർക്കിലെ വിൽസ്റ്റൺ പാർക്കിലെ സി.എസ്.ഐ. ജൂബിലി മെമ്മോറിയൽ ചർച്ചിൽ നടന്നു. കോശി ജോർജ് ആദ്യ റജിസ്ട്രേഷൻ സി.എസ്.ഐ ഡയസ്പോറ ഡയോസിസിന്റെ നോർത്ത് അമേരിക്കയുടെ ചുമതലയുള്ള മോഡറേറ്റർ റൈറ്റ് റവ. ഡോ. റൂബൻ മാർക്ക് ബിഷപ്പിനു കൈമാറി.

സി.എസ്. ഐ. സിനഡ് ട്രഷറർ പ്രൊഫ. ഡോ.വിമൽ സുകുമാർ സന്നിഹിതൻ ആയിരുന്നു. റവ.സാം എൻ ജോഷ, റവ. ജോജി ഫിലിപ്പ്, സി.എസ്.ഐ. ഡയസ്പോറ ഡയോസിസ് അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറി മാത്യു ജോഷ, ഫിനാൻസ് അഡ്മിനിസ്ട്രേറ്റർ ഡാനിയേൽ ചെറിയാൻ, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അംഗം ജേക്കബ് കെ ജേക്കബ് എന്നിവരും കിക്കോഫ് യോഗത്തിൽ പങ്കെടുത്തു.

34-ാമത് സിഎസ്ഐ യൂത്ത് ആൻഡ് ഫാമിലി കോൺഫറൻസ് കിക്കോഫ് ചടങ്ങ് ന്യൂയോർക്കിലെ ആൽബനിയിലുള്ള സിഎസ്ഐ ഹോളി ട്രിനിറ്റി ചർച്ചിലും നടന്നു. വൈസ് പ്രസിഡന്റ് ജോർജ് ഡേവിഡ് ആദ്യ റെജിസ്ട്രേഷൻ ഇമ്മാനുവേൽ സി. എസ്.ഐ. കോൺഗ്രിഗേഷൻ ഓഫ് അറ്റലാന്റയുടെ ഇടവക വികാരി റവ.ജോജി ഫിലിപ്പിന് കൈമാറി. സി. എസ്.ഐ.ഡയസ്പോറ ഡയോസിസ് നോർത്ത് അമേരിക്കയുടെ പ്രയർ കോർഡിനേറ്റർ ദീപു വർഗീസും, ട്രഷറർ തോമസ് കെ. ജോസഫും, ചർച്ച് ബോർഡ് ഓഫ് ട്രസ്റ്റീസ് മെമ്പേഴ്സും കിക്കോഫ് മീറ്റിങ്ങിൽ പങ്കെടുത്തു.

അമേരിക്കൻ മലങ്കര അതിഭദ്രാസന യൂത്ത് ആന്റ് ഫാമിലി കോൺഫറൻസ് ഒരുക്കങ്ങൾ പുരോഗമിക്കുന്നു

– ജോർജ് കറുത്തേടത്ത്

അമേരിക്കൻ മലങ്കര അതിഭദ്രാസന 35-ാമത് യൂത്ത് ആന്റ് ഫാമിലി കോൺഫറൻസ് 2024 ജൂലൈ മാസം 17 മുതൽ 20 ശനി വരെ അമേരിക്കൻ കോൺഫറൻസ് റിസോർട്ട് സ്പാ ആന്റ് വാട്ടർപാർക്ക് നയഗ്രാ ഫോൾസ്, ഓന്റാരിയോ, കാനഡയിൽ വച്ച് നടത്തുന്നതിനുള്ള ഒരുക്കങ്ങൾ ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ യൽദൊ മോർ തീത്തോസ് മെത്രാപ്പോലീത്തായുടെ മേൽ നോട്ടത്തിലും, കൗൺസിൽ അംഗങ്ങളുടെ നേതൃത്വത്തിലും പുരോഗമിച്ചു വരുന്നു.

വിശ്വാസികളുടെ ആത്മീയ പ്രവർത്തനങ്ങൾക്ക് പ്രചോദനമേകുക, സഭാവിശ്വാസാചാരാനുഷ്ഠാനങ്ങൾ വരും തലമുറക്ക് പകർന്നു കൊടുക്കുന്നതിനും പഠിപ്പിക്കുന്നതിനുമുള്ള വേദിയൊരുക്കുക, സഭാംഗങ്ങൾക്കിടയിലെ സഹവർത്തിത്വവും പരസ്പര സഹകരണവും മെച്ചപ്പെടുത്തുക എന്നിങ്ങനെയുള്ള വിവിധങ്ങളായ ലക്ഷ്യങ്ങളെ മുൻനിർത്തി നടത്തപ്പെടുന്ന ഈ കുടുംബസംഗമത്തിന്, കാനഡയിലും അമേരിക്കയിലുമുള്ള വിവിധ ദേവാലയങ്ങളിൽ നിന്നുമായി നൂറുകണക്കിന് വിശ്വാസികൾ പങ്കു ചേരും.

ലോകാത്ഭുതങ്ങളിൽ ഒന്നായ നയാഗ്രാ ഫോൾസിന്റെ സമീപത്തു പ്രകൃതി മനോഹരവും, ശാന്തസുന്ദരവുമായ പശ്ചാത്തലം ആരുടെയും ശ്രദ്ധ ആകർഷിക്കുന്ന കെട്ടിട സമുച്ചയം എല്ലാറ്റിലുമുപരി തികഞ്ഞ ആത്മീയ അന്തരീക്ഷം നിറഞ്ഞുനിൽക്കുന്ന വിശാലമായ കോമ്പൗണ്ടും പരിസരവും, തുടങ്ങി ഒരു കുടുംബമേളക്ക് അനുയോജ്യമായ വിവിധ ഘടകങ്ങളാൽ സമ്പന്നമാണ് ഈ വർഷത്തെ ഫെസിലിറ്റി എന്ന് അഭിവന്ദ്യ ഗീവർഗീസ് മോർ കുറിലോസ് മെത്രാപ്പോലീത്താ പറഞ്ഞു.

റവ.ഫാ.ഡോ.ജെറി ജേക്കബ് (ഭദ്രാസന സെക്രട്ടറി), ജനറൽ കൺവീനറും, ജോജി കാവനാൽ (ഭദ്രാസന ട്രഷറർ), ജോയിന്റ് കൺവീനറും ഭദ്രാസന കൗൺസിൽ അംഗങ്ങൾ, വിവിധ സബ് കമ്മറ്റി കോർഡിനേറ്റർമാരുമായിട്ടുള്ള വിപുലമായ കമ്മറ്റികൾ പ്രവർത്തിച്ചുവരുന്നു.

കോൺഫറൻസിന്റെ ആദ്യദിനമായ 17-ാം തീയതി (ബുധൻ) ഉച്ചക്കുശേഷം വിവിധ ദേവാലയങ്ങളെ പ്രതിനിധീകരിച്ചുള്ള പള്ളി പ്രതിപുരുഷയോഗം മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ നടക്കും.

മലങ്കര സുറിയാനി സഭയുടെ നിരണം ഭദ്രാസനത്തിന്റെ മുൻ മെത്രാപ്പോലീത്തായും കേരള കൗൺസിൽ ഓഫ് ചർച്ച് പ്രസിഡന്റ്, വേൾഡ് കൗൺസിൽ ഓഫ് ചർച്ചസ് മോഡറേറ്റർ തുടങ്ങിയ വിവിധ മേഖലകളിലെ പ്രശംസനീയമായ പ്രവർത്തനങ്ങളിലൂടെ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള മഹത്വ്യക്തി എന്നനിലയിലും, അനേകം പ്രസിദ്ധീകരണങ്ങളുടെ രചയിതാവ് എന്ന നിലയിലും പ്രസിദ്ധനായ അഭിവന്ദ്യ ഗീവർഗീസ് മോർ കുറിലോസ് മെത്രാപ്പോലീത്താ മുഖ്യ പ്രഭാഷകനായിരിക്കും.

ഈ വർഷം സണ്ടേസ്ക്കൂൾ 10-ാം ക്ലാസ്സ് പരീക്ഷയിൽ ഡിസ്റ്റിൻക്ഷൻ കരസ്ഥമാക്കിയ വിദ്യാർത്ഥികളേയും ആദരിക്കുന്നതിനുള്ള വേദി ഒരുക്കിയിട്ടുണ്ട്.

പങ്കെടുക്കുന്നവരുടെ രജിസ്ട്രേഷൻ കഴിവതും വേഗം പൂർത്തീകരിക്കണമെന്ന് റവ. ഫാ.ഡോ. ജെറി ജേക്കബ് (ജനറൽ കൺവീനർ) ജോജി കാവനാൽ(ജോയിന്റ് കൺവീനർ) എന്നിവർ അറിയിച്ചു.

അമേരിക്കൻ മലങ്കര അതിഭദ്രാസന പി.ആർ.ഓ. കറുത്തേടത്ത് ജോർജ് അറിയിച്ചതാണിത്.

ഫൊക്കാനയുടെ ഇലക്ഷൻ കമ്മീഷണർ ആയി ഫിലിപ്പോസ് ഫിലിപ്പ്

– ശ്രീകുമാർ ഉണ്ണിത്താൻ

നൃ്യൂ യോർക്ക്: അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫൊക്കാനയുടെ ഇലക്ഷൻ കമ്മീഷണർ ആയി മുൻ സെക്രട്ടറിയും, ട്രസ്റ്റീ ബോർഡ് ചെയർമാനും ആയിരുന്ന ഫിലിപ്പോസ് ഫിലിപ്പ്, ഇലക്ഷൻ കമ്മിറ്റി മെംബേർസ് ആയി മുൻ ഫൊക്കാന പ്രസിഡന്റും, ട്രസ്റ്റീ ബോർഡ് ചെയർമാനും ആയിരുന്ന ജോർജി വർഗീസ്, ട്രസ്റ്റീ ബോർഡ് മെംബർ ജോജി തോമസ് എന്നിവരെ തെരഞ്ഞെടുത്തതായി ട്രസ്റ്റീ ബോർഡ് ചെയർമാൻ സജി പോത്തൻ അറിയിച്ചു.

മുൻ സെക്രട്ടറിയും, ട്രസ്റ്റീ ബോർഡ് ചെയർമാൻ, കൺവെൻഷൻ ചെയർ തുടങ്ങി മൂന്നു പതിറ്റാണ്ടിലേറെ പ്രതിസന്ധികളിൽ സംഘടനയോടൊപ്പം നിന്ന് സംഘടനയുടെ ഉയർച്ചയിൽ ഭാഗഭാക്കായി നിന്ന ചരിത്രമാണ് ഫിലിപ്പോസ് ഫിലിപ്പിനുള്ളത്. ഫൊക്കാനയുമായുള്ള കേസുകൾ അദ്ദേഹം ട്രസ്റ്റീ ബോർഡ് ചെയർമാൻ ആയിരുന്നപ്പോൾ ഏറ്റെടുക്കുകയും ആ കേസുകൾ എല്ലാം വിജയിപ്പിക്കുന്നതിലും അദ്ദേഹത്തിന്റെ കഴിവ് പ്രശംസനീയമാണ്. പല കേസുകളും പഠിച്ചു അതിന് വേണ്ടുന്ന നിർദ്ദേശങ്ങൾ വക്കിലന്മാർക്ക് നൽകുന്നതിലും അദ്ദേഹത്തിന്റെ പ്രവർത്തനം കുറ്റമറ്റതായിരുന്നു. പല കേസുകളും വിജയിക്കാൻ സാധിച്ചത് അദ്ദേഹത്തിന്റെ അവസരോചിതമായ ഇടപെടലുകളും അമേരിക്കൻ നിയമത്തിലുള്ള അറിവും കൊണ്ട് മാത്രമാണ്.

കേരളത്തിൽ നിന്നും എഞ്ചിനീയറിംഗ് ബിരുദവും നൃ്യൂയോർക്ക് പോളിടെക്ക് യൂണിവേഴ്സിറ്റിയിൽ നിന്നും ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ ബിരുദാനന്തര ബിരുദവും നേടിയിട്ടുള്ള ഫിലിപ്പോസ് ഫിലിപ്പ് നൃ്യൂയോർക്കിലെ റോക്ക്ലാൻഡിൽ കുടുംബസമേതം താമസിക്കുന്നു.

ഇലക്ഷൻ കമ്മിറ്റി മെംബേർ ആയി തെരഞ്ഞടുക്കപ്പെട്ട മുൻ ഫൊക്കാന പ്രസിഡന്റും, ട്രസ്റ്റീ ബോർഡ് ചെയർമാനും ആയിരുന്ന ജോർജി വർഗീസ് നേരത്തെ ഫൊക്കാനയുടെ ഇലക്ഷൻ കമ്മീറ്റി ചെയർമാൻ ആയി പ്രവർത്തിച്ച വ്യക്തിയാണ്. അദ്ദേഹം ഫോക്കാനാ പ്രസിഡന്റ് ആയിരുന്ന സമയത്താണ് സംഘടനയുടെ പ്രവർത്തനം അടിമുടി മാറ്റുകയും ഫൊക്കാനയെ ജനകീയമാക്കുകയും, ചരിത്രപരമായ ഫൊക്കാന ഫ്ലോറിഡ കൺവെൻഷന്റെ ചുക്കാൻ പിടിക്കുകയും ചെയ്തു. ഫൊക്കാനയിൽ വിവിധ സ്ഥാനങ്ങൾ വഹിച്ചിട്ടുള്ള അദ്ദേഹം അമേരിക്കയിലെയും കാനഡയിലെയും മിക്ക അസോസിയേഷനുകളുമായി നേരിട്ടു ബന്ധം പുലർത്തുന്ന വ്യക്തിയാണ്.

ഇലക്ഷൻ കമ്മിറ്റി മെംബർ ആയി തെരെഞ്ഞെടുത്ത ജോജി തോമസ്, ട്രസ്റ്റി ബോർഡ് അംഗമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വ്യക്തിയാണ്. ഫൊക്കാനയുടെ നാഷണൽ കമ്മിറ്റി മെംബർ, അഡിഷണൽ അസോസിയേറ്റ് സെക്രട്ടറി തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള ജോജി കാനഡയിൽ നിന്നുള്ള ഫൊക്കാനയുടെ ഏറ്റവും ശക്തനായ യുവ നേതാവാണ്. കാനഡയിൽ അറിയപ്പെടുന്ന വ്യവസായിയും പ്രമുഖ സാമൂഹിക പ്രവർത്തകനുമായ ജോജി തോമസ് അമേരിക്കയിലെയും കാനഡയിലെയും ഫൊക്കാന അംഗസംഘടനകൾക്ക് സുപരിചിതനാണ്.

കാനഡ ലണ്ടൻ ഒന്റാരിയോ മലയാളി അസോസിയേഷന്റെ (ലോമ) മുൻ പ്രസിഡണ്ട് ആയ ജോജി തോമസ് വണ്ടന്മാക്കിയിൽ ഒന്റാരിയോ ലണ്ടൻ മലയാളികളുടെ ഇടയിൽ അറിയപ്പെടുന്ന സാമുദായിക കാരുണ്യ പ്രവർത്തകൻ കൂടിയാണ്. കാനഡയിൽ രണ്ടു ബിസിനസ് സ്ഥാപനങ്ങളുടെ ഉടമയാണ് ജോജി തോമസ്. റിയൽ തോംസൻ ഫുഡ്സ് എന്ന സ്നാക്സ് മാനുഫാച്ചറിംഗ് കമ്പനിയും ലണ്ടൻ ഒന്റാറിയോയിൽ മിന്റ് ലീവ്സ് ഇന്ത്യൻ കിച്ചൻ എന്ന പേരിൽ ഒരു റെസ്റ്റോറന്റും നടത്തുന്നുണ്ട്.

കുറ്റമറ്റ രീതിയിൽ തെരഞ്ഞെടുപ്പ് നടത്തുക എന്ന ജോലിയാണ് കമ്മീഷനുള്ളത്.

ഡോ. കലാമണ്ഡലം ജോണിന്റെ ലൈവ്

ഷോ നടക്കുന്നത്. മലയാളിയായ ഈ കലാകാരന് ന്യൂയോർക്ക് സിറ്റിയിലെ തിയേറ്ററിൽ ലഭിക്കുന്ന ഈ അംഗീകാരത്തിൽ നമുക്കേവർക്കും അഭിമാനിക്കാം. കഴിയുന്നിടത്തോളം കലാസ്നേഹികൾ പ്രസ്തുത പ്രകടനം കണ്ട് ആസ്വദിക്കണമെന്നും മലയാളിയുടെ പൈതൃക കലാരൂപത്തെ ന്യൂയോർക്ക് സിറ്റിയിൽ അവതരിപ്പിക്കുവാൻ ലഭിച്ച അവസരത്തെ പ്രോത്സാഹിപ്പിക്കണമെന്നും താല്പര്യപ്പെടുന്നു.

ഷോയുടെ ടിക്കറ്റ് നിരക്ക് ഒരാൾക്ക് പതിനെട്ട് ഡോളറാണ്. ചുരുങ്ങിയ സീറ്റിങ് കപ്പാസിറ്റിയുള്ള തിയേറ്ററിൽ ടിക്കറ്റ് മുൻകൂട്ടി ഓൺലൈനായി ബുക്ക് ചെയ്യുവാനുള്ള സൗകര്യമുണ്ട്.

www.theaterforthenewcity.net

കേരളാ അസോസിയേഷൻ ഓഫ് നാഷ്വിൽ വിമെൻസ് ഫോറത്തിന് പ്രൗഢ ഗംഭീരമായ തുടക്കം

നാഷിൽ: കേരളാ അസോസിയേഷൻ ഓഫ് നാഷ്വിലിന്റെ (കെ.എ.എൻ) ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര വനിതാദിനമായ 8ന് കെ.എ.എൻ വിമെൻസ് ഫോറം ഉദ്ഘാടനം ചെയ്തു.

സ്ത്രീകൾക്ക് മാത്രമായി ഒരു കൂട്ടായ്മ എന്നത് വെറും തമാശയായി മാത്രം ചിത്രീകരിക്കപ്പെട്ടിരുന്ന ഒരു കാലഘട്ടത്തിൽ നിന്നും സ്ത്രീകളുടെ സന്തോഷവും ഒത്തുകൂടലും അവരുടെ ജീവിതത്തിന്റെ ഭാഗമാണെന്നു തിരിച്ചറിയപ്പെടുന്ന ഒരു കാലത്തിലേക്ക് വന്ന മാറ്റം നല്ലതാണെന്നും, ഓരോ ഘട്ടത്തിലും ശക്തമായ പിന്തുണയുമായി വിമെൻസ് ഫോറം ഉണ്ടാകുമെന്നും ഫോറം ചെയർ സുമ ശിവപ്രസാദ് ആമുഖ പ്രസംഗത്തിൽ പറഞ്ഞു.

പതിനഞ്ചാം വാർഷികം ആഘോഷിക്കുന്ന സംഘടനയുടെ ആദ്യത്തെ കമ്മിറ്റിയിൽ ഉണ്ടായിരുന്ന സ്ത്രീകളെ പ്രതിനിധീകരിച്ചു കൊണ്ട് ഡോ. ലതാ ജോർജും ഇന്ദിരാ മോഹനും ഉദ്ഘാടനം നിർവഹിച്ചു.

സമൂഹത്തിൽ ആയാലും കുടുംബത്തിൽ ആയാലും സ്ത്രീകൾക്ക് പഴയകാലത്തുണ്ടായിരുന്നതിനേക്കാൾ മികച്ച പിന്തുണ ലഭിച്ചു തുടങ്ങിയത് വളരെ നല്ല ഒരു മാറ്റമായി തന്നെ കാണുന്നു എന്ന് മുഖ്യതിഥിയായി വന്ന ഡോ.ലതാ ജോർജ് അഭിപ്രായപ്പെട്ടു.

സിനിമ താരവും നർത്തകിയുമായ ദിവ്യ ഉണ്ണി വീഡിയോസന്ദേശത്തിലൂടെ വിമെൻസ് ഫോറത്തിന്റെ ഉദ്ഘാടനത്തിന് ആശംസകൾ പറഞ്ഞു. സ്ത്രീകളുടെ കൂട്ടായ്മ എന്നതിനപ്പുറം പുതിയ കാര്യങ്ങൾ പഠിക്കുന്നതിനും അത് പോലെ തന്നെ സാമൂഹിക സാംസ്കാരിക കാര്യങ്ങളിലുള്ള ആശയസംവാദങ്ങൾക്കും ഇത് ഒരു വേദിയാകട്ടെ എന്നും ദിവ്യ ഉണ്ണി അഭിപ്രായപ്പെട്ടു. വിമെൻസ് ഫോറം ചെയർ സുമ ശിവപ്രസാദിനെയും ടീം അംഗങ്ങളായ മോനവിനു, നിനു സാജൻ, പ്രസീദാ രാജു, സൂര്യ സിബി എന്നിവരെ പ്രത്യേകമായി അനുമോദിക്കുകയും ചെയ്തു.

മുൻ പ്രസിഡന്റ് അശോകൻ വട്ടക്കാട്ടിൽ, ജനറൽ സെക്രട്ടറി സുശീല സോമരാജൻ, ജോയിന്റ് സെക്രട്ടറി അനിൽ പത്യാരി, ട്രഷറർ അനന്ത ലക്ഷ്മണൻ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ സുജിത് പിള്ള, മനീഷ് രവികുമാർ, ജോമി ജോസ് എന്നിവരും സംബന്ധിച്ചു. യൂത്ത് ഫോറം ചെയർ ഷാഹിന കോഴിശ്ശേരിൽ നന്ദി പറഞ്ഞു.

ഫൊക്കാനയുടെ സന്തത സഹചാരി സോമോൻ സക്കറിയ നാഷണൽ കമ്മിറ്റിയിലേക്ക് മത്സരിക്കുന്നു

– ശ്രീകുമാർ ഉണ്ണിത്താൻ

നൃ്യൂയോർക്ക്: സജിമോൻ നേതൃത്വം നൽകുന്ന ഡ്രീം ടീമിന്റെ ഭാഗമായി ഫൊക്കാനയുടെ 2024-2026 ഭരണസമിതിയിൽ നാഷണൽ കമ്മിറ്റിയിലേക്ക് സോമോൻ സക്കറിയ കൊണ്ടൂരാൻ മത്സരിക്കുന്നു. കനേഡിയൻ മലയാളീ അസോസിയേഷന്റെ വൈസ് പ്രസിഡന്റ് കൂടിയാണ് അദ്ദേഹം.

പ്രമുഖ സാമൂഹിക പ്രവർത്തകനും കനേഡിയൻ മലയാളികളുടെ പ്രിയങ്കരനുമായ സോമോൻ ഒരു മികച്ച സംഘാടകനും സാംസ്കാരിക മേഖലകളിലും ബിസിനസ് രംഗത്തും തിളങ്ങി നിൽക്കുന്ന വ്യക്തിയാണ്. സംഘടനകൾക്കതീതമായി കാനഡയിലെ മലയാളികൾക്കിടയിൽ വ്യക്തി പ്രഭ ചൊരിഞ്ഞിട്ടുള്ള സോമോൻ മുഖംനോക്കാതെ മറ്റുള്ളവർക്ക് എന്ത് സഹായം ചെയ്യാനും ഓടിയെത്തുന്ന വ്യക്തിയാണ്. വളരെ കുറച്ചു സമയംകൊണ്ട് കനേഡിയൻ മലയാളീ അസോസിയേഷനെ കാനഡയിലെ തന്നെ മികച്ച ഒരു അസോസിയേഷൻ ആക്കിമാറ്റാൻ കഴിഞ്ഞത് സോമോൻ സക്കറിയയുടെ ശ്രമഫലമാണ്. ഫൊക്കാനയുടെ റീജണൽ വൈസ് പ്രസിഡന്റ് ആയിരുന്ന സോമോൻ ഫൊക്കാനയുടെ വിവിധ കൺവെൻഷനുകളുടെ നടത്തിപ്പിനായി രൂപീകരിക്കപ്പെട്ട പല കമ്മിറ്റികളിലും അംഗവുമായിരുന്നു. ഒരു ചാരിറ്റി പ്രവർത്തകൻ കൂടിയായ അദ്ദേഹം കാനഡ അമേരിക്കൻ മലയാളി സമൂഹത്തിൽ ഏവർക്കും സുപരിചിതനാണ്.

കൊണ്ടൂരാൻ ട്രക്കിങ്ങ് കമ്പനി ഉടമയായ സോമോൻ മലയാളീ ട്രക്കേഴ്സ് അസോസിയേഷൻ പ്രസിഡന്റ് കൂടെയാണ്. നാഷണൽ ഫെഡറേഷൻ ഓഫ് കാനേഡിയൻ മലയാളി അസോസിയേഷന്റെ ട്രഷറും ആയിരുന്നു. ടൊറന്റോ സെയിന്റ് ഇഗ്നാത്തിയോസ് ക്നാനായ പള്ളിയിലെ കമ്മിറ്റി മെമ്പർ ആയും പ്രവർത്തിക്കുന്നു. കാനഡയിലെ ഒന്റാരിയോ ലണ്ടനിൽ താമസിക്കുന്ന സോമോൻ കാനഡയിൽ കുടിയേറും മുൻപ് സിംഗപ്പൂരിലായിരുന്നു. ഭാര്യ: ആശ സോമോൻ. മക്കൾ: ജാക്ക്, ഡോൺ, ഈഡൻ, ബ്രാഡ്ലി, മിഗേൽ.

സെക്രട്ടറി ആയി മത്സരിക്കുന്ന ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ആയി മത്സരിക്കുന്ന ജോയി ചക്കപ്പൻ, എക്സി. പ്രസിഡന്റ് സ്ഥാനാർഥി പ്രവീൺ തോമസ്, വൈസ് പ്രസിഡന്റ് സ്ഥാനാർഥി വിപിൻ രാജു, ജോയിന്റ് സെക്രട്ടറി സ്ഥാനാർഥി മനോജ് ഇടമന, ജോയിന്റ് ട്രഷറർ ജോൺ കല്ലോലിക്കൽ, അഡിഷണൽ ജോയിന്റ് സെക്രട്ടറി അപ്പുക്കുട്ടൻ പിള്ള, അഡിഷണൽ ജോയിന്റ് ട്രഷറർ മില്ലി ഫിലിപ്പ്, വിമൻസ് ഫോറം ചെയർപേഴ്സൺ സ്ഥാനാർഥി രേവതി പിള്ള, നാഷണൽ കമ്മിറ്റി മെംബേഴ്സ് ആയ സോണി അമ്പൂക്കൻ, രാജീവ് കുമാരൻ, അഡ്വ.ലതാ മേനോൻ, ഷിബു എബ്രഹാം സാമുവേൽ, ഗ്രേസ് ജോ സഫ്, അരുൺ ചാക്കോ, മരി ഫിലിപ്പ്, മേരിക്കുട്ടി മൈക്കിൾ, മനോജ് മാത്യു, ഡോ. ഷൈനി രാജു, സ്റ്റാൻലി ഇത്തൂണിക്കൽ, മത്തായി ചാക്കോ, സിജു സെബാസ്റ്റ്യൻ, ജോർജി വർഗീസ്, സുദീപ് നായർ, സോമൻ സക്കറിയ, ബ്ലെസൺ മാത്യു, ജീമോൻ വർഗീസ്, ജെയിൻ തെരേസ, ഹണി ജോസഫ്, റീജിയണൽ വൈസ് പ്രസിഡന്റ് ആയി മത്സരിക്കുന്ന ബെൻ പോൾ, ലിൻഡോ ജോളി, കോശി കുരുവിള, ഷാജി സാമുവേൽ, ധീരജ് പ്രസാദ്, ജോസി കാരക്കാട്, ലാജി തോമസ്, ആന്റോ വർക്കി, ട്രസ്റ്റീ ബോർഡിലേക്ക് മത്സരിക്കുന്ന സതീശൻ നായർ, ബിജു ജോൺ എന്നിവർ സോമോൻ സക്കറിയക്ക് വിജയാശംസകൾ നേർന്നു.

സണ്ണി കല്ലൂപ്പാറ ഫോമാ വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥി

– എ.എസ് ശ്രീകുമാർ

ന്യൂയോർക്ക്: കലാസാംസ്കാരിക സാമൂഹിക രംഗങ്ങളിൽ സമാനതകളില്ലാത്ത അംഗീകാരങ്ങൾ കരസ്ഥമാക്കിയ സണ്ണി കല്ലൂപ്പാറ എന്ന സണ്ണി നൈനാൻ ഫോമാ 2024-26 ഭരണ സമിതിയുടെ വൈസ് പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് മത്സരിക്കുന്നു.

ഫോമാ നാഷണൽ കമ്മിറ്റി അംഗമായി രണ്ടുവട്ടം പ്രവർത്തിച്ചിട്ടുള്ള ഇദ്ദേഹം തന്റെ നിസ്തുലമായ സംഘാടന മികവിന്റെ സുതാര്യതയോടെയാണ് ഇപ്പോൾ ജനവിധി തേടുന്നത്. പ്രസിഡന്റ് സ്ഥാനാർത്ഥിയായി മൽസരിക്കുന്ന പ്രമുഖ സംഘാടകൻ തോമസ് ടി ഉമ്മൻ, സണ്ണി കല്ലൂപ്പാറയുടെ സ്ഥാനാർത്ഥിത്വം ഫോമായുടെ പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാവുമെന്ന് അറിയിച്ചു.

സിനിമനാടകസീരിയൽ നടനും രചയിതാവും മാധ്യമ പ്രവർത്തകനുമെന്ന നിലയിൽ ബഹുമുഖ വ്യക്തിത്വത്തിനുടമയായ സണ്ണി കല്ലൂപ്പാറയുടെ ജനപക്ഷമുഖമാണ്, 1984ൽ അമേരിക്കയിലെത്തിയ ഇദ്ദേഹം വിവിധ മേഖലകളിലെ പ്രവർത്തനങ്ങളിലൂടെ ശ്രദ്ധേയനാണ്. ഫോമായുടെ ഇതുവരെയുള്ള മിക്കവാറും കൺവൻഷനുകളുടെ മൂന്നും നാലും കമ്മിറ്റികളിൽ സജീവമായി പ്രവർത്തിച്ച വ്യക്തിയാണ്.

സ്കൂൾ, കോളേജ്, ഇന്റർ കോളേജ് നാടക മത്സരങ്ങളിൽ മികച്ച നടനുള്ള പുരസ്കാരം നേടിയിട്ടുണ്ട്. അഖില കേരള ബാലജനസഖ്യം കലാ പ്രതിഭ പട്ടം അലങ്കരിച്ചിട്ടുണ്ട്. അമേരിക്കയിൽ എത്തിയ ശേഷം കലാസാംസ്കാരിക സാമൂഹികസംഘടനാ തലങ്ങളിൽ സജീവമായ സണ്ണി കല്ലൂപ്പാറ മലയാളി അസോസിയേഷൻ ഓഫ് റോക്ക്ലാൻഡ് കൗണ്ടിയുടെ (മാർക്) പ്രസിഡന്റായി. നിലവിൽ സംഘടനയുടെ വൈസ് പ്രസിഡന്റാണ്.

ചിക്കാഗോ കൺവൻഷനിൽ നാടക മത്സരത്തിന്റെ ചെയർ പേഴ്സൺ ഉൾപ്പെടെ നാല് കമ്മറ്റികളിൽ പ്രവർത്തിച്ചു. ഫിലാഡൽഫിയ കൺവൻഷനിലെ കോ ഓഡിനേറ്ററായും പ്രവർത്തിച്ചു. ഫോമാ ഷിക്കാഗോ കൺവൻഷൻ ബെസ്റ്റ് കപ്പിൾ മത്സരത്തിന്റെ ജഡ്ജായിരുന്നു. ഫ്ളോറിഡാ കൺവൻഷനിലെ നാടക മത്സരത്തിൽ മികച്ച നടനുള്ള പുരസ്കാരം നേടിയിട്ടുണ്ട്. ആരും പറയാത്ത കഥ എന്ന നാടകത്തിലെ അഭിനയ മികവിനായിരുന്നു ഈ അംഗീകാരം.

സണ്ണി കല്ലൂപ്പാറ ഫോമാ നാഷണൽ കമ്മറ്റിയിലേക്ക് ഏറ്റവും കൂടുതൽ വോട്ടുകൾ നേടി തിരഞ്ഞെടുക്കപ്പെട്ട വ്യക്തിയാണ്. ന്യൂയോർക്ക് സെന്റ് തോമസ് മാർത്തോമ്മാ ചർച്ച് (യോങ്കേഴ്സ്) യുവജന സഖ്യം സെക്രട്ടറിയായും സംഘടനയുടെ വൈസ് പ്രസിഡന്റ്, നോർത്ത് ഈസ്റ്റ് റീജണൽ സെക്രട്ടറി, ഭദ്രാസന അസംബ്ലി മെമ്പർ, നോർത്ത് അമേരിക്ക ഭദ്രാസന യുവജനസഖ്യം ആദ്യ ട്രഷറർ എന്നീ നിലകളിലും പ്രവർത്തിച്ചിരുന്നു. സഭയുടെ നോർത്ത് അമേരിക്ക യൂറോപ്പ് അസംബ്ലി അംഗമാണ്.

ന്യൂയോർക്കിലെ ക്രോമലോയിയിൽ ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ടറായി ജോലി ചെയ്യുന്ന സണ്ണി കല്ലൂപ്പാറ തന്റെ ഔദ്യോഗിക തിരക്കുകൾക്കിടയിലും അപ്പൂപ്പന് 100 വയസ്, നന്മകൾ പൂക്കും കാലം, പ്രവാസി തുടങ്ങി 200ൽ അധികം വേദികൾ പിന്നിട്ട ഇരുപതിലധികം പ്രൊഫഷണൽ നാടകങ്ങളിലും അഭിനയിച്ചുവരുന്നു.

പ്രവാസി, അക്കരക്കാഴ്ച, അവർക്കൊപ്പം, ലോക്ക്ഡ് ഇൻ തുടങ്ങിയ സിനിമകളിൽ ശ്രദ്ധേയമായ വേഷങ്ങൾ ചെയ്തു. കൂടാതെ ഏഷ്യാനെറ്റ്, സൂര്യ തുടങ്ങിയ ചാനലുകളിലെ ജനപ്രിയ പരമ്പരകളായ മനസ്സറിയാതെ, വേളാങ്കണ്ണിമാതാവ്, ➥

അമേരിക്കയുടെ പ്രത്യേക കൗൺസിൽ സമ്മേളനം നടന്നു

– ഡാനിയേൽ ചെറിയാൻ

ന്യൂയോർക്ക്: കൗൺസിൽ ഓഫ് സി.എസ്.ഐ കോൺഗ്രിഗേഷൻസ് ഇൻ നോർത്ത് അമേരിക്കയുടെ പ്രത്യേക കൗൺസിൽ സമ്മേളനം 9ന് ശനിയാഴ്ച ന്യൂയോർക്ക് സീഫോർഡ് സി.എസ്.ഐ. ദൈവാലയത്തിൽ നടന്നു.

സി.എസ്.ഐ മോഡറേറ്ററും ഡയസ്പോറ ഡയോസിസ് ബിഷപ്പ് ഇൻ ചാർജുമായ മോസ്റ്റ് റവ.കെ രൂബെൻ മാർക്ക് അധ്യക്ഷത വഹിച്ചു. സിനഡ് ട്രഷറർ പ്രൊഫ. ഡോ.വിമൽ സുകുമാർ ആശംസ പറഞ്ഞു. സി.എസ്. സഭയുടെ അമേരിക്കയിലെയും കാനഡയിലെയും വിവിധ സഭകളിൽ നിന്നുള്ള പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. സഭയുടെ 26-ാമത് മഹായിടവകയായി ഏറ്റവും പുതുതായി രൂപീകരിക്കപ്പെട്ട ഡയസ്പോറ മഹായിടവകയുടെ നോർത്ത് അമേരിക്കയിലെ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും തീരുമാനിച്ചു. കൗൺസിൽ വൈസ് പ്രസിഡന്റ് റവ. സാം എൻ ജോഷ്വ, സെക്രട്ടറി പ്രൊഫ. സക്കറിയാ ഉമ്മൻ, ഡയസ്പോറ ഡയോസിസ് അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി സെക്രട്ടറി മാത്യു ജോഷ്വ, ട്രഷറർ ഡാനിയേൽ ചെറിയാൻ എന്നിവർ നേതൃത്വം നൽകി.

മലങ്കര ഓർത്തഡോക്സ് സഭ ചിക്കാഗോ റീജിയൻ ഫാമിലി കോൺഫറൻസിനു തുടക്കം കുറിച്ചു

– ഏലിയാമ്മ പുന്നൂസ്

ചിക്കാഗോ: മലങ്കര ഓർത്തഡോക്സ് സഭയുടെ ഡയോസിസ് ഓഫ് സൗത്ത് വെസ്റ്റ് അമേരിക്ക മിഡ് വെസ്റ്റ് ചിക്കാഗോ റീജിയൻ ഫാമിലി കോൺഫറൻസിനു തുടക്കം കുറിച്ചു.

മലങ്കര ഓർത്തഡോക്സ് സഭയുടെ സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിനു കീഴിലുള്ള മിഡ് വെസ്റ്റ് ചിക്കാഗോ റീജിയൻ ഫാമിലി കോൺഫറൻസ്, മിഷിഗൺ, സെന്റ് ലൂയിസ്, കൻസാസ് സിറ്റി ഇടവകകളും ചിക്കാഗോയിലുള്ള നാലു ഇടവകകളും ഒന്നിച്ചു ചേർന്ന് 2024 ജൂൺ മാസം 14, 15 തീയതികളിൽ എൽമസ്റ്റ് സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ദൈവാലയത്തിൽ വച്ച് നടത്തപ്പെടുന്നു.

8നു വെള്ളിയാഴ്ച ഭദ്രാസന മെത്രാപ്പോലിത്ത ഡോ.തോമസ് മാർ ഇവാനിയോസ്, സന്ധ്യാ നമസ്കാരത്തോടുകൂടി ആദ്യ റജിസ്ട്രേഷൻ പൂർത്തീകരിച്ച് കോൺഫറൻസിനു തുടക്കം കുറിച്ചു.

കോൺഫറെൻസിന്റെ നടത്തിപ്പിനായി റവ. ഫാ.ജോർജ് റ്റി ഡേവിഡ് കോൺഫറൻസ് കമ്മിറ്റി ചെയർമാനായും, ജിജി കെ സൈമൺ കൺവീനറായും ചിക്കാഗോയിൽ ഉള്ള എല്ലാ വൈദികരുടെയും നേതൃത്വത്തിലും വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു.

കൂടുതൽ വിവരങ്ങൾക്ക് 224 425 6510

മലയാളി അസോസിയേഷൻ ഓഫ് ടാമ്പ വിമൻസ് ഫോറം ഷീ മാറ്റ് അന്താരാഷ്ട്ര വനിതാദിനാഷം

– അനഘ വാരിയർ

ടാമ്പ: അന്താരാഷ്ട്ര വനിതാദിനത്തിനോടനുബന്ധിച്ചു മലയാളീ അസോസിയേഷൻ ഓഫ് ടാമ്പയുടെ വിമൻസ് ഫോറമായ ഷീ മാറ്റ് നടത്തിയ ഹൈ ടീ പ്രൗഢ ഗംഭീരമായി.

വനിതാ ഫോറം ചെയർ അനു ഉല്ലാസ് സ്വാഗതം പറഞ്ഞു. തുടർന്ന് എക്സ്പ്രസ് ടീറും ആണ് പരമ്പരാഗത രീതിയിൽ ഹൈ ടി, ഷീ മാറ്റ് ഒരുക്കിയത്. രമ്യ നോബിൾ, ആശാ മേനോൻ തുടങ്ങിയവർ ഗാനങ്ങൾ ആലപിച്ചു. സിസ്സ ആൻസൺ, അനു ജിതിൻ, ശ്രീന ടെൻസൺ എന്നിവർ നേതൃത്വം നൽകി. അനു ഉല്ലാസ് നന്ദി പറഞ്ഞു. ഫിലിപ്പ് ഡാനിയേൽ ശബ്ദ സംയോജനം നിർവഹിച്ചു. പിക്സൽ റൈഡേഴ്സ് മീഡിയ ഔദ്യോഗികമായി പരിപാടിയുടെ ദൃശ്യങ്ങൾ പകർത്തുകയുമുണ്ടായി.

അനു ഉല്ലാസ് (ചെയർ), മാർഷ കൊരട്ടിയിൽ (സെക്രട്ടറി), റെബേക്ക എബ്രഹാം, ലാലി ചാക്കോ, അനീഷ ജോസഫ്, സുനി ആലുമൂട്ടിൽ, പ്രീത ജോർജ്, ബിജി ജിനോ, രശ്മി മേനോൻ, നിഷ ഫിലിപ്പ്, ഷിബി ഫിലിപ്പ്, അന്ന ഇവിൻ, രജനി മോഹൻ, അനിതാ കണ്ടാരപ്പറമ്പിൽ എന്നിവർ നേതൃത്വം നൽകി. വനിതകൾക്ക് സംഘടിക്കാനും സാമൂഹികമായി അവർ നേരിടുന്ന പ്രശ്നങ്ങളിൽ ഇടപെടാനും, പിന്തുണയേകാനും കെല്പുള്ള ശബ്ദമായി മാറ്റിയെടുക്കുക എന്നതാണ് ലക്ഷ്യം എന്ന് അനു ഉല്ലാസ് പറഞ്ഞു.

കൗൺസിൽ ഓഫ് സി.എസ്.ഐ കോൺഗ്രിഗേഷൻസ് ഇൻ നോർത്ത് അമേരിക്കയുടെ കൗൺസിൽ സമ്മേളനത്തിൽ നിന്നും

വേൾഡ് മലയാളി കൗൺസിൽ ഫ്ളോറിഡ പ്രൈം പ്രോവിൻസിന്റെ നേതൃത്വത്തിൽ ഗോട്ട് യോഗപരിശീലനം

-രാജു മൈലപ്ര

ഫ്ളോറിഡ: വേൾഡ് മലയാളി കൗൺസിൽ ഫ്ളോറിഡ പ്രൈം പ്രോവിൻസ് റീജിയന്റെ ആഭിമുഖ്യത്തിൽ 2024 മാർച്ച് 2ന് ഗിബ്സ്റ്റൺ ടൗണിലുള്ള ഹോഗിൻസ് പ്ലെയിസിൽ വച്ച് ഗോട്ട് യോഗ നടത്തി.

ഡബ്ല്യു.എം.സി ഫ്ളോറിഡ പ്രൈം പ്രോവിൻസ് ചെയർ പേഴ്സൺ കരോളിൻ ബ്ലസൻ സംഘടിപ്പിച്ച ഈ പരിപാടിക്ക് ഫ്ളോറിഡ പ്രൈം പ്രോവിൻസ് പ്രസിഡന്റ് ബ്ലസൻ മണ്ണിൽ നേതൃത്വം നൽകി.

മനസ്സുകൊണ്ടും ശരീരംകൊണ്ടും സജീവമായിരിക്കുവാൻ സഹായിക്കുന്ന യോഗ ശീലങ്ങൾ ഒരാളുടെ ജീവിതത്തിൽ മാനസിക സമ്മർദ്ദങ്ങളെ അതിജീവിക്കുവാൻ ഒരു അളവ് വരെ സഹായകമാകുമെന്ന് സമീപകാല ഗവേഷണങ്ങൾ തെളിയിക്കുന്നുവെന്ന് കരോളിൻ ബ്ലസൻ പ്രസ്താവിച്ചു.

2016ൽ ഒറിഗനിലെ ഒരു കൃഷിയിടത്തിൽ ആരംഭിച്ച ആടുകളോടൊപ്പമുള്ള യോഗയിലെ ഈ നൂതന പരീക്ഷണം, അമേരിക്കയിൽ പ്രത്യേകിച്ച് ഫ്ളോറിഡയിൽ പ്രചാരം നേടി വരുന്നു.

ഇൻസ്ട്രക്ടർ ഷേർളി സള്ളിവൻ നയിച്ച ഈ യോഗ പരിശീലനത്തിൽ ധാരാളം കുട്ടികളും സ്ത്രീകളും പങ്കെടുത്തു. ആട്ടിൻ കുട്ടികളോടൊപ്പമുള്ള ഈ ക്ലാസ് പങ്കെടുത്തവർക്ക് പ്രത്യേകിച്ച് കുട്ടികൾക്ക് ആഹ്ലാദകരമായ ഒരു നവ്യാനുഭവമായി.

റോക്ക്ലാൻഡ് കൗണ്ടി ലെജിസ്ലേറ്റർ ആനി പോൾ മുഖ്യാതിഥിയായി പങ്കെടുത്തു. നിരന്തരമായ പരിശ്രമവും കഠിന പ്രയത്നവും കൊണ്ടാണ് തനിക്ക് ഈ സ്ഥാനലബ്ധി ലഭിച്ചതെന്ന് അവർ പ്രസ്താവിച്ചു. നമ്മുടെ സ്ത്രീകൾ മലയാളി സംഘടനകളിൽ മാത്രം ഒതുങ്ങി നിൽക്കാതെ മുഖ്യധാരയിലേക്ക് കടന്നുവരണം. അതിനുള്ള അനുകൂല സാഹചര്യമാണ് അമേരിക്കയിലുള്ളത്. നമ്മൾ അത് പ്രയോജനപ്പെടുത്തണമെന്ന് ഡോ. ആനി പോൾ കൂട്ടിച്ചേർത്തു.

ബ്ലസൻ മണ്ണിലും കരോളിൻ ടീമും അടങ്ങുന്ന ഡബ്ല്യു.എം.സി പ്രൈം പ്രോവിൻസിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന നിസ്വാർത്ഥ സാമൂഹ്യ പ്രവർത്തനങ്ങൾ അനുകരണീയവും തികച്ചും അഭിനന്ദനാർഹവുമാണെന്ന് ചടങ്ങിൽ പങ്കെടുത്ത പ്രശസ്ത സാഹിത്യകാരൻ രാജു മൈലപ്ര അഭിപ്രായപ്പെട്ടു.

കുട്ടികൾക്കും സ്ത്രീകൾക്കുമായി നടത്തിയ ഈ പരിപാടി ഒരു കുടുംബ സൗഹൃദവേദിയായി മാറിയതിൽ കരോളിൻ ബ്ലസൻ സന്തുഷ്ടി പ്രകടിപ്പിച്ചു. തുടർന്നുള്ള പ്രവർത്തനങ്ങൾക്കും എല്ലാവരുടേയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിച്ചു. ഗോട്ട് യോഗ പരിപാടി ഒരു വൻ വിജയമാക്കാൻ സഹായിച്ച എല്ലാവർക്കും ഡബ്ല്യു.എം.സി ഫ്ളോറിഡ പ്രൈം പ്രോവിൻസ് പ്രസിഡന്റ് ബ്ലസൻ മണ്ണിൽ നന്ദി രേഖപ്പെടുത്തി.

സണ്ണി കല്ലൂപ്പാറ ഫോമാ ....

ഞങ്ങൾ സന്തുഷ്ടരാണ്, കുങ്കുമപ്പൂവ്, അൽഫോൺസാമ്മ, അക്കരക്കാഴ്ച്ച, ഹരിചന്ദനം, ഇത് രുദ്രവീണ, പ്രവാസി, ഗ്രീൻകാർഡ്, ഫെയ്സ് ബുക്ക് ജോപ്പൻ, തുടങ്ങിയ പത്തിൽ അധികം സീരിയലുകളിൽ മികച്ച കഥാപാത്രങ്ങളെ അവതരിപ്പിച്ച് പ്രേക്ഷക പ്രശംസ നേടിയിട്ടുണ്ട്. ലോക്ക്ഡ് ഇൻ ആണ് സണ്ണി ഒടുവിൽ അഭിനയിച്ച മലയാള ചിത്രം.

അമേരിക്കൻ മലയാളികളെ ചിരിപ്പിച്ചും ചിന്തിപ്പിച്ചുമുള്ള ജനപ്രിയ കഥാപാത്രങ്ങളുടെ വേഷപ്പകർച്ചയുമായാണ് സണ്ണി കല്ലൂപ്പാറ ജൈത്രയാത്ര തുടരുന്നത്. പ്രേക്ഷക ഹൃദയങ്ങൾ കീഴടക്കിയ സൂപ്പർ ഹിറ്റ് സീരിയൽ 'ഫെയ്സ്ബുക്ക് ജോപ്പനി'ലെ മുഴുനീള കഥാപാത്രമായ ജോപ്പനും 'നാടൻ വൈബ്സി'ലെ വർക്കിയും 'കപ്പ ആന്റ് ക്രൈയ്സാന്റ്സി'ലെ ചാക്കോയും ശ്രദ്ധേയമായ കഥാപാത്രങ്ങളായി.

അമേരിക്കൻ മലയാളി സമൂഹത്തിലെ മുതിർന്ന സംഘടനാ നേതാവ് തോമസ് ടി ഉമ്മൻ പ്രസിഡന്റ് സ്ഥാനാർഥിയായിട്ടുള്ള പാനലിലാണ് സണ്ണി കല്ലൂപ്പാറ വൈസ് പ്രസിഡന്റായി മത്സരിക്കുന്നത്. സാമുവേൽ മത്തായി (ജനറൽ സെക്രട്ടറി), ബിനൂബ് ശ്രീധരൻ (ട്രഷറർ), ഡോ.പ്രിൻസ് നെച്ചിക്കാട്ട് ഡി.ബി.എ (ജോയിന്റ് സെക്രട്ടറി),അമ്പിളി സജിമോൻ (ജോയിന്റ് ട്രഷറർ) എന്നിവരാണ് മറ്റ് സ്ഥാനാർഥികൾ. പെമോണയിൽ നേഴ്സ് മാനേജരായിരുന്ന ജെസി ആണ് ഭാര്യ. ഇപ്പോൾ റോക്ക്ലാൻഡ് സൈക്യാട്രി സെന്ററിൽ ജോലി ചെയ്യുന്ന ജെസിക്ക് കൊറോണക്കാലത്തെ സേവനങ്ങൾ മാനിച്ച് ന്യൂയോർക്ക് സ്റ്റേറ്റിലെ ഏറ്റവും മികച്ച നേഴ്സിനുള്ള പുരസ്കാരം ലഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളായ ജെയ്സൺ, ജോർഡൻ, ജാസ്മിൻ എന്നിവർ മക്കൾ.

ജി.ഐ.സി. ഗ്ലോബൽ വുമൻ എംപവർമെന്റ് ചെയറിനു ഡാലസിൽ സ്വീകരണം നൽകി

- പി. പി. ചെറിയാൻ

ഡാളസ്: ഗ്ലോബൽ ഇന്ത്യൻ കൗൺസിൽ വുമൺ എംപവർമെന്റ് ചെയറും ഹെലൻ കെല്ലർ അവാർഡ് ജേതാവുമായ ശോശാമ്മ ആൻഡ്രൂസിനുംഗ്ലോബൽ ഇന്ത്യൻ കൗൺസിൽ ന്യൂയോർക്ക് ചാപ്റ്റർ ഗുഡ് വിൽ അംബാസിഡർ ആൻഡ്രൂസ് കുന്നുപറമ്പിലിനും ഡാളസിൽ ഊഷ്മളമായ വരവേൽപ് നൽകി.

ഗ്ലോബൽ ചെയർ പേഴ്സൺ എന്ന നിലക്ക് താൻ നേതൃത്വം നൽകുന്ന 'സെന്റർ ഓഫ് എക്സെൽ ലേൻസ്' നടപ്പിലാക്കുന്ന കാര്യങ്ങൾ ശോശാമ്മ വിശദീകരിച്ചു. ഇന്ത്യയിൽ നല്കാനിരിക്കുന്ന നൂറോളം തയ്യൽ മെഷിനുകൾ സ്ത്രീ എംപവറിന്റെ തുടക്കമാണെന്നും ലോകമെമ്പാടുമുള്ള ഇന്ത്യൻ സ്ത്രീകളെ ബന്ധിപ്പിച്ചുകൊണ്ട് ജനപ്രയോജന പരമായ പ്രൊജെക്ടുകൾ ചെയ്യുമെന്നും ശോശാമ്മ ആൻഡ്രൂസ് പറഞ്ഞു. കേരളത്തിൽ തയ്യൽ മെഷിനുകൾ നൽകുന്ന പരിപാടിക്ക് ഡോക്ടർ ടി പി നാരായണൻകുട്ടി (മുൻ കേരളാ ഫോറസ്റ്റ് ചീഫ്), മറിയാമ്മ ഉമ്മൻ (ഉമ്മൻ ചാണ്ടിയുടെ മകൾ) എന്നിവരാണ് നേതൃത്വം നൽകുന്നത്. അമേരിക്കയിൽ നിന്നും 20 തയ്യൽ മെഷിനുകൾ നൽകാമെന്ന് ഗ്ലോബൽ അസോസിയേറ്റ് ട്രഷറർ ടോം കോലേത് അറിയിച്ചു. സ്പോൺസർ ചെയ്യുവാൻ താല്പര്യം ഉള്ളവർ ഗ്ലോബൽ അസോസിയേറ്റ് ട്രഷറർ ടോം കോലത്തിനെ വിളിക്കാവുന്നതാണ്.

ഗ്ലോബൽ പ്രസിഡന്റ് ഓഫ് ഗ്ലോബൽ ഇന്ത്യൻ കൗൺസിൽ പി.സി മാത്യു, ഗ്ലോബൽ വൈസ് പ്രസിഡന്റ് പ്രൊഫസർ ജോയ് പല്ലാട്ടുമഠം, ഡാളസ് ചാപ്റ്റർ കോഓർഡിനേറ്റർ വർഗീസ് കയ്യാലക്കകം, അയ്പ് സ്കറിയാ, തോമസ് മാത്യു, മേരി തോമസ്, എബ്രഹാം മാത്യു (രാജൻ) മുതലായവർ പങ്കെടുത്തു ആശംസകൾ നേർന്നു.

ചടങ്ങിൽ ഗ്ലോബൽ ഇന്ത്യൻ കൗൺസിൽ ഗ്ലോബൽ പ്രസിഡന്റും ഗാർലാൻഡ് സിറ്റി കൗൺസിൽ സീനിയർ സിറ്റിസൺ ഡിസ്ട്രിക്ട് 3 കമ്മീഷണറും ആയ പി.സി. മാത്യുവിനെ പൊന്നാട അണിയിച്ചു ആദരിച്ചു. വർഗീസ് കയ്യാലക്കകം നന്ദി പറഞ്ഞു.

കൂടുതൽ വിവരങ്ങൾക്ക്

സുധീർ നമ്പ്യാർ (ഗ്ലോബൽ ജനറൽ സെക്രട്ടറി) 732 822 9374

വാഷിംഗ്ടൺ സെൻറ് തോമസ് ഇടവക ഡയമണ്ട് ജൂബിലി നിറവിൽ

മലങ്കര ഓർത്തഡോക്സ് സഭ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിലെ ആദ്യകാല ഇടവകയിൽ ഒന്നായ വാഷിംഗ്ടൺ സെൻറ് തോമസ് ഇടവക ഡയമണ്ട് ജൂബിലിയുടെ നിറവിൽ

- രാജൻ വാഴപ്പള്ളിൽ

വാഷിംഗ്ടൺ ഡി.സി: മലങ്കര ഓർത്തഡോക്സ് സഭ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിലെ ആദ്യകാല ഇടവകയിൽ ഒന്നായ വാഷിംഗ്ടൺ സെൻറ് തോമസ് ഇടവകയുടെ ഡയമണ്ട് ജൂബിലി ഉദ്ഘാടനവും ഇടവകയുടെ മുൻ വികാരിയും സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്തയുമായ തോമസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തയ്ക്ക് സ്വീകരണവും നൽകുന്നു.

ഏപ്രിൽ ഇരുപത്തെട്ടിനു കൂടുന്ന സമ്മേളനത്തിൽ ഒരുവർഷം നീണ്ടു നിൽക്കുന്ന വിവിധ ചാരിറ്റി പ്രവർത്തനത്തിന്റെ ഉത്ഘാടനവും ഡയമണ്ട് ജൂബിലി ലോഗോ പ്രകാശനവും നടത്തപ്പെടുന്നു.

മാർത്തമറിയം സമാജം, മെൻസ് ഫോറം, എം.ജി.ഓ.സി.എസ്.എം, ബാല സമാജം എന്നീ ആൽമീയ സംഘടനകളുടെ ആഭിമുഖ്യത്തിൽ നിരവധി ജീവ കാരുണ്യപ്രവർത്തങ്ങൾ വാഷിംഗ്ടൺ, മേരിലാൻഡ് ഏരിയകളിൽ നടത്തപ്പെടുന്നു. ആദ്യപടിയായി ഭവന രഹിതരായ ഒരു വ്യക്തിക്ക് ജൂബിലിയുടെ പേരിൽ കേരളത്തിൽ ഭവനം നിർമ്മിച്ചു നൽകുന്നു.

ഇടവക വികാരി ഫാ.കെ.ഒ.ചാക്കോയുടെ നേതൃത്വത്തിൽ ട്രസ്റ്റി സൂസൻ തോമസ്, സെക്രട്ടറി ആസ്വിൻ ജോൺ എന്നിവരെ കൂടാതെ ഐസക്ക് ജോൺ ജനറൽ കൺവീനറായും, നിർമ്മല തോമസ് ജോയിൻറ് കൺവീനർ, രാജൻ യോഹന്നാൻ സുവനീർ എഡിറ്റർ, അലക്സ് ജോൺ അസിസ്റ്റന്റ് സുവനീർ എഡിറ്റർ, മത്തായി ചാക്കോ, മറിയ ചാക്കോ, മിനി ജോൺ, രാജൻ വർഗീസ്, ഈപ്പൻ വർഗീസ്, ജോർജ് പി.തോമസ് എന്നിവർ കമ്മിറ്റി അംഗങ്ങളായും പ്രവർത്തനങ്ങൾ ആരംഭിച്ചു.

വെറുപ്പിന്റെ തട്ടകത്തിൽ നിന്നും ജീവിത വിശുദ്ധിയിലേക്കുള്ള അനുഭവമായിരിക്കണം നോമ്പുകാലമെന്ന് ഡോ. വിനോ ജോൺ

– പി.പി ചെറിയാൻ

ഡാളസ്: കാലാകാലങ്ങളായി നോമ്പാനുഷ്ഠാനങ്ങൾ അണുവിട തെറ്റാതെ ആചരിച്ചിട്ടും, അനേകം പെസഹാ പെരുന്നാളുകളും, ഉയിർപ്പു ഞായറാഴ്ചകളും ജീവിതത്തിൽ സംഭവിച്ചിട്ടും വെറുപ്പിന്റെ തട്ടകത്തിൽ നിന്നും ജീവിത വിശുദ്ധിയിൽ വർത്തിച്ചു വരുന്ന അനുഭവമായി മാറിയാൽ മാത്രമേ നോമ്പ് കാലഘട്ടം അർത്ഥവത്തായി തീരുകയുള്ളുവെന്നു ഡോ. വിനോ ജോൺ ഡാനിയേൽ പറഞ്ഞു.

നോർത്ത് അമേരിക്ക മാർത്തോമാ ഭദ്രാസന സുവിശേഷ സേവികാ സംഘം സൗത്ത് വെസ്റ്റ് മേഖല സമ്മേളനം 5 ചൊവ്വാഴ്ച സൂം ഫ്ളാറ്റ്ഫോമിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ മുഖ്യ സന്ദേശം നൽകുകയായിരുന്നു സുവിശേഷ പ്രസംഗികനും,ബൈബിൾ പണ്ഡിതനും ഫിലാഡൽഫിയ, യുഎസ്എ മെഡിക്കൽ ഡയറക്ടറുമായ ഡോ.വിനോ ജോൺ.

ജീവിതത്തിന്റെ ആകമാന സൗഖ്യമാണ് നോമ്പിന്റെ യഥാർത്ഥ ലക്ഷ്യമെന്നും വെറും 51 ദിവസം കൊണ്ട് തീരുന്നതല്ല നോമ്പുകാലം എന്നും അദ്ദേഹം ഓർമിപ്പിച്ചു.

റവ. സോനു വർഗീസിന്റെ പ്രാരംഭ പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ ജൂലി സക്കറിയ സ്വാഗതം പറഞ്ഞു. സൂസന്ന വർഗീസിന്റെ ഗാനം ആലപിച്ചു. ഡാളസ് സെഹിയോൻ മാർത്തോമാ ചർച്ച് വികാരി റവ. ജോബി ജോൺ അധ്യക്ഷത വഹിച്ചു. ക്രിസ്റ്റീന സാം നന്ദി പറഞ്ഞു. റീനി മാത്യൂസ് സമാപന പ്രാർത്ഥനയും റവ.ജോബി ജോൺ ആശീർവാദവും പറഞ്ഞു.

മോഹൻലാൽ ചിത്രം 'എമ്പുരാൻ' അമേരിക്കയിലെ ഷൂട്ടിംഗ് കഴിഞ്ഞു

പൃഥ്വിരാജ് സംവിധാനം ചെയ്യുന്ന മോഹൻലാൽ ചിത്രം എമ്പുരാന്റെ അമേരിക്കയിലെ ഷൂട്ടിംഗ് പൂർത്തിയായി. പന്ത്രണ്ട് ദിവസം നീണ്ട മൂന്നാം ഷെഡ്യൂൾ ആണ് അമേരിക്കയിൽ നടന്നത്.

നുജഴ്സിയിലെ ലീൻ എലിഫന്റ് കമ്പനിയാണ് ആശിർവാദ് സിനിമയും ചെന്നൈയിലെ ലൈക പ്രൊഡക്ഷൻസും സഹകരിച്ച് നിർമ്മിക്കുന്ന സിനിമയുടെ അമേരിക്കയിലെ ഷൂട്ടിംഗ് ഒരുക്കിയത്. ലീൻ എലിഫന്റ് കമ്പനിയുടെ നിർമൽ സഹദേവ് നേരത്തെ പൃഥ്വിരാജ്, നിവിൻ പോളി, ഭാവന എന്നിവർ അഭിനയിച്ച ശ്യാമ പ്രസാദ് ചിത്രം രണത്തിന്റെ സഹ സംവിധായകനായിരുന്നു.

മോഹൻലാൽ, ഇന്ദ്രജിത്ത്, ക്യാമറാമാൻ സുജിത് വാസുദേവ് എന്നിവർക്കൊപ്പം ലൈക പ്രൊഡക്ഷൻസ് പാർട്ണർമാർ സുരേഷ് ബാലാജി, ജോർജ് പയസ് എന്നിവരും 20ഓളം സിനിമ പ്രവർത്തകരും പൃഥ്വിരാജിന്റെ നേതൃത്വത്തിൽ ഇന്ത്യയിൽ നിന്ന് എത്തിയാണ് ഷൂട്ടിംഗ് അമേരിക്കയിൽ നടത്തിയത്.

വിവിധ മലയാളം സിനിമ ഷൂട്ടിംഗ് സ്റ്റേജ് ഷോ പരിപാടികൾ എന്നിവയ്ക്ക് വിസാ പേപ്പർ വർക്ക് ചെയ്തു പരിചയമുള്ള അറ്റോർണിമാർ രാം ചീരത്തും ലാലു ജോസഫ് ടീം തന്നെയാണ് എമ്പുരാന്റെ വിസ പ്രോസസ്സിംഗ് നടത്തിയത്.

യു എസ് ക്ലോക്കുകളിലെ സൂചി ഒരു മണിക്കൂർ മുന്നോട്ട്

– പി.പി ചെറിയാൻ

ഡാലസ്: അമേരിക്കൻ ഐക്യനാടുകളിൽ 10 ഞായർ പുലർച്ചെ 2 മണിക്ക് ക്ലോക്കുകളിലെ സൂചി ഒരു മണിക്കൂർ മുന്നോട്ട്.

7 ഞായർ പുലർച്ചെ 2 മണിക്കായിരുന്നു ക്ലോക്കുകളിലെ സൂചി ഒരു മണിക്കൂർ പുറകോട്ടു തിരിച്ചു വെച്ചിരുന്നത്.

വിന്റർ സീസണിന്റെ അവസാനം ഒരു മണിക്കൂർ മുന്നോട്ടും ഫാൾ സീസണിൽ ഒരു മണിക്കൂർ പുറകോട്ടും തിരിച്ചുവെക്കുന്ന സമയ മാറ്റം ആദ്യമായി നിലവിൽ വന്നതു ഒന്നാം ലോകമഹായുദ്ധ കാലഘട്ടത്തിലായിരുന്നു. സൂര്യപ്രകാശം ധാരാളമായി ലഭിക്കുന്ന സ്പ്രിങ്ങ്, വിന്റർ സീസണുകളിൽ പകലിന്റെ ദൈർഘ്യം വർദ്ധിപ്പിച്ചു. വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനും, ഇതിൽ നിന്നും ലഭിക്കുന്ന മിച്ച വൈദ്യുതി യുദ്ധമേഖലയിൽ പ്രയോജനപ്പെടുത്താനും ലക്ഷ്യമിട്ടാണ് അമേരിക്കയിൽ സമയ മാറ്റം അംഗീകരിച്ചു നടപ്പാക്കി തുടങ്ങിയത്. സ്പ്രിങ്ങ്, ഫോർവേർഡ്, ഫാൾ ബാക്ക് വേർഡ് എന്നിങ്ങനെയാണ് ഇവിടെ സമയമാറ്റം അറിയപ്പെടുന്നത്.

അരിസോണ, ഹവായ്, പുർട്ടൊറിക്കൊ, വെർജിൻ ഐലന്റ് തുടങ്ങിയ സംസ്ഥാനങ്ങളിൽ സമയമാറ്റം ബാധകമല്ല

"To be nobody but
yourself in a world
which is doing its best day and night to make you like
everybody else means to fight the hardest battle
which any human being can fight and never stop fighting."

- E.E. Cummings

കേരള സമാജം ഓഫ് സൗത്ത് ഫ്ലോറിഡ പ്രവർത്തനോദ്ഘാടനം

സൗത്ത് ഫ്ലോറിഡ: അമേരിക്കയിലെ മലയാളി സംഘടനയായ കേരള സമാജം ഓഫ് സൗത്ത് ഫ്ലോറിഡയുടെ 2024 പ്രവർത്തന വർഷത്തിന്റെ ഉദ്ഘാടനം നടന്നു.

കൂപ്പർ സിറ്റി ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ ടെക്സാസ് ഫോർട്ട് ബെൻഡ് കൗണ്ടി ഡിസ്ട്രിക്റ്റ് ജഡ്ജ് സുരേന്ദ്രൻ പാട്ടീൽ ഉദ്ഘാടനം നിർവഹിച്ചു. കേരള സമാജം പ്രസിഡന്റ് ഷിബു ജോസഫ് അധ്യക്ഷത വഹിച്ചു.

ജന്മനാടിന്റെ പൈതൃകവും, സംസ്കാരവും കാത്തു സൂക്ഷിക്കുകയും പുതിയ തലമുറയിലേക്ക് കൈമാറുകയും ചെയ്യുന്ന കേരള സമാജത്തിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹവുമാണെന്ന് ജഡ്ജ് സുരേന്ദ്രൻ പാട്ടീൽ പറഞ്ഞു. കേരള സമാജം നടത്തി വരുന്ന ജീവകാരുണ്യപ്രവർത്തനങ്ങളെയും അനുമോദിച്ചു. സെക്രട്ടറി നിബു പുത്തേത്ത് സ്വാഗതവും, ട്രഷറർ ജെറാൾഡ് പെരേര നന്ദിയും പറഞ്ഞു. സ്നേഹ തോമസും, ജെൻസി മാത്യുവും എം.സി മാരായിരുന്നു.

രഞ്ജന വാരിയർ റിഥം സ്കൂൾ ഓഫ് ഡാൻസ്, ഡോ. രശ്മി സുനിൽ ടെംബിൾ ഓഫ് ഡാൻസ്, കവിത മരിയ ഡേവിസ്, ഏയ്സൽ ബ്രൗൺ, നന്ദന ആന്റ് ആമി, ലിയാനാ പുത്തേത്ത്, ആര്യ നായർ എന്നിവർ കൊറിയോഗ്രാഫി നിർവഹിച്ച നൃത്തനൃത്യങ്ങളും അവതരിപ്പിച്ചു. ജോജോ വാത്യേലിന്റെ നേതൃത്വത്തിൽ അരങ്ങേറിയ കോമഡി സ്കിറ്റും ഹൃദ്യമായി. രാഗവിസ്മയം ലൈവ് മ്യൂസിക് ആസ്വാദ്യകരമായി.

വൈസ് പ്രസിഡന്റ് ജോസ് വെമ്പാല, ജോയിന്റ് സെക്രട്ടറി നോയൽ മാത്യു, ജോയിന്റ് ട്രഷറർ അജി വർഗീസ്, പ്രസിഡൻറ് എലെക്ട് ബിജു ജോൺ, ജോസ് വടാപറമ്പിൽ എക്സ്. ഒഫീഷ്യയോ, കമ്മറ്റി അംഗങ്ങളായ ജിനി ഷൈജു, സുമ ബിജു, അരുൺ പൗവത്തിൽ, ജോബി എബ്രഹാം കൊറ്റത്തിൽ, ജോസ് തോമസ്, മാമൻ പോത്തൻ, മാത്യു കിഴക്കേടം, നിതീഷ് ജോസഫ്, രതീഷ് ഗോവിന്ദ് എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

ഫോമാ 'ടീം യുണൈറ്റഡ്" ഒറ്റക്കെട്ടായി ന്യൂജേഴ്സി ട്വിലൈറ്റ് മീഡിയ ഐ.പി.സി.എൻ.എ.സംഗമം

– മാത്യുക്കുട്ടി ഈശോ

ന്യൂജേഴ്സി: പ്രമുഖ ഫോട്ടോഗ്രാഫറും വിഡിയോഗ്രാഫറുമായ സിജോ പൗലോസും ഇന്ത്യ പ്രസ് ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്കയും (ഐപിസിഎൻഎ) സംയുക്തമായി ന്യൂജേഴ്സിയിൽ സംഘടിപ്പിച്ച മലയാളി സംഗമത്തിൽ ബേബി മണക്കുന്നേലിന്റെ നേതൃത്വത്തിലുള്ള ഫോമാ 'ടീം യുണൈറ്റഡ്' ആറ് അംഗങ്ങളും ഒറ്റക്കെട്ടായി നിന്ന് എല്ലാവരുടെയും ശ്രദ്ധ പിടിച്ചു പറ്റി. ഒരേ മനസോടെ, ഒരേ സ്വരത്തോടെ ആറ് പേരും അവിടെ എത്തിയ എല്ലാ സംഘടനാ ഭാരവാഹികളെയും നേതാക്കന്മാരെയും സുഹൃത്തുക്കളെയും അഭിവാദ്യം ചെയ്തപ്പോൾ ഫോമായെ 2024-2026 കാലാവധിയിൽ നയിക്കുവാൻ യോഗ്യരായ നേതാക്കളെ ഒരുമിച്ചു കണ്ട സംതൃപ്തിയിലായി എല്ലാവരും. ഫോമായുടെയും ഫൊക്കാനയുടെയും മറ്റു പല സ്ഥാനാർഥികളും പരിചയപ്പെടലിന്റെയും സൗഹൃദം പുതുക്കലിന്റെയും വോട്ടഭ്യർഥനയുടെയും ഒറ്റപ്പെട്ട സമീപനം സ്വീകരിച്ചപ്പോൾ 'ടീം യുണൈറ്റഡ്' ഒരുമിച്ച് ഓരോരുത്തയെയും സമീപിച്ചത് ഏവർക്കും വേറിട്ടൊരനുഭവമായി.

ടിലൈറ്റ് മീഡിയയുടെ 15-ാമത് വാർഷികവും പ്രസ് ക്ലബ്ബിന്റെ പുതിയ വർഷത്തെ ചുമതലക്കാരുടെ സ്ഥാനാരോഹണവും പ്രവർത്തനോദ്ഘാടനവും ഒരേ വേദിയിൽ അരങ്ങേറിയപ്പോൾ അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും, കാനഡയിൽ നിന്നും ധാരാളം സംഘടനാ നേതാക്കളും സുഹൃത്തുക്കളും ചടങ്ങിൽ പങ്കെടുക്കുന്നതിനായി എത്തിച്ചേർന്നു.

തെരഞ്ഞെടുപ്പിലേക്ക് മത്സരിക്കുന്ന പ്രസിഡന്റ് സ്ഥാനാർഥി ബേബി മണക്കുന്നേൽ ടെക്സസിൽ (ഹൂസ്റ്റൺ) നിന്നും, ജനറൽ സെക്രട്ടറി സ്ഥാനാർഥി ബൈജു വർഗ്ഗീസ് ന്യൂ ജേഴ്സിയിൽ നിന്നും, ട്രഷറർ സ്ഥാനാർഥി സിജിൽ ജോർജ് പാലക്കലോടി കാലിഫോർണിയയിൽ നിന്നും, വൈസ് പ്രസിഡന്റ് സ്ഥാനാർഥി ഷാലൂ പുന്നൂസ് പെൻസിൽവാനിയയിൽ (ഫിലാഡൽഫിയ) നിന്നും, ജോയിന്റ് സെക്രട്ടറി സ്ഥാനാർഥി പോൾ പി. ജോസ് ന്യൂയോർക്കിൽ (ലോങ്ങ് ഐലൻഡ്) നിന്നും ജോയിന്റ് ട്രഷറർ സ്ഥാനാർഥി അനുപമ കൃഷ്ണൻ ഒഹായോയിൽ നിന്നും എത്തിയപ്പോൾ ഫോമാ നേതൃത്വത്തിലെ വിവിധ സംസ്ഥാനങ്ങളുടെ പ്രാതിനിധ്യവും ഒത്തൊരുമയും എല്ലാവർക്കും മനസ്സിലാക്കാൻ സാധിച്ചു. അതിനാൽ 'ടീം യുണൈറ്റഡ്' മത്സരാർത്ഥികളെ വിജയിപ്പിച്ചാൽ അടുത്ത രണ്ടു വർഷത്തെ കാലാവധിയിൽ ഫോമായെ കൂടുതൽ ഉയരങ്ങളിലേക്ക് എത്തിക്കാൻ ഈ ടീമിന് സാധിക്കുമെന്ന പ്രതീക്ഷയിലാണ്.

ജിമ്മി ജോർജ് മെമ്മോറിയൽ വോളീബോൾ മാമാങ്കം മെയ് 25ന് ന്യൂയോർക്കിൽ

– മാത്യുക്കുട്ടി ഈശോ

ന്യൂയോർക്ക്: വോളീബോൾ ലോകത്തെ ഇതിഹാസമായിരുന്ന ജിമ്മി ജോർജിന്റെ ഓർമ്മകൾ നിലനിർത്തിക്കൊണ്ട് 33 വർഷങ്ങൾക്ക് മുമ്പ് അമേരിക്കയിൽ രൂപം കൊണ്ട ജിമ്മി ജോർജ് മെമ്മോറിയൽ നാഷണൽ വോളി ബോൾ ടൂർണമെന്റ് പതിന്നാല് വർഷങ്ങൾക്ക് ശേഷം ന്യൂയോർക്കിന്റെ മണ്ണിൽ എത്തിച്ചേർന്നതിന്റെ ആവേശത്തിലാണ് ലോങ്ങ് ഐലൻഡിലെ കേരളാ സ്പൈക്കേഴ്സ് വോളി ബോൾ ക്ലബ്ബ് അംഗങ്ങൾ.

34-ാമത് ജിമ്മി ജോർജ് മെമ്മോറിയൽ ടൂർണമെന്റിന് ആതിഥേയത്വം നൽകാൻ അവസരം ലഭിച്ച കേരളാ സ്പൈക്കേഴ്സ് വോളി ബോൾ ക്ലബ്ബ് ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്ക് ഭാരവാഹികളും കളിക്കാരും മെയ് 25, 26 (ശനി, ഞായർ) തീയതികളിൽ വോളി ബോൾ മാമാങ്കം സംഘടിപ്പിക്കുവാൻ തയ്യാറെടുത്തു കൊണ്ടിരിക്കുന്നു.

മെമ്മോറിയൽ ഡേ ആഴ്ച കൂടിയായ മെയ് 25നും 26നും ഫ്ളഷിങ്ങിലുള്ള ക്വീൻസ് കോളേജ് ഇൻഡോർ സ്റ്റേഡിയത്തിൽ ടൂർണമെൻറ് വലിയ ആഘോഷമാക്കുവാനുള്ള ക്രമീകരണങ്ങളാണ് ചെയ്യുന്നത്.

1955 മാർച്ച് 8ന് കണ്ണൂർ ജില്ലയിലെ പേരാവൂർ തുണ്ടിയിൽ ഗ്രാമത്തിൽ കുടക്കച്ചിറ കുടുംബത്തിൽ ജോർജ് ജോസഫ് മേരി ജോർജ് ദമ്പതികളുടെ രണ്ടാമത്തെ മകനായി ജനിച്ച ജിമ്മി ജോർജ് വോളി ബോൾ ലോകത്ത് തിളങ്ങി നിന്നപ്പോൾ, 32-ാമത്തെ വയസ്സിൽ 1987 നവംബർ 30ന് ഇറ്റലിയിൽ വച്ച് കാറപകടത്തിൽ മരണപ്പെട്ടു.

എഴുപതുകളുടെ തുടക്കത്തിൽ കാലിക്കറ്റ് സർവ്വകലാശാലയിലെ വോളി ബോൾ ടീമിൽ കളിക്കാരനായിരിക്കുമ്പോൾ ജിമ്മിയുടെ വോളി ബോൾ കളിയിലെ പ്രാഗൽഭ്യം മനസ്സിലാക്കിയ പാലാ സെന്റ് തോമസ് കോളേജ് 1973ൽ ജിമ്മിയെ അവിടെ പഠിക്കുന്നതിനുള്ള സൗകര്യം ഒരുക്കിക്കൊടുത്ത് അവരുടെ വോളി ബോൾ ടീം ക്യാപ്റ്റൻ ആക്കി തങ്ങളുടെ ടീമിന്റെ യശസ്സുയർത്തി.

1973 മുതൽ 1976 വരെയുള്ള കാലഘട്ടത്തിൽ സെന്റ് തോമസ് കോളേജിന്റെ വോളി ബോൾ ടീം അംഗം എന്ന നിലയിൽ കേരളാ യൂണിവേഴ്സിറ്റിയുടെ ടീം ക്യാപ്റ്റൻ ആയും ജിമ്മി വോളി ബോൾ കളിയിൽ പ്രശസ്തിയുടെ കൊടുമുടിയിലേക്കെത്തി. കേരളാ യൂണിവേഴ്സിറ്റി വോളി ബോൾ ടീമിനെ നയിച്ച ജിമ്മി പ്രസ്തുത മൂന്നു വർഷക്കാലവും ഇന്റർ യൂണിവേഴ്സിറ്റി മത്സരങ്ങളിലെ ചാമ്പ്യന്മാരായി കേരളാ യൂണിവേഴ്സിറ്റിയെ മാറ്റിയെടുത്തു. വോളി ബോൾ കളിയിലെ പ്രാഗൽഭ്യം കണക്കിലെടുത്ത് 21-ാമത്തെ വയസ്സിൽ ജിമ്മിയെ അർജ്ജുന അവാർഡ് നൽകി രാജ്യം ആദരിച്ചു. അർജ്ജുന അവാർഡ് ലഭിക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ കളിക്കാരൻ ആയിരുന്നു ജിമ്മി ജോർജ്. വോളി ബോൾ കളിയിലെ ജിമ്മിയുടെ വൈദഗ്ദ്ധ്യം കണ്ടറിഞ്ഞ രാജ്യവും സംസ്ഥാനവും വിവിധ സംഘടനകളും ജിമ്മിക്ക് നിരവധി അവാർഡുകൾ നൽകി ആദരിച്ചു. 1982-1984 കാലഘട്ടത്തിലും 1985-1987 കാലഘട്ടത്തിലും ഇറ്റലിയുടെ ഔദ്യോഗിക കളിക്കാരനായി വോളി ബോൾ കളിയിലെ ലോകത്തിലെ തന്നെ ഏറ്റവും ശക്തനായ അറ്റാക്കർഎന്ന പ്രശസ്തി ജിമ്മി ജോർജിൽ എത്തിച്ചേർന്നു. പ്രശസ്തിയുടെ കൊടുമുടിയിൽ എത്തിയിരിക്കുമ്പോഴാണ് 32-ാമത്തെ വയസ്സിൽ ഒരു കാർ അപകടത്തിൽ 1987 നവംബർ 30ന് ഇറ്റലിയിൽ വച്ച് കൊല്ലപ്പെട്ടത്.

ലോങ്ങ് ഐലൻഡ് ആസ്ഥാനമായി പ്രവർത്തിക്കുന്ന കേരളാ സ്പൈക്കേഴ്സ് വോളി ബോൾ ക്ലബ്ബ് ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്ക് എന്ന ക്ലബ്ബാണ് ഈ വർഷത്തെ ടൂർണമെന്റിന്റെ ആതിഥേയർ. ശക്തരായ കളിക്കാരെ അണിനിരത്തിക്കൊണ്ട് 1987ൽ രൂപീകൃതമായ കേരളാ സ്പൈക്കേഴ്സ് ക്ലബ്ബ് പല വർഷങ്ങളിലും ജിമ്മി ജോർജ് മെമ്മോറിയൽ വോളി ബോൾ ടൂർണമെന്റ് ചാമ്പ്യന്മാർ ആയിട്ടുണ്ട്. സ്പൈക്കേഴ്സ് ക്ളബ്ബിലെ മുൻകാല കളിക്കാരും നിലവിലുള്ള കളിക്കാരും ഒത്തു ചേർന്ന് സംഘാടക കമ്മറ്റി രൂപീകരിച്ചു ഈ വർഷത്തെ വോളി ബോൾ ടൂർണമെന്റ് എക്കാലത്തെയും മികച്ചതാക്കുവാനുള്ള പരിശ്രമത്തിലാണ് സംഘാടകർ.

ക്ലബ്ബിലെ ആദ്യകാല കളിക്കാരനായ ഷാജു സാം ആണ് സംഘാടക സമിതി പ്രസിഡന്റ്. സെക്രട്ടറി അലക്സ് ഉമ്മൻ, ട്രഷറർ ബേബിക്കുട്ടി തോമസ്, ജനറൽ കൺവീനറും ടീം മാനേജരുമായ ബിഞ്ചു ജോൺ തുടങ്ങിയവരുടെ നേതൃത്വത്തിൽ മറ്റു കമ്മറ്റി അംഗങ്ങളും മത്സരം അവിസ്മരണീയമാക്കുവാൻ അക്ഷീണ പരിശ്രമം ആരംഭിച്ചു കഴിഞ്ഞു. മറ്റ് കമ്മറ്റി അംഗങ്ങൾ ടീം കോച്ച് റോൺ ജേക്കബ്, അസിസ്റ്റന്റ് കോച്ച് അലക്സാണ്ടർ തോമസ്, ട്രാൻസ്പോർട്ടേഷൻ ജെയിംസ് അഗസ്റ്റിൻ. ബാങ്കറ്റ് ലിബിൻ ജോൺ, ഫണ്ട് റൈസിംഗ് സിറിൽ മഞ്ചേരിൽ, സുവനീർ ജോർജ് ഉമ്മൻ, സോഷ്യൽ മീഡിയ ആൻഡ്രൂ മഞ്ചേരിൽ, റിഫ്രഷ്മെന്റ്സ് അലക്സ് സിബി, മീഡിയ കം പി.ആർ.ഓ. മാത്യുക്കുട്ടി ഈശോ എന്നിവരടങ്ങുന്ന കമ്മറ്റി ടൂർണമെന്റ് നടത്തിപ്പിന്റെ ചുമതല വഹിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്:
ഷാജു സാം 646 4274470,
അലക്സ് ഉമ്മൻ 516 784 7700,
ബേബിക്കുട്ടി തോമസ് 516 974 1735,
ബിഞ്ചു ജോൺ 646 5846859,
സിറിൽ മഞ്ചേരിൽ 917 637 3116.

ഫാമിലി ആന്റ് യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ ഫിലഡൽഫിയ സെന്റ് മേരീസ് ഇടവകയിൽ

– ഉമ്മൻ കാപ്പിൽ

പെൻസിൽവേനിയ: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻഭദ്രാസന ഫാമിലി/യൂത്ത് കോൺഫറൻസിന്റെ കിക്ക് ഓഫ് മീറ്റിംഗിന് ഫിലഡൽഫിയയിലെ ഡെവറോ അവന്യൂവിലുള്ള സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവക വേദിയായി.

3നു ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്ക് വികാരി ഫാ. ഷിനോജ് തോമസ് നേതൃതം നൽകി. തുടർന്ന് ഫാമിലി ആന്റ് യൂത്ത് കോൺഫറൻസ് രജിസ്ട്രേഷനു വേണ്ടി ഒരു മീറ്റിംഗ് നടന്നു.

അലക്സ് മാത്യു (ഇടവക സെക്രട്ടറി) കോൺഫറൻസ് ടീമിനെ പരിചയപ്പെടുത്തി സ്വാഗതം പറഞ്ഞു. സജിൻ സാമുവൽ, റോണ വർഗീസ്, ഐറിൻ ജോർജ്, സൂസൻ വർഗീസ് (ഫാമിലി ആന്റ് യൂത്ത് കോൺഫറൻസ് കമ്മിറ്റി അംഗങ്ങൾ), ഉമ്മൻ കാപ്പിൽ (ഭദ്രാസന കൗൺസിൽ അംഗം) എന്നിവർ സംഘത്തിൽ ഉണ്ടായിരുന്നു. എബിൻ ബാബു (ഇടവക ട്രഷറർ ആന്റ് ഭദ്രാസന അസംബ്ലി അംഗം), തോമസ് ചാണ്ടി (മലങ്കര അസോസിയേഷൻ പ്രതിനിധി) എന്നിവരും വേദിയിൽ ചേർന്നു.

സൂസൻ വർഗീസ് രജിസ്ട്രേഷൻ നടപടികളും സമ്മേളനത്തിന്റെ സ്മരണാർഥം പ്രസിദ്ധീകരിക്കുന്ന സുവനീറിന്റെ വിശദാംശങ്ങളും വിശദീകരിച്ചു. സുവനീറിനായുള്ള ലേഖനങ്ങൾ, വ്യക്തിഗത ആശംസകൾ, ബിസിനസ്സ് പരസ്യങ്ങൾ എന്നിവ 2024 മാർച്ച് അവസാനത്തിനകം ഭാരവാഹികൾക്ക് അയക്കേണ്ടതാണ്.

ധനസമാഹരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച നറുക്കെടുപ്പിനെക്കുറിച്ചും സമ്മാനങ്ങളെക്കുറിച്ചും സജിൻ സാമുവൽ സംസാരിച്ചു. എല്ലാ ഇടവകകൾക്കും അവരുടെ കഴിവുകൾ പ്രകടിപ്പിക്കാൻ അവസരമൊരുക്കുന്ന എന്റർടൈൻമെന്റ് നൈറ്റിനെക്കുറിച്ച് റോണ വർഗീസ് ഓർമ്മിപ്പിച്ചു. സ്പോൺസർഷിപ്പിലൂടെ കോൺഫറൻസിനെ പിന്തുണയ്ക്കാനു ള്ള അവസരങ്ങൾ ഐറിൻ ജോർജ് വിശദീകരിച്ചു.

ഇടവകയിൽ നിന്നുള്ള ആദ്യ രജിസ്ട്രേഷൻ ഫാ. ഷിനോജ് തോമസ് സമർപ്പിച്ചു. ഇടവകയെ പ്രതിനിധീകരിച്ച് അബിൻ ബാബു (ട്രഷറർ), അലക്സ് മാത്യു (സെക്രട്ടറി) എന്നിവർ സുവനീറിന് പിന്തുണ പ്രഖ്യാപിച്ച് ചെക്ക് കൈമാറി.

റോബിൻ തോമസ്, വർഗീസ് ചാക്കോ, തോമസ് ചാണ്ടി, എബി കെ. തോമസ്, ജോൺ യോഹന്നാൻ, ജോയ്സ് വർഗീസ്, പ്രവീൺ മാത്യു എന്നിവർ സുവനീറിൽ വ്യക്തിഗത ആശംസകളോ ബിസിനസ്സ് പരസ്യങ്ങളോ നൽകി പിന്തുണ വാഗ്ദാനം ചെയ്തു. തോമസ് വർഗീസ്, ഐപ്പ് മത്തായി, ജോയ് യോഹന്നാൻ, എബി ജോസഫ്, മാത്യു യോഹന്നാൻ, സജിൻ ജോൺ, മാത്യു ഐപ്പ്, മെറിന മാത്യു എന്നിവർ റാഫിൾ ടിക്കറ്റ് വാങ്ങി പിന്തുണ വാഗ്ദാനം ചെയ്തു.

2024 ജൂലൈ 10 മുതൽ 13 വരെ പെൻസിൽവേനിയ ലങ്കാസ്റ്ററിലെ വിൻധം റിസോർട്ടിലാണ് സമ്മേളനം നടക്കുന്നത്. സൺഡേ സ്കൂൾ ഡയറക്ടർ ജനറലും പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി വികാരിയുമായ ഫാ.ഡോ.വർഗീസ് വർഗീസ് മീനടം മുഖ്യപ്രഭാഷണം നടത്തും. ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ ഫാ.സെറാഫിം മജ്മുദാറും, സൗത്ത് വെസ്റ്റ് ഭദ്രാസന വൈദികൻ ഫാ. ജോയൽ മാത്യുവും യുവജന സെഷനുകൾക്ക് നേതൃത്വം നൽകും. ദൈവിക ആരോഹണത്തിന്റെ ഗോവണിഎന്ന വിഷയത്തെപ്പറ്റി ഭൂമിയിലുള്ള കാര്യങ്ങളിലല്ല, മുകളിലുള്ള കാര്യങ്ങളിൽ നിങ്ങളുടെ മനസ്സ് സ്ഥാപിക്കുക(കൊലൊസ്യർ 3:2) എന്ന വചനത്തെ ആസ്പദമാക്കിയാണ് കോൺഫറൻസിന്റെ ചിന്താവിഷയം. ബൈബിൾ, വിശ്വാസം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക്
ഫാ. അബ്രു പീറ്റർ, കോൺഫറൻസ് കോർഡിനേറ്റർ (914 806 4595), ചെറിയാൻ പെരുമാൾ കോൺഫറൻസ് സെക്രട്ടറി (516 439 9087)

ഷിക്കാഗോ മാർത്തോമാ ശ്ലീഹാ കത്തീഡ്രൽ ഇടവകയിൽ രക്തദാന ക്യാമ്പ് നടത്തി

ഷിക്കാഗോ: ഷിക്കാഗോ മാർത്തോമാ ശ്ലീഹാ കത്തീഡ്രൽ ഇടവകയിൽ പ്രവർത്തിച്ചു വരുന്ന സീറോ മലബാർ കാത്തലിക് കോൺഗ്രസ് ഉയിർപ്പ് തിരുനാളിന് ഒരുക്കമായുള്ള വലിയ നോമ്പിന്റെ ചൈതന്യം പ്രകാശിപ്പിച്ചുകൊണ്ട് രക്തദാന ക്യാമ്പ് നടത്തി.

അമേരിക്കൻ റെഡ്ക്രോസുമായി സഹകരിച്ച് നടത്തിയ ക്യാമ്പിൽ ഏകദേശം 45 പേർ രക്തദാനം നടത്തി. 75ൽപ്പരം വ്യക്തികൾ സന്നദ്ധത അറിയിച്ച് എത്തിയിരുന്നു.

രൂപതാധ്യക്ഷൻ മാർ ജോയി ആലപ്പാട്ട്, ഫാ.തോമസ് കടുകപ്പള്ളിൽ പ്രാർത്ഥനാശംസകളോടെ സന്നിഹിതരായിരുന്നു. പരിപാടികൾക്ക് എസ്.എം. സി.സി ഭാരവാഹികൾ നേതൃത്വം നൽകി.

ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് ടെക്സാസ് പ്രവർത്തനോദ്ഘാടനം ഏപ്രിൽ 12ന്

- പി പി ചെറിയാൻ

ഡാളസ്: ഡാലസ് ഫോർട്ട് വർത്ത് മെട്രോ പ്ലെക്സിലുള്ള മാധ്യമ പ്രവർത്തകരെ ഉൾപ്പെടുത്തി, 2006 ൽ അമേരിക്കയിലെ ആദ്യകാല പ്രവാസിയും സാഹിത്യകാരനും പത്രപ്രവർത്തകനുമായ എബ്രഹാം തെക്കേമുറി (സണ്ണി)പ്രസിഡണ്ടായി പ്രവർത്തനമാരംഭിച്ച സംഘടനയുടെ ഉദ്ഘാടനം ഏപ്രിൽ 12നു 6ന് ഷാരോൺ ഇവന്റ് ഹാളിൽ നടക്കും.

ടെക്സാസ് സ്റ്റേറ്റ് പ്രതിനിധി ആൻജി ചെൻ ബട്ടൺ സമ്മേളനത്തിൽ മുഖ്യാതിഥിയായിരിക്കും. സണ്ണിവെയ്ൽ സിറ്റി കൗൺസിൽ അംഗം മനു ഡാനി ഗസ്റ്റ് ഓഫ് ഹോണറുമാണ്.

പ്രസ് ക്ളബ്ബിന്റെ അടുത്ത രണ്ട് വർഷത്തെ പ്രവർത്തനങ്ങളുടെ രൂപരേഖ അവതരിപ്പിക്കുകയും മാധ്യമരംഗത്തെ പുതിയ ചലനങ്ങളും സാമൂഹിക മാറ്റങ്ങളും സംബന്ധിച്ച് അവബോധം സൃഷ്ടിക്കുകയുമാണ് സമ്മേളനം കൊണ്ട് ലക്ഷ്യമിടുന്നതെന്ന് ഐപിസിഎൻറ്റി പ്രസിഡന്റ് സണ്ണി മാളിയേക്കൽ, സെക്രട്ടറി ബിജിലി ജോർജ്, ട്രഷറർ പ്രസാദ് തിയോടിക്കൽ എന്നിവർ പറഞ്ഞു.

പ്രസ് ക്ലബിന്റെ പ്രവർത്തനോദ്ഘാടന സമ്മേളനം പ്രൗഢോജ്വലമാക്കാൻ പ്രവർത്തനങ്ങൾ ആരംഭിച്ചതായി കോർഡിനേറ്ററും വൈസ് പ്രസിഡന്റുമായ സിജു വി ജോർജ്, അഡ്വൈസറി ബോർഡ് ചെയർമാൻ ബെന്നി ജോൺ, ജോജോ കോട്ടക്കൽ, അനശ്വരം മാംമ്പിള്ളി, തോമസ് ചിറമേൽ, സാം മാത്യു, ഡോ. അഞ്ചു ബിജിലി, ലാലി ജോസഫ് എന്നിവർ അറിയിച്ചു. ഉദ്ഘാടന സമ്മേളനത്തിനു ശേഷം ഫ്രീഡിയ എന്റർടൈമെന്റിന്റെ പതിനഞ്ചാം വാർഷികത്തോട് അനുബന്ധിച്ച് നടക്കുന്ന റിമി ടോമി, ബിജു നാരായണൻ നേതൃത്വം നൽകുന്ന 18 അംഗ മ്യൂസിക് ബാന്റിന്റെ പാട്ടു ഉത്സവവും നടക്കും.

ഇന്ത്യൻ ക്ലാസിക്കൽ ഡാൻസറെ യുഎസിൽ വെടിവച്ചു കൊന്നു

സെൻറ് ലൂയിസ്: ഇന്ത്യൻ ക്ലാസിക്കൽ ഡാൻസർ അമർനാഥ് ഘോഷ് യുഎസിൽ വെടിയേറ്റു മരിച്ചു.

അമേരിക്കയിലെ മിസോറി സംസ്ഥാനത്തിലെ സെൻറ് ലൂയിസിൽ വച്ചാണ് ഭരതനാട്യം, കുച്ചിപ്പുഡി നർത്തകൻ അമർനാഥ് ഘോഷ് കൊല്ലപ്പെട്ടത്.

ഘോഷിന്റെ സുഹൃത്തും ഇന്ത്യൻ ടെലിവിഷൻ അഭിനേതാവുമായ ദേവോലീന ഭട്ടാചാര്യയാണ് ഒന്നിനു വെള്ളിയാഴ്ച ഈ കാര്യം എക്സ് അക്കൗണ്ട് വഴി വെളിപ്പെടുത്തിയത്. ചൊവ്വാഴ്ച വൈകുന്നേരമാണ് അമർനാഥ് ഘോഷ് കൊല്ലപ്പെട്ടതെന്നാണ് എക്സ് പോസ്റ്റിൽ പറയുന്നത്. മൂന്ന് വർഷം മുൻപ് അമ്മ മരിച്ചതോടെ ഘോഷിന് ബന്ധുക്കളായി ആരും ഇല്ലെന്ന് ദേവോലീന ഭട്ടാചാര്യ പറയുന്നു.

കൊലപാതകത്തിന്റെ കാരണം, കുറ്റവാളികൾ ആര് തുടങ്ങിയ വിശദാംശങ്ങളും ഇതുവരെ പുറത്തുവന്നിട്ടില്ല. ഘോഷിന്റെ കുറച്ച് സുഹൃത്തുക്കളൊഴികെ ആരും അതിനായി പോരാടാൻ അവന്റെ കുടുംബത്തിൽ അവശേഷിക്കുന്നില്ല. കൊൽക്കത്തക്കാരനായ ഇയാൾ മികച്ച നർത്തകനാണ്. പിഎച്ച്ഡി വിദ്യാർത്ഥിയാണ്. വൈകുന്നേരം നടക്കാൻ ഇറങ്ങിയപ്പോഴാണ് അജ്ഞാതൻ അവനെ ഒന്നിലധികം തവണ വെടിവച്ചതെന്ന് എക്സ് പോസ്റ്റിൽ പറയുന്നു.

സംഭവത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെയും വിദേശകാര്യ മന്ത്രിയുടെയും ഇടപെടലും ദേവോലീന ഭട്ടാചാര്യ എക്സ് പോസ്റ്റിൽ ആവശ്യപ്പെടുന്നുണ്ട്.

കൊല്ലപ്പെട്ട ഘോഷ് ചെന്നൈയിൽ നിന്നുള്ള കലാ അധ്യാപകനായിരുന്നു. ചെന്നൈയിലെ കലാക്ഷേത്ര കോളേജ് ഓഫ് ഫൈൻ ആർട്സിലെയും കുച്ചുപ്പുടി ആർട്ട് അക്കാദമിയിലെയും പൂർവ്വ വിദ്യാർത്ഥിയായിരുന്നു. സെന്റ് ലൂയിസിൽ മാസ്റ്റർ ഓഫ് ഫൈൻ ആർട്സ് (എംഎഫ്എ) പഠിക്കുകയായിരുന്നു.

യുഎസിലെ ചില സുഹൃത്തുക്കൾ മൃതദേഹം ഏറ്റെടുക്കാൻ ശ്രമിക്കുന്നുണ്ടെന്നും. എന്നാൽ പല സാങ്കേതിക പ്രശ്നങ്ങളും ഉണ്ടെന്നാണ് ദേവോലീന ഭട്ടാചാര്യ പറയുന്നത്.

മലയാളി അസോസിയേഷൻ ഓഫ് സൗത്ത് കരോലിന അപ്സ്റ്റേറ്റിന് പുതിയ നേതൃത്വം

- സേതു നായർ

സൗത്ത് കരോലിന: മലയാളി അസോസിയേഷൻ ഓഫ് സൗത്ത് കരോലിന (മാസ്ക്) അപ്പ്സ്റ്റേറ്റ് അടുത്ത രണ്ടു വർഷത്തേക്കുള്ള (2024-26) പുതിയ ഭാരവാഹികളെ തെരെഞ്ഞടുത്തു. ഇരുപതു വർഷത്തിലേറെ പാരമ്പര്യമുള്ള ഈ അസോസിയേഷന്റെ സ്ഥാപക നേതാക്കളിൽ ഒരാളായ ജോസ് മോടൂർ (പ്രസിഡന്റ്), സംഗീത് പോൾ (വൈസ് പ്രസിഡന്റ്), കപിൽ ചാലിൽ മഠത്തിൽ (സെക്രട്ടറി), രഞ്ജൻ ഭാസി (ട്രഷറർ) എന്നിവരാണ് പുതിയ ഭാരവാഹികൾ.

സ്ഥാനം ഒഴിയുന്ന പ്രസിഡന്റ് അനീഷ് രാജേന്ദ്രൻ (അഡ്വൈസറി കമ്മിറ്റി മെമ്പർ), സുധീഷ് തോമസ്, കൊച്ചുമോൻ പാറക്കാട്ട്, നാൻസി മേരി ആന്റണി, സുമൻ വർഗീസ്, ലക്ഷ്മി ആനന്ദ്, അഞ്ജു രഞ്ജൻ, അലക്സാണ്ടർ കുര്യൻ, ജോർജ് കുര്യൻ, ജോൺ മാത്യു (റെജി), ജേക്കബ് ഫിലിപ്പോസ് എന്നിവർ പുതിയ കമ്മിറ്റിയിൽ അംഗങ്ങളാണ്.

ട്വലൈറ്റ് മീഡിയയും മസാറ്റോ ഇവന്റ്സും സംയുക്തമായി ആഘോഷം നടത്തി

ന്യൂജേഴ്സി: സേവനപാതത്തിൽ പതിനഞ്ചു വർഷം പൂർത്തിയാക്കിയ ട്വലൈറ്റ് മീഡിയ പ്രൊഡക്ഷനും, അഞ്ചു വർഷം പൂർത്തിയാക്കിയ മസാറ്റോ ഇവന്റ്സും സംയുക്തമായി ആഘോഷം നടത്തി.

വർണ്ണപ്രപഞ്ചമൊരുക്കി ന്യൂജേഴ്സി എഡിസണിലുള്ള റോയൽ ആൽബർട്ട്സ് പാലസിൽ സംഘടിപ്പിച്ച ചടങ്ങ് അങ്കമാലി എം.എൽ.എ റോജി എം ജോൺ ഉദ്ഘാടനം ചെയ്തു.

ടെക്സാസ് ഫോർട്ട് ബെൻഡ് കൗണ്ടി ജഡ്ജി ജൂലി മാത്യു മുഖ്യാതിഥി ആയിരുന്നു. അമേരിക്കയിലെ വിവിധ നഗരങ്ങളിൽ നിന്നെത്തിയവർ ഉൾപ്പെടെ 750ലധികം പേരുടെ സജീവ സാന്നിധ്യത്തിലായിരുന്നു വർണാഭമായ ചടങ്ങ് സംഘടിപ്പിക്കപ്പെട്ടത്. സാമൂഹികസാംസ്കാരിക മാധ്യമബിസിനസ് രംഗത്തെ പ്രമുഖർ ആശംസകൾ നേർന്നു. ട്വിലൈറ്റ് മീഡിയ പ്രൊഡക്ഷൻസ് സാരഥി ഷിജോ പൗലോസിനും, മസാറ്റോ ഇവെന്റ്സ് സാരഥി ടോം ജോസഫിനും അഭിമാന നിമിഷം കൂടിയായിരുന്നു ഇത്.

ഫൊക്കാന പ്രസിഡന്റ് ബാബു സ്റ്റീഫൻ, ഫോമാ നാഷണൽ ട്രഷറർ ബിജു തോണിക്കടവിൽ, വേൾഡ് മലയാളി കൗൺസിൽ ചെയർമാൻ തോമസ് മൊട്ടക്കൽ, ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ, അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം, ഫോമാ മുൻ പ്രസിഡൻറ് അനിയൻ ജോർജ്, എൻ. ആർ.ഐ റിപ്പോർട്ടർ ചീഫ് എഡിറ്റർ ബിജു കിഴക്കേക്കുറ്റ്, ഡോ.മാണി സ്കറിയാ, അനിൽ പുത്തൻചിറ, നിഷാന്ത് ഡൊമിനിക്, ശ്രുജൽ പാർക്കിൻ, വിൻസെന്റ് ഇമ്മാനുവേൽ, സാം ആന്റോ, അരുൺ കോവാട്ട്, ലിഞ്ചു ജോസഫ് എന്നിവർ സംസാരിച്ചു.

ഹൂസ്റ്റൺ മലയാളി അസോസിയേഷൻ വുമൺ ഓഫ് ദി ഇയർ പുരസ്കാരം ഷീല ചെറുവിന്

ഹൂസ്റ്റൺ: റോയൽ ഇന്ത്യൻ ക്യുസിനിൽ നടന്ന ഹൂസ്റ്റൺ മലയാളി അസോസിയേഷൻ വിമൻസ് എംപവർമെന്റ് ഇവന്റ് ശ്രദ്ധേയമായി.

2024ലെ വുമൺ ഓഫ് ദി ഇയർ പുരസ്കാരം ഷീല ചെറുവിന് ലഭിച്ചു. പ്രസിഡന്റ് എമിരിറ്റസ് ഷീല ചെറുവിന് പുരസ്കാരം സമ്മാനിച്ചു. എച്ച്എംഎ പ്രസിഡന്റ് പ്രതീശൻ പാണഞ്ചേരി പൊന്നാട അണിയിച്ചു.

വിമൻസ് ഫോറം ചെയർപേഴ്സൺ ലൈല ജേക്കബ്, ജോയിന്റ് സെക്രട്ടറി റോജ സന്തോഷ്, ജോയിന്റ് ട്രഷറർ ആരതി എസ്.എച്ച്, ഇവന്റ് കോർഡിനേറ്റർ ലിസ്സി പോളി എന്നിവർ പങ്കെടുത്തു.

വി.പി. ആൻഡ്രൂസ് പൂവത്ത്, ട്രഷറർ രാജു കല്ലുവീട്ടിൽ, ബി.ഒ.ടി ചെയർ ഫ്രാൻസിസ് മുടപ്പിളായി തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

തോമസ് ടി. ഉമ്മൻ ഫോമ പ്രസിഡന്റ് സ്ഥാനാർത്ഥിയായി മത്സരിക്കുന്നു

– രമ്യ മുകുന്ദൻ

തോമസ് ടി.ഉമ്മൻ ഫോമ പ്രസിഡന്റ് സ്ഥാനാർത്ഥിയായി മത്സരിക്കുന്നു.

ആഗോളതലത്തിൽ വനിതാ സംരംഭകരുടെ സംഗമം എന്ന ആശയമാണ് പ്രധാനമായും തോമസ് ടി. ഉമ്മൻ മുന്നോട്ടു വയ്ക്കുന്നത്. ഒട്ടേറെ സംരംഭങ്ങളുടെയും ബിസിനസുകളുടെയും സാരഥ്യത്തിൽ മലയാളികളായ വനിതകളുണ്ട്. അവരെ ചേർത്തുള്ള ഒത്തുചേരലാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. പരസ്പരം കൈത്താങ്ങാവുന്ന നിലയിൽ ഹെൽപിംഗ് ഹാൻഡ്സ് പദ്ധതി വികസിപ്പിക്കണമെന്നതും മറ്റൊരു ചിന്തയാണ്. അതേ പോലെ മുഖ്യധാരാ രാഷ്ട്രീയ രംഗത്ത് യുവാക്കളെ സജ്ജമാക്കാനായി ഇന്റേൺഷിപ്പിന് ഒരുക്കുക എന്ന ലക്ഷ്യവും അദ്ദേഹം മനസിൽ വയ്ക്കുന്നു. വൈറ്റ് ഹൗസ്, ഫെഡറൽ ഭരണസംവിധാനം എന്നിങ്ങനെയുള്ള രാഷ്ട്രീയ ഇടങ്ങളിലുള്ള ജോലികൾക്ക് അവരെ പ്രാപ്തരാക്കുന്ന വിധത്തിൽ പ്രോഗ്രാമുകൾ ആസൂത്രണം ചെയ്യുക എന്നതാണത്. ഇരട്ടപൗരത്വം യു.എസിലെ മലയാളികളെ സംബന്ധിച്ച് പ്രാധാന്യമേറെയുള്ള വിഷയമാണ്. അതിനായും ശബ്ദമുയർത്തണം. അമേരിക്കയിലെ സാധാരണക്കാരുടെ പ്രശ്നങ്ങൾ, പഴയ തലമുറ പ്രായമാകുന്നതുമൂലമുള്ള വിഷമതകൾ, മെഡിക്കൽ ഇൻഷുറൻസ് ഇല്ലാത്തതു മുതൽ സാമ്പത്തികരംഗത്തു നേരിടുന്ന പ്രതിസന്ധികൾ, സ്റ്റുഡന്റ് ലോണും മറ്റുമായി യുവജനത നേരിടുന്ന പ്രശ്നങ്ങൾ തുടങ്ങി നാനാവിധത്തിലുള്ള വിഷമതകൾ നാം നേരിടുന്നുണ്ട്. ഇത്തരത്തിലുള്ള നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിയുമെന്ന പ്രതീക്ഷയിലാണ് പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്നത്.

ഫ്ളോറിഡയിലും ന്യൂയോർക്കിലും ഒരു പോലെ സ്വീകാര്യനായ തോമസ് ടി ഉമ്മൻ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് കേരളാ ചാപ്റ്റർ ചെയർമാൻ, ഫോമാ നാഷനൽ പൊളിറ്റിക്കൽ ഫോറം ചെയർമാൻ, ഫോമാ നാഷനൽ കമ്മിറ്റിയംഗം, ഫോമാ നാഷനൽ അഡ്വൈസറി കൗൺസിൽ ചെയർമാൻ, ഫോമാ നാഷണൽ ട്രഷറർ, ഹെറിറ്റേജ് ഇന്ത്യ ചെയർമാൻ, ഇന്ത്യൻ ക്രിസ്ത്യൻ ഫോറം പ്രസിഡന്റ്, സിഎസ്ഐ സഭയുടെ നോർത്ത് അമേരിക്കൻ കൗൺസിൽ സെക്രട്ടറി, എപ്പിസ്ക്കോപ്പൽ സഭയുടെ ഏഷ്യാ അമേരിക്ക മിനിസ്ട്രി സെക്രട്ടറി തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

നാലുപതിറ്റാണ്ടോളം ന്യൂയോർക്ക് സ്റ്റേറ്റിൽ ബിസിനസ് ഓഫീസറായിരുന്നു. ബഡ്ജറ്റ്, ഫൈനാൻസ്, പേയ്റോൾ, സ്റ്റേറ്റ് കോൺട്രാക്ടസ്, ഓഡിറ്റിങ് മേഖലകളിൽ നൈപുണ്യമുള്ളയാളാണ്. തൊണ്ണൂറുകളിൽ ലോങ്ങ് ഐലൻഡിൽ ആരംഭിച്ച ലോങ്ങ് ഐലൻഡ് മലയാളി കൾച്ചറൽ അസോസിയേഷൻ (ലിംകാ) സ്ഥാപക പ്രസിഡന്റായിരുന്നു. ഭാഷാ സ്നേഹിയായ ഇദ്ദേഹം ലോങ്ങ് ഐലൻഡിലെ പബ്ലിക് ലൈബ്രറിയിൽ ലിംകായുടെ ആഭിമുഖ്യത്തിൽ മലയാളം ക്ലാസുകളും തുടങ്ങി.

2010ൽ പാസ്പോർട്ട് സറണ്ടർ എന്ന പേരിൽ വലിയ തുക പ്രവാസികൾ നൽകാൻ കേന്ദ്ര സർക്കാറിന്റെ നിർദേശം വന്നപ്പോൾ അതിനെതിരെ ന്യൂ യോർക്ക് കോൺസുലേറ്റിനു മുന്നിൽ സമരത്തിന് നേതൃത്വം നൽകിയതിന്റെ ഫലമായി ഫീസിൽ സർക്കാർ ഇളവു വരുത്തിയിരുന്നു.

ന്യൂയോർക്കിൽ ആനന്ദ് ജോണിന് നീതി ലഭിക്കുവാൻ വേണ്ടി ജനങ്ങളെ സംഘടിപ്പിക്കുന്നതിനും, കോടതിയിൽ പോകുന്നതിനും തോമസ് ടി. ഉമ്മൻ മുന്നിലുണ്ടായിരുന്നു. കേസിന്റെ ന്യായാന്യായങ്ങളല്ല, ഒരു മലയാളിക്ക് ആവശ്യമായി വരുമ്പോൾ സഹായിക്കുക എന്നത് നാം ഓരോരുത്തരുടെയും കടമയാണെന്ന ചിന്തയായിരുന്നു അതിനു പിന്നിലെ പ്രേരണ. ഹഡ്സൺ നദിയിലുണ്ടായ ബോട്ട് അപകടത്തിൽ മലയാളിക്ക് നീതി ലഭിക്കാനുള്ള പ്രവർത്തനങ്ങൾക്കും തോമസ് ടി. ഉമ്മൻ മുന്നിലുണ്ടായിരുന്നു.

കെസിസിഎൻഎ കൺവെൻഷൻ കിക്കോഫ് അറ്റ്ലാന്റയിൽ

– തോമസ് കല്ലടാന്തി

കെസിസിഎൻഎ ക്നാനായ കൺവെൻഷൻ റെജിസ്ട്രേഷൻ കിക്ക് ഓഫ്, 3ന് അറ്റ്ലാന്റയിൽ നടന്നു.

കെസിസിഎൻഎയുടെ പ്രസിഡന്റ് ഷാജി എടാട്ട്, മുഖ്യ അതിഥിയായും ജനറൽ സെക്രട്ടറി അജീഷ് താമരത്, ട്രഷറർ സാമോൻ പല്ലാട്ടുമഠം, യൂത്ത് വൈസ് പ്രസിഡന്റ് ഫിനു തൂമ്പനാൽ എന്നിവർ വിശിഷ്ട അതിഥികളായും സന്നിഹിതരായിരുന്നു. ഗജവീരന്റെ സാന്നിധ്യത്തിൽ, ചെണ്ടമേളങ്ങളോടും താലപ്പൊലികളുടെ അകമ്പടികളോടും മാർക്നായി തൊമ്മനെയും (റോയ് ഇടത്തിൽ) വിശിഷ്ട അതിഥികളെയും വേദിയിലേക്ക് ആനയിക്കുകയും സെക്രട്ടറി ബിജു വെള്ളാപ്പള്ളിക്കുഴിയിൽ ഊഷ്മളമായ സ്വാഗതമരുളുകയും ചെയ്തു.

കെസിഎജിയുടെ മുൻ പ്രസിഡന്റുമാരുടെ സാന്നിധ്യത്തിൽ അരങ്ങേറിയ ചടങ്ങിൽ കെസിസിഎൻഎ പ്രസിഡന്റ് ഷാജി എടാട്ടും ജനറൽ സെക്രട്ടറി അജീഷ് താമരത്ത്, ട്രഷറർ സാമോൻ പല്ലാട്ടുമഠം, യൂത്ത് വൈസ് പ്രസിഡന്റ് ഫിനു തൂമ്പനാൽ എന്നിവർ ചേർന്ന് പല ഗ്രാന്റ് സ്പോൺസേഴ്സിൽ നിന്നും രജിസ്ട്രഷനും ചെക്കും സ്വീകരിച്ചു കൺവെൻഷൻ കിക്കോഫ് നടത്തി.

മുണ്ടുപാലത്തിങ്ങൽ ദീപക് ആന്റ് ഷെറിൻ, വട്ടത്തൊട്ടിയിൽ ഫിലിപ്പ് ആന്റ് അന്നമ്മ, വടക്കേടം ജോമി ആന്റ് ഷീബ, പുതുപ്പറമ്പിൽ സാം ആന്റ് സോണിയ, തുരുത്തുമാലിൽ ബിജു ആന്റ് റെനി, കല്ലടാന്തിയിൽ തോമസ് ആന്റ് ജൈത, വട്ടാകുന്നത് സജു ആന്റ് മീന, മുലായനികുന്നേൽ സിബി ആന്റ് മഞ്ജു, കുടിലിൽ ജാക്സൺ ആന്റ് സീന, കല്ലറക്കാനിയിൽ ജെയിംസ് ആന്റ് മെർലിൻ, തമ്പലക്കാട്ടു ചാക്കോ ആന്റ് സോഫി, പാറാനിക്കൽ സജി ആന്റ് ലിസി എന്നിവർ കൺവെൻഷന് കുടുംബത്തോടെ രജിസ്റ്റർ ചെയ്തു.

കെ.എച്ച്.എൻ.എ കേരള പ്രോജക്ടിന്റെ സേവനപ്രവർത്തനം ഉദ്ഘാടനം ചെയ്തു

ചാലക്കുടി: കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്കയുടെ (കെ.എച്ച്.എൻ.എ) കേരള പ്രോജക്ടിന്റെ ഭാഗമായി ഒരു കോടി രൂപയുടെ സേവനപ്രവർത്തനം ഉദ്ഘാടനം ചെയ്തു.

ചാലക്കുടിയിൽ 3ന് സിദ്ധാർത്ഥ ഹോട്ടൽ ഓഡിറ്റോറിയത്തിൽ കൂടിയ പൊതുയോഗത്തിൽ പ്രസിഡന്റ് ഡോ.നിഷ പിള്ള പ്രൊജക്ട് ഉദ്ഘാടനം ചെയ്തു. ട്രഷറർ രഘുവരൻ നായർ പദ്ധതിവിശദീകരിച്ചു.

ബോർഡ് ഓഫ് ട്രസ്റ്റി ഗോപിനാഥക്കുറുപ്പ് 2025 ജൂലൈയിൽ ന്യൂയോർക്കിൽ നടക്കുന്ന സിൽവർ ജൂബിലി കൺവെൻഷനെക്കുറിച്ചും കെ.എച്ച്.എൻ.എ കേരളത്തിൽ നൽകുന്ന പ്രൊഫഷണൽ സ്കോളർഷിപ്പിനെക്കുറിച്ചും വിശദീകരിച്ചു.

മുൻ കൺവെൻഷൻ ചെയർമാൻ ഡോ. രഞ്ജിത് പിള്ളജാനകിപ്രോജക്ടിനെപ്പറ്റി സംസാരിച്ചുകൊണ്ട് ന്യൂയോർക്ക് കൺവെൻഷന് വിജയാശംസകൾ നേർന്നു. അന്നദാനം പ്രോജക്ടിനെക്കുറിച്ചു രമണി പിള്ളയും, സനാതനധർമ്മപരിചയം പ്രോജക്ടിനെ കുറിച്ചു ഡോ.പത്മകുമാറും സംസാരിച്ചു. കെ.എച്ച്.എൻ.എ സുവനീർ കമ്മറ്റി മുൻ ചെയർമാൻ രാധാകൃഷ്ണൻ നായർ സനാതന ധർമ്മവും, ആർഷദർശന പുരസ്കാരവിതരണത്തിൽ സമകാലീന സാഹിത്യകാരന്മാരുടെ പ്രവർത്തനവും എന്ന വിഷയത്തെക്കുറിച്ചു സംസാരിച്ചു. വിവിധ സേവാപ്രവർത്തകരും, സാമൂഹിക പ്രവർത്തകരും പങ്കെടുത്തു. കെ. എച്ച്. എൻ. നഎയുടെ കേരളത്തിൽ നടന്ന ആദ്യ സമ്മേളനം വിജയകരമായി നടത്തുന്നുന്നതിന് സഹകരിച്ച ഏവർക്കും ഡോ.നിഷ പിള്ള നന്ദി പറഞ്ഞു.

ഫൊക്കാന വിമൻസ് ഫോറത്തിന്റെ വിമെൻസ്ഡേ സെലിബ്രേഷൻസ് വർണ്ണാഭമായി

– ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂയോർക്ക് : സ്ത്രീ ശാക്തീകരണത്തിന്റെ ഉത്തമ സംഗമവേദിയായി ഫൊക്കാനയുടെ വിമൻസ് ഫോറത്തിന്റെ വിമെൻസ്ഡേ സെലിബ്രേഷൻസ്.

പ്രതിബന്ധങ്ങളുടെ വേലിക്കെട്ടുകൾക്കു തങ്ങളെ തളർത്താനാവില്ല എന്ന വ്യക്തമായ സന്ദേശത്തോടെയായിരുന്നു സമൂഹത്തിലെ വിവിധ തുറകളിൽ പ്രാഗത്ഭ്യം തെളിയിച്ച മലയാളി സ്ത്രീരത്നങ്ങളും പ്രമുഖ വ്യക്തികളും വിമെൻസ്ഡേ സെലിബ്രേഷൻസിൽ സംസാരിച്ചത്. വ്യത്യസ്തമായ പരിപാടികൾ വെർച്വൽ ആയി അവതരിപ്പിച്ചുകൊണ്ട് ഏവരെയും അമ്പരപ്പിച്ച കലാപരിപാടികൾ ആണ് അരങ്ങേറിയത്.

ചടങ്ങിലെ മുഖ്യാതിഥിയായ കേരളത്തിലെ ഏകവനിതാ എം.പി. രമ്യ ഹരിദാസ് യോഗം ഉദ്ഘാടനം ചെയ്തു. തന്റെ ജീവിതത്തിൽ താൻ കണ്ടതിൽ വെച്ച് ഏറ്റവും ശക്തയായ സ്ത്രീ തന്റെ അമ്മയാണെന്നും, ജീവിതത്തിലെ പ്രതിസന്ധികളെ തരണം ചെയ്യുവാൻ അമ്മമാർക്കുള്ള കഴിവും മനോധൈര്യവും മറ്റാർക്കുമില്ലെന്നും, സ്ത്രീകൾ വർഷത്തിൽ ഒരിക്കൽ മാത്രല്ല എല്ലാദിവസവും ആദരിക്കേണ്ട വ്യക്തികൾ ആണെന്നും ഏറ്റവും നല്ല ബഡ്ജറ്റ് അവതരിപ്പിക്കുന്നത് കുടുംബിനികൾ ആണെന്നും അവർ അഭിപ്രായപ്പെട്ടു.

വിമൻസ് ഫോറം ചെയർപേഴ്സൺ ഡോ.ബ്രിജിറ്റ് ജോർജ് ഏവർക്കും സ്വാഗതം രേഖപ്പെടുത്തി. യോഗത്തിൽ മോൻസ് ജോസഫ് എം.എൽ.എ, ഷീല തോമസ് ഐ.എ.എസ്, ഡോ. വാസുകി ഐഎഎസ്, ഫൊക്കാന പ്രസിഡന്റ് ഡോ.ബാബു സ്റ്റീഫൻ, ജനറൽ സെക്രട്ടറി ഡോ.കല ഷഹി, ട്രഷറർ ബിജു ജോൺ, ഫൊക്കാനാ വിമൻസ് ഫോറം വൈസ് ചെയർ ഫാൻസിമോൾ പള്ളത്തുമഠം, വിമൻസ് ഫോറം സെക്രട്ടറി റ്റീന കുര്യൻ, വിമൻസ് ഫോറം ഇന്റർനാഷണൽ കോർഡിനേറ്റർ റോസ്ബെൽ ജോൺ എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു.

റീജിണൽ ഭാരവാഹികൾ ആയ ഡോ.ഷീല വർഗീസ്, ഷീന സജിമോൻ, ഡോ.സൂസൻ ചാക്കോ, അനിത ജോസഫ്, ഉഷ ചാക്കോ, അഞ്ചു ജിതിൻ, റീനു ചെറിയാൻ, മില്ലി ഫിലിപ്പ്, ഷീബ അലൗസിസ്, ദീപ വിഷ്ണു എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

ഫാൻസിമോൾ പള്ളത്തുമഠം നന്ദി അറിയിച്ചു.

മയൂര സ്കൂൾ ഓഫ് ആർട്സ് ഒരുക്കുന്ന മൺസൂൺ അനുരാഗ നൃത്തശിൽപ്പം 23ന്

യോങ്കേഴ്സ്, ന്യൂ യോർക്ക്: പ്രസിദ്ധ നടിയും നർത്തകിയുമായ രചന നാരായണൻ കുട്ടിയുടെ സൃഷ്ടി സെന്റർഫോർ ആർട്ട്സ് ആൻഡ് കൾച്ചറും ബിന്ധ്യ ശബരി നേതൃത്വം നൽകുന്ന മയൂര സ്കൂൾ ഓഫ് ആർട്ട്സും ചേർന്ന് ഒരുക്കുന്ന മൺസൂൺ അനുരാഗ നൃത്തശിൽപ്പം ഈ മാസം 23 നു ന്യൂ ജേഴ്സിയിൽ വെയ്നിൽ അരങ്ങേറുന്നു.

മയൂരയിൽ നിന്നുള്ള സീനിയർ നർത്തകിമാർക്കൊപ്പം സൃഷ്ടിയിൽ നിന്നുള്ള നർത്തകരും പങ്കെടുക്കും.

മഴയുടെ സൗന്ദര്യം, ഋതുക്കളുടെ മാറ്റം, പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യം തുടങ്ങിവയെല്ലാം വിഷയമായാണ് ഈ നൃത്തശില്പം രൂപപ്പെടുത്തിയിട്ടുള്ളതെന്ന് യോങ്കേഴ്സ് മലയാളി അസോസിയേഷന്റെ പ്രവർത്തനോദ്ഘാടനത്തിൽ രചന നാരായണൻ കുട്ടി പറഞ്ഞു. ഇതിനു മോഹൻലാൽ തയ്യാറാക്കിയ അവതരണവും അവർ പുറത്തു വിട്ടു.

2018ൽ പ്രളയം ഉണ്ടായപ്പോൾ ഇവിടെ നിന്നുമെല്ലാം വലിയ സഹായങ്ങൾ നാട്ടിലേക്കെത്തുകയുണ്ടായി. കലാകാരി എന്ന നിലയിൽ തനിക്ക് എന്ത് ചെയ്യാനാവുമെന്ന ചിന്തയിൽ നിന്നാണ് ഈ നൃത്തശിൽപ്പത്തെപ്പറ്റിയുള്ള ആശയം ജനിക്കുന്നത്. ഒരുപാട് പേർ ഇതിനു പിന്തുണ നൽകി. ന്യൂ ജേഴ്സിയിൽ ഇത് 27-ാമത് സ്റ്റേജ് ആണ്. നേരത്തെ ഇന്ത്യയിൽ പല സ്ഥലത്തും ഇത് അവതരിപ്പിച്ചു.

മയൂരയിൽ പഠിച്ച് അരങ്ങേറ്റം കഴിഞ്ഞ കുട്ടികളാണ് ഇതിൽ പങ്കെടുക്കുന്നതെന്ന് ബിന്ധ്യ ശബരി പറഞ്ഞു. 23ന് വൈകിട്ട് 6 മുതൽ 8.30 വരെ റോസൻ പെർഫോമിംഗ് ആർട്സ് സെന്റർ, വെയിൻ, ന്യൂജേഴ്സിലാണ് പരിപാടി നടക്കുക.

യോങ്കേഴ്സ് മലയാളി അസോസിയേഷന്റെ പ്രവർത്തനോദ്ഘാടനവും കലാപരിപാടികളും രചന നാരായണൻകുട്ടി നിർവഹിച്ചു

ന്യൂയോർക്ക്: യോങ്കേഴ്സ് മലയാളി അസോസിയേഷന്റെ 2024 ലെ പ്രവർത്തനോദ്ഘാടനവും കലാപരിപാടികളും പ്രശസ്ത നടിയും നർത്തകിയുമായ രചന നാരായണൻ കുട്ടി നിർവഹിച്ചു.

മഴയും തണുപ്പും അവഗണിച്ച് നിരവധി പേർ യോങ്കേഴ്സ് പബ്ലിക്ക് ലൈബ്രറി അങ്കണത്തിൽ നടന്ന പരിപാടിയിൽ പങ്കെടുത്തു. ഫൊക്കാനയുടെയും ഫോമയുടെയും നേതാക്കളുടെ സാന്നിധ്യവും ശ്രദ്ധേയമായി. പ്രവേശനവും ഭക്ഷണവും സൗജന്യമായിരുന്നു.

ബിന്ധ്യ ശബരിയുടെ നേതൃത്വത്തിലുള്ള മയൂര ആർട്ട്സ്, ലിസ ജോസഫ് നേതൃത്വം നൽകുന്ന നാട്യമുദ്ര എന്നിവ അവതരിപ്പിച്ച നൃത്തങ്ങൾ ഹൃദയഹാരിയായി. സിജി ആനന്ദും ജന്യ പീറ്ററും ഗാനങ്ങൾ ആലപിച്ചു.

ലിസ് ദീപു ആയിരുന്നു എംസി. അസോസിയേഷൻ പ്രസിഡന്റ് പ്രദീപ് നായർ ആമുഖ പ്രസംഗം നടത്തി. സെക്രട്ടറി ജോഫ്രിൻ ജോസ് സ്വാഗതവും ട്രഷറർ ഷോളി കുമ്പിളുവേലി നന്ദിയും പറഞ്ഞു.

അപ്രതീക്ഷിതമായാണ് കെ.എച്ച്.എൻ.എ കൺവൻഷനിൽ വച്ച് പ്രദീപ് നായരെ കണ്ടതും ഇവിടെ വരാൻ കഴിഞ്ഞതുമെന്ന് രചന നാരായണൻ കുട്ടി പറഞ്ഞു. കൾച്ചറൽ പ്രോഗ്രാംസ് സംഘടിപ്പിക്കുന്നവരെ താൻ ഏറെ ആദരിക്കുന്നു. പണ്ട് കാലത്തു രാജാക്കന്മാരാണ് കലകളെയും കലാകാരന്മാരെയും പ്രോത്സാഹിപ്പിച്ചിരുന്നത്. ഇന്നിപ്പോൾ അത് സ്പോൺസർമാരായി. അമേരിക്കയിലും ഭാരതീയ സംസ്കാരത്തെ ഉയർത്തിപ്പിടിക്കാൻ അവർ ശ്രമിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്.

ഭിന്നതകൾക്കിടയിലും നമ്മെ ഒന്നിപ്പിക്കുന്നത് കലയാണ്. ഭക്ഷണവും ഇതുപോലെ നമ്മെ ഒന്നിപ്പിക്കുന്നതാണെന്നു കരുതുന്നു. പരസ്പരമുള്ള ബന്ധങ്ങളും സ്നേഹവും വളർത്തുന്നതിനുള്ള ശ്രമങ്ങളെയെല്ലാം നാം ആദരപൂർവം കാണുന്നു- അവർ ചൂണ്ടിക്കാട്ടി.

"You talk when you cease to be at peace with your thoughts."

- Kahlil Gibran, The Prophet

"Every heart sings a song, incomplete, until another heart whispers back. Those who wish to sing always find a song. At the touch of a lover, everyone becomes a poet."

- Plato

ഫോമ അന്തർദേശീയ കൺവൻഷൻ: രജിസ്ട്രേഷൻ കമ്മിറ്റി ഭാരവാഹികളെ തിരഞ്ഞെടുത്തു. വെബ്സൈറ്റും പ്രവർത്തനസജ്ജമായി

ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്കാസ് (ഫോമ) എട്ടാമത് അന്തർദേശീയ കൺവൻഷന്റെ ഭാഗമായുള്ള രജിസ്ട്രേഷൻ കമ്മിറ്റി ഭാരവാഹികളെ തിരഞ്ഞെടുത്തു. ഫോമ പ്രസിഡന്റ് ഡോ. ജേക്കബ് തോമസ്, ജനറൽ സെക്രട്ടറി ഓജസ് ജോൺ എന്നിവരാണ് ഇക്കാര്യം അറിയിച്ചത്. ഇതോടൊപ്പം തന്നെ കൺവെൻഷന്റെ ഭാഗമായുള്ള വെബ്സൈറ്റും പ്രവർത്തനസജ്ജമായതായും ഭാരവാഹികൾ വ്യക്തമാക്കി.

സജൻ മൂലപ്ലാക്കൽ ചെയർമാൻ മങ്ക മലയാളി അസോസിയേഷൻ ഒഫ് നോർത്തേൺ കാലിഫോർണിയ, കുര്യാക്കോസ് വർഗീസ് ഡബ്ല്യു.എം.എ, ഷീജ അജിത്ത് ഫ്ളോറിഡ, രാജേഷ് കുട്ടി മിഷിഗൺ, ലിജോ ജോർജ് പെൻസിൽവാനിയ ഫിലാഡൽഫിയ എന്നിവരാണ് രജിസ്ട്രേഷൻ നടപടികൾക്ക് നേതൃത്വം നൽകുന്നത്.

ഓഗസ്റ്റ് 8 മുതൽ 11 വരെ ഡൊമിനിക്കൻ റിപ്പബ്ലിക്കിലെ ലോകപ്രശസ്തമായ പുന്റാ കാനയിലെ ബാർസലോ ബവാരോ പാലസ് 'ഓൾ ഇൻക്ലൂസീവ്' ഫൈവ് സ്റ്റാർ ഫാമിലി റിസോർട്ടിലാണ് ഇന്റർനാഷണൽ കൺവെൻഷൻ നടത്തുന്നത്. ആഗോള മലയാളി സംഘടനകളുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇത്രയും വിപുലമായ നിലയിൽ കൂട്ടായ്മയുടെ തിളക്കത്തിൽ കൺവെൻഷൻ നടത്തുന്നത്.

കൗൺസിൽ ഓഫ് ഇന്ത്യൻ ഓർത്തഡോക്സ് ചർച്ചസിനു നവനേതൃത്വം

- ജോസഫ് പാപ്പൻ

ന്യൂയോർക്ക്: ബ്രൂക് ലിൻ, ക്യൂൻസ്, ലോങ്ങ് ഐലൻഡ് ഏരിയയിലുള്ള ഓർത്തഡോക്സ് ഇടവകകളുടെ കൂട്ടായ്മയായ കൗൺസിൽ ഓഫ് ഇന്ത്യൻ ഓർത്തഡോക്സ് ചർച്ചിന്റെ 2024 വർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുത്തു.

മാർച്ച് മൂന്നാം തീയതി ചെറി ലെയ്ൻ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചർച്ചിൽ നടന്ന മീറ്റിങ്ങിൽ പ്രസിഡന്റായി ഫാ.ജോൺ തോമസ് ആലുംമൂട്ടിലിനേയും, സെക്രട്ടറിയായി ഫിലിപ്പോസ് സാമുവേലിനേയും (സാം) തെരഞ്ഞെടുത്തു.

ഷാബു മാമ്മൻ (ട്രസിറ്റി), ഫാ.ജോർജ് മാത്യു (ക്വയർ ഡയറക്ടർ), ജോസഫ് പാപ്പൻ (ക്വയർ മാസ്റ്റർ), സിസി മാത്യു (ക്വയർ കോ ഓർഡിനേറ്റർ), മോൻസി മാണി, ഗ്രേസ് മോഹൻ, എൽസിക്കുട്ടി മാത്യു (പ്രോഗ്രാം കോഓർഡിനേറ്റർമാർ) എന്നിവരാണ് മറ്റു ഭാരവാഹികൾ. ജോൺ താമരവേലിലാണ് ഓഡിറ്റർ.

ഫാ.ജോൺ തോമസ്, ഫാ.ജോർജ് മാത്യു, ഫാ. ഗ്രിഗറി വർഗീസ് എന്നിവരെ കൂടാതെ ഇടവക പ്രധിനിധികളും പങ്കെടുത്തു. എല്ലാ വർഷവും ക്രിസ്തുമസ് ന്യൂഇയർ ആഘോഷങ്ങളും മൂന്നു ദിവസത്തെ സംയുക്ത കൺവെൻഷനും ഏകദിന ധ്യാനങ്ങളും കൗൺസിലിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു

കാനഡയിൽ ഡോക്ടർ തോമസിനു മികച്ച സേവനത്തിനു ലൈഫ്ടൈം അവാർഡ്

കാനഡ: കനേഡിയൻ മലയാളി അസോസിയേഷൻ (സി എം എ) ബഹുമുഖ പ്രതിഭയും സാമൂഹിക സേവകനുമായ ഡോക്ടർ തോമസ് തോമസിനെ ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ് നൽകി ആദരിച്ചു.

മിസിസൗഗയിൽ നടന്ന ചടങ്ങ് ഡോക്ടർ തോമസിന്റെ സാംസ്കാരിക, വിദ്യാഭ്യാസ, രാഷ്ട്രീയ, ജീവകാരുണ്യ രംഗങ്ങളിലെ സംഭാവനകൾക്കുള്ള അംഗീകാരമായിരുന്നു.

സമൂഹത്തിൽ ആദരണീയ സ്ഥാനമുള്ള തോമസ് 20 വർഷത്തിലേറെ ഡഫറിൻ പീൽ കാത്തലിക് സ്കൂൾ ബോർഡ് ട്രസ്റ്റി എന്ന നിലയിൽ മികച്ച വിദ്യാഭ്യാസം ഉറപ്പാക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇപ്പോൾ ഇദ്ദേഹം ബോർഡിൽ ഉപാധ്യക്ഷനാണ്.

മലയാളി സമൂഹത്തിന്റെ സാംസ്കാരിക ഉന്നമനത്തിനു തോമസ് മികച്ച സംഭാവന നൽകി. ഫൊക്കാനയുടെ പ്രസിഡന്റും സെക്രട്ടറിയും ആയിരുന്നു. ക്രിസ്ത്യൻ എക്യൂമിനിക്കൽ സൊസൈറ്റി സെക്രട്ടറി, സി എം എ പ്രസിഡന്റ്, ഫോമാ കാനഡ റീജൻ വൈസ് പ്രസിഡന്റ്, പനോരമ ഇന്ത്യ ഡയറക്ടർ എന്നീ സ്ഥാനങ്ങളും വഹിച്ചു.

റിയൽ എസ്റ്റേറ്റ് രംഗത്തും പ്രവർത്തിക്കുന്ന തോമസിന്റെ സേവനം ജീവകാരുണ്യ രംഗത്തും കുടിയേറ്റക്കാർക്കുള്ള അഭയകേന്ദ്രങ്ങളിലും ലഭിച്ചുവരുന്നു.

ബേബി മണക്കുന്നേലിന്റെ നേതൃത്വത്തിലുള്ള ഫോമാ ടീം യൂണിറ്റി മത്സര രംഗത്ത്

- മാത്യുക്കുട്ടി ഈശോ

ന്യൂയോർക്ക്: മലയാളീ സംഘടനകളുടെ സംഘടനയായ ഫോമയുടെ 2024-2026 ദ്വൈവാർഷിക കാലത്തേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ആസന്നമായപ്പോൾ ചുറുചുറുക്കും, യുവത്വവും, പ്രവൃത്തി പരിചയവും, അഖണ്ഡതയും, നിശ്ചയദാർഢ്യവുമുള്ള യുവ നേതാക്കളെ അണിനിരത്തി ഹൂസ്റ്റണിലെ അഭിമാന പ്രതീകമാണ് ബേബി മണക്കുന്നേലിന്റെ നേതൃത്തത്തിലുള്ള ഫോമ ടീം യൂണിറ്റി.

ബേബി മണക്കുന്നേൽ ഫോമാ പ്രസിഡന്റ് സ്ഥാനാർഥി മലയാളീ അസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ ഹൂസ്റ്റൺ (എം.എ.ജി.എച്)പ്രസിഡന്റ്, ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്കയുടെ പ്രസിഡന്റ്, ഓവർസീസ് ഇന്ത്യൻ കൾച്ചറൽ കോൺഗ്രസ് പ്രസിഡന്റ്, സൗത്ത് ഇന്ത്യൻ യു. എസ്. ചേംബർ ഓഫ് കൊമേഴ്സ് പ്രസിഡന്റ്, ഹൂസ്റ്റൺ ക്നാനായ ഹോംസ് പ്രസിഡന്റ്, ഹൂസ്റ്റണിലെ വിവിധ മലയാളീ അസോസിയേഷനുകളിലെ അംഗം, ഫോമായുടെ തുടക്ക കാലം മുതലുള്ള സജീവ പ്രവർത്തകൻ, ഹിൽട്ടൺ ഓഫ് അമേരിക്കയിൽ നടന്ന ഫോമായുടെ 2008ലെ ആദ്യത്തെ കൺവെൻഷൻ ചെയർമാൻ എന്നിങ്ങനെ എണ്ണിയാലൊതുങ്ങാത്ത വിവിധ സ്ഥാനങ്ങളിൽ സ്തുത്യർഹ സേവനം കാഴ്ചവച്ച് പ്രവൃത്തി പരിചയമുള്ള ഹൂസ്റ്റണിലെ മലയാളികളുടെ ഇടയിലെ നിറ സാന്നിധ്യമായ ബേബി മണക്കുന്നേലാണ് ഫോമായുടെ 2024-2026 വർഷത്തേക്കുള്ള പ്രസിഡന്റ് ആയി മത്സരിക്കുവാൻ ഇത്തവണ രംഗത്തുള്ളത്. കഴിഞ്ഞ കുറെ വർഷങ്ങളായി അനേകം സംഘടനകളിൽ വിവിധ ഔദ്യോഗിക സ്ഥാനങ്ങൾ അനായാസേന കൈകാര്യം ചെയ്തുള്ള പ്രവൃത്തി പരിചയം ഫോമായുടെ 2024-2026 ടേമിലെ പ്രസിഡന്റ് ആയി ഫോമായെ ഉയരങ്ങളിലേക്ക് എത്തിക്കുവാൻ ബേബിക്ക് സാധിക്കും എന്നവകാശപ്പെടുന്നു.

ബൈജു വർഗ്ഗീസ്- ജനറൽ സെക്രട്ടറി സ്ഥാനാർഥി

ന്യൂജേഴ്സിയിലെ പ്രശസ്ത മലയാളീ സംഘടനയായ കേരളാ അസോസിയേഷൻ ഓഫ് ന്യൂ ജേഴ്സിയുടെ (കെഎഎൻജെ) നിലവിലെ പ്രസിഡന്റും, 2020-2022 വർഷത്തെ ഫോമാ മിഡ് അറ്റ്ലാന്റിക് റീജിയണൽ വൈസ് പ്രസിഡന്റും 2022ൽ നടന്ന കാൻകൂണിലെ ഫോമാ കൺവെൻഷനിലെ ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച് ഏവരുടെയും പ്രശംസ പിടിച്ചു പറ്റിയ വ്യക്തി. കോവിഡ് കാലത്ത് ന്യൂജേഴ്സിയിലും പരിസര പ്രദേശങ്ങളിലുമുള്ള മലയാളീ സമൂഹത്തിന് മലയാളീ ഹെല്പ് ലൈനിലൂടെ സഹായ പ്രവർത്തനങ്ങൾ ഭംഗിയായി ഏകോപിപ്പിക്കാൻ കഴിഞ്ഞ വ്യക്തി എന്ന നിലയിലും, ഐ.ടി. രംഗത്തെ വിദഗ്ദ്ധൻ എന്ന നിലയിലും ന്യൂജേഴ്സിയിലെയും മറ്റു വിവിധ സംസ്ഥാനങ്ങളിലെയും മലയാളികളുടെ ഉറ്റ സുഹൃത്ത് എന്ന നിലയിലും പ്രശസ്തനും ഊർജ്ജസ്വലനുമായ ബൈജു വർഗീസാണ് ബേബി മണക്കുന്നേലിന്റെ ടീമിലെ ഫോമാ ജനറൽ സെക്രട്ടറി സ്ഥാനാർഥി. എപ്പോഴും പോസിറ്റീവ് ചിന്താഗതി ഉള്ളവനും, പ്രശ്ന പരിഹാരത്തിന് പ്രഗത്ഭനും, പ്രതിസന്ധികളെ തരണം ചെയ്ത് സംഘടനയെ മുന്നോട്ട് നയിക്കുവാൻ പ്രാപ്തനുമാണ് ബൈജു. കെഎൻഎൻജെയുടെ ജോയിന്റ് ട്രഷറർ, ജനറൽ സെക്രട്ടറി, വൈസ് പ്രസിഡന്റ്, ഫോമാ കൺവെൻഷൻ രജിസ്ട്രേഷൻ കോർഡിനേറ്റർ തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. അമേരിക്കയിലെ മലയാളീസമൂഹത്തിന്റെ വിവിധ ആവശ്യങ്ങൾക്ക് വേണ്ടി മുൻ നിരയിൽ നിന്ന് പ്രവർത്തിക്കുവാനുള്ള നല്ലൊരു അവസരമാണ് ഫോമാ ജനറൽ സെക്രട്ടറി സ്ഥാനം എന്ന് ഉറച്ച് വിശ്വസിക്കുന്ന വ്യക്തിയാണ് ആ സ്ഥാനത്തേക്ക് മത്സരിക്കുന്ന ഏറ്റവും യോഗ്യനായ ബൈജു വർഗ്ഗീസ്.

സിജിൽ പാലക്കലോടി- ട്രഷറർ സ്ഥാനാർഥി

ഫോമാ വെസ്റ്റേൺ റീജിയൺ നാഷണൽ കമ്മറ്റി മെമ്പർ, കാൻകൂൺ കൺവെൻഷൻ വെസ്റ്റേൺ റീജിയൺ കോർഡിനേറ്റർ, നിലവിൽ ഫോമാ വെസ്റ്റേൺ റീജിയൺ ബിസിനസ് ഫോറം ചെയർമാൻ തുടങ്ങി ഫോമായുടെ പ്രാരംഭകാലം മുതൽ അതിന്റെ എല്ലാ പ്രവർത്തന രീതിയും മനസിലാക്കിയിട്ടുള്ള പ്രഗത്ഭനായ സിജിൽ ജോർജ് പാലക്കലോടിയാണ് യൂണിറ്റി ടീമിന്റെ ട്രഷറർ സ്ഥാനാർഥി. സാക്രമെന്റോ മലയാളി അസോസിയേഷന്റെ ട്രഷറർ, സെക്രട്ടറി, പ്രസിഡന്റ്, ചെയർമാൻ എന്നീ നിലകളിൽ ശോഭിച്ച സിജിൽ മലയാളി മനസ്സ്എന്ന മലയാള വാരികയുടെ പത്രാധിപർ, ഇന്ത്യ പ്രസ് ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്കയുടെ ഫ്ലോറിഡ ചാപ്റ്റർ പ്രഥമ പ്രസിഡന്റ്, നാഷണൽ ജോയിന്റ് ട്രഷറർ, സീറോ മലബാർ കാത്തലിക്ക് കോൺഗ്രസ് ചിക്കാഗോ രൂപതാ ട്രഷറർ, സെക്രട്ടറി, പ്രസിഡന്റ്, ഇന്ത്യൻ അസോസിയേഷൻ ഓഫ് സാക്രമെന്റോ ട്രഷറർ തുടങ്ങി നിരവധി ഔദ്യോഗിക സ്ഥാനങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച ആളാണ്. ഫോമാ ട്രഷറർ സ്ഥാനത്തേക്ക് മത്സരിക്കുന്ന സിജിൽ ഫോമയ്ക്ക് ഒരു മുതൽക്കൂട്ട് തന്നെ.

ഷാലു പുന്നൂസ്- വൈസ് പ്രസിഡന്റ് സ്ഥാനാർഥി

വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്ന യുവ നേതാവ് ഷാലു പുന്നൂസ് ഫിലാഡൽഫിയയിലെ മലയാളീ സമൂഹത്തിനിടയിൽ സുപരിചിതനാണ്. യുവജനങ്ങളുടെ ഇടയിൽ പ്രിയങ്കരനും സ്വാധീനവുമുള്ള യുവ നേതാവാണ് ഷാലു. മലയാളി അസോസിയേഷൻ ഓഫ് ഫിലാഡൽഫിയ (മാപ്പ്) എന്ന പ്രശസ്ത സംഘടനയുടെ പ്രസിഡന്റായി രണ്ടു വർഷം വ്യത്യസ്തമായ രീതിയിൽ പ്രവർത്തനം കാഴ്ചവച്ചപ്പോൾ മലയാളികൾക്ക് ഷാലുവിന്റെ സംഘടനാ നേതൃത്വ പാടവം മനസ്സിലായതാണ്. തനിക്ക് ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ മാത്രം പറയുകയും പറയുന്ന കാര്യങ്ങൾ മുഴുവൻ വിജയപ്രദമായി പ്രവർത്തിച്ചു കാണിക്കുകയും ചെയ്യുക എന്നത് ഷാലുവിന്റെ പ്രത്യേകതയാണ്. ഫിലാഡൽഫിയ പ്രിസൺ ഡിപ്പാർട്ട്മെന്റിൽ ഉദ്യോഗസ്ഥനായ ഷാലുവിന്റെ കഠിനാധ്വാനവും പ്രവർത്തനമികവും, എല്ലാവരുമായുള്ള സൗഹൃദ ബന്ധവും, സഹായമനസ്കതയും കണക്കിലെടുത്ത് പെൻസിൽവാനിയ പോലീസ് ഡിപ്പാർട്ട്മെന്റ് അവരുടെ ഉപദേശക സമിതി ഏഷ്യൻ കമ്മ്യൂണിറ്റി പ്രതിനിധിയായി അദ്ദേഹത്തെ നിയമിച്ചു. മാപ്പ് ട്രസ്റ്റീ ബോർഡ് അംഗം, എക്യൂമെനിക്കൽ ഫെലോഷിപ് ജനറൽ സെക്രട്ടറി, ഫോമാ നാഷണൽ കമ്മറ്റി അംഗം, ജീവകാരുണ്യ രംഗത്തെ പ്രവർത്തന പരിചയം എന്നിവ പരിഗണിച്ചാൽ പ്രവർത്തന മികവിനാൽ ഫോമായുടെ അടുത്ത കാലാവധിലേക്കുള്ള വൈസ് പ്രസിഡന്റ് ആയി തെരഞ്ഞെടുക്കപ്പെടുവാൻ ഏറ്റവും യോഗ്യനായ വ്യക്തിയാണ് ഷാലു പുന്നൂസ്.

പോൾ പി.ജോസ് -ജോയിന്റ് സെക്രട്ടറി സ്ഥാനാർഥി

ഫോമാ ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിക്കുന്ന ടീം യൂണിറ്റി അംഗമാണ് പോൾ പി. ജോസ്. ന്യൂയോർക്കിലെ ആദ്യകാല സംഘടനയായ അര നൂറ്റാണ്ടു പിന്നിട്ട കേരളാസമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്കിന്റെ ഗോൾഡൻ ജൂബിലി പ്രസിഡന്റാണ് പോൾ ജോസ്. ഫോമായുടെ ന്യൂയോർക്ക് മെട്രോ റീജിയൻ ആർ.വി.പി ആയ പോൾ ന്യൂയോർക്കിലെ മറ്റു പല സംഘടനകളിലെയും ഔദ്യോഗിക സ്ഥാനത്തു പ്രവർത്തിക്കുന്നു. ഇന്ത്യ കാത്തലിക് അസോസിയഷൻ ഓഫ് അമേരിക്കയുടെ മുൻ പ്രസിഡന്റ്, ബോർഡ് ഓഫ് ട്രസ്റ്റീ ചെയർമാൻ, നോർത്ത് ഹെംപ്സ്റ്റഡ് മലയാളി അസോസിയേഷൻ ജോയിന്റ് ട്രഷറർ, ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് സെക്രട്ടറി, വൈസ് മെൻ ക്ലബ്ബ് ട്രഷറർ, കേരളാ സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്ക് മുൻ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തന പരിചയമുള്ള പോൾ ഫോമായുടെ ജോയിന്റ് സെക്രട്ടറിയായി പ്രവർത്തിക്കുവാൻ യോഗ്യനാണ്.

അനുപമ കൃഷ്ണൻ- ജോയിന്റ് ട്രഷറർ സ്ഥാനാർഥി

ഒഹായോ സംസ്ഥാനത്ത് ലൈറ്റിങ് വ്യവസായത്തിലെ ഒരു സപ്ലൈ ചെയിൻ കമ്പനിയുടെ ഡയറക്ടർ ആയി പ്രവർത്തിക്കുന്ന, മലയാളി കമ്മ്യൂണിറ്റിയിലെ അറിയപ്പെടുന്ന ഒരു വ്യക്തിയുമായ അനുപമ കൃഷ്ണൻ ജോയിന്റ് ട്രഷറർ സ്ഥാനത്തേക്ക് ഏറ്റവും യോഗ്യയായ വ്യക്തിയാണ് എന്ന് മനസ്സിലാക്കി പ്രസ്തുത സ്ഥാനത്തേക്ക് മത്സരിപ്പിക്കുന്നു. ഫോമായുടെ സജീവ പ്രവർത്തകയായ അനുപമ കേരളാ അസോസിയേഷൻ ഓഫ് ഒഹായോയുടെ (കെ.എ.ഒ)മുൻ പ്രസിഡന്റാണ്. നിലവിൽ ഗ്രേറ്റ് ലേക്സ് വിമൻസ് ഫോറത്തിന്റെ ചെയർപേഴ്സൺ ആയി പ്രവർത്തിക്കുകയാണ് അനു. കെ.എ.ഒ എന്ന സംഘടനയുടെ സജീവ പ്രവർത്തകയായ അനുപമ പ്രസ്തുത സംഘടനയിൽ വൈസ് പ്രസിഡന്റ് എന്ന നിലയിലും, പ്രസിഡന്റ് എന്ന നിലയിലും മികച്ച സേവനമാണ് കാഴ്ചവച്ചത്. പ്രശ്നങ്ങളെ ചെറു പുഞ്ചിരിയോടെ നേരിട്ട് വളരെ തന്മയത്വത്തോടെ പ്രശ്ന പരിഹാരം കണ്ടെത്താൻ പ്രത്യേക കഴിവുള്ള വ്യക്തിയാണ് അനുപമ. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ അതീവ തല്പരയായ അനു ഫോമായിലൂടെയും നല്ല നിലയിൽ ചാരിറ്റി പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കണം എന്ന ആഗ്രഹം മനസ്സിൽ സൂക്ഷിക്കുന്നു. ഫോമായുടെ ജോയിന്റ് ട്രഷറർ ആയാൽ ആ സ്ഥാനത്ത് ആത്മാർഥമായും സത്യസന്ധമായും പ്രവർത്തിക്കണമെന്ന് നിബന്ധമുള്ള വ്യക്തിയാണ് അനുപമ.

സി ഡി സി 5 ദിവസത്തെ കോവിഡ് ഐസൊലേഷൻ മാർഗ്ഗനിർദ്ദേശങ്ങൾ ഉപേക്ഷിക്കുന്നു

ന്യൂയോർക്ക് : 2021 അവസാനത്തിനുശേഷം സിഡിസിയുടെ ക്വാറന്റൈൻ മാർഗ്ഗനിർദ്ദേശങ്ങളിലേക്കുള്ള ആദ്യ അപ്ഡേറ്റാണിത്.

യുഎസ് സെന്റർസ് ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷന്റെ (സിഡിസി) വെള്ളിയാഴ്ച പ്രസ്താവന പ്രകാരം, കോവിഡ് 19 പോസിറ്റീവ് പരിശോധനയ്ക്ക് ശേഷം അഞ്ച് ദിവസത്തേക്ക് ഐസൊലേഷൻ ആവശ്യമില്ല.

പുതിയ മാർഗ്ഗനിർദ്ദേശം ആളുകളോട് അസുഖമുണ്ടെങ്കിൽ വീട്ടിൽ തന്നെ തുടരാൻ പറയുന്നു, എന്നാൽ അവർക്ക് സുഖം തോന്നുകയും 24 മണിക്കൂർ പനി ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ, അവർക്ക് സ്കൂളിലേക്കോ ജോലിയിലേക്കോ മടങ്ങാം.

കൈ കഴുകുമ്പോഴും ശാരീരിക അകലം പാലിക്കുമ്പോഴും നല്ല വായു സഞ്ചാരത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോഴും അഞ്ച് ദിവസത്തേക്ക് മാസ്ക് ധരിക്കുന്നത് തുടരാൻ സിഡിസി ശുപാർശ ചെയ്യുന്നു. ഇൻഫ്ളുവൻസയ്ക്കും മറ്റ് ശ്വാസകോശ സംബന്ധമായ അസുഖങ്ങൾക്കും നൽകുന്ന അതേ മാർഗ്ഗനിർദ്ദേശമാണിത്. തീവ്രമായ രോഗത്തിന് സാധ്യതയുള്ളവരെ സംരക്ഷിക്കുക എന്നതാണ് ഇവിടെ ഞങ്ങളുടെ ലക്ഷ്യം, അതേസമയം ഈ ശുപാർശകൾ ലളിതവും വ്യക്തവും മനസ്സിലാക്കാൻ എളുപ്പമുള്ളതും പിന്തുടരാൻ കഴിയുമെന്നും ജനങ്ങൾക്ക് ഉറപ്പുനൽകുന്നു- സിഡിസി ഡയറക്ടർ മാൻഡി കോഹൻ വെള്ളിയാഴ്ച മാധ്യമങ്ങൾക്ക് നൽകിയ പ്രസ്താവനയിൽ പറഞ്ഞു. വെള്ളിയാഴ്ചത്തെ അപ്ഡേറ്റിന് മുമ്പ്, വൈറസിന് പോസിറ്റീവ് പരീക്ഷിക്കുന്ന ആളുകളോട് കുറഞ്ഞത് അഞ്ച് ദിവസമെങ്കിലും വീട്ടിൽ തന്നെ തുടരാനും നിങ്ങളുടെ വീട്ടിൽ മറ്റുള്ളവരിൽ നിന്ന് ഒറ്റപ്പെടാനും സിഡിസി ആഹ്വാനം ചെയ്തു. ഇത് 2021 അവസാനത്തോടെ നടപ്പിലാക്കിയ ശുപാർശ. പാൻഡെമിക്കിന്റെ തുടക്കത്തിൽ, വൈറസിന് പോസിറ്റീവ് പരീക്ഷിച്ച ആളുകൾക്ക് 10 ദിവസത്തെ ഐസൊലേഷൻ കാലയളവ് ഏജൻസി ശുപാർശ ചെയ്തിരുന്നു.

ഫൊക്കാനയുടെ ഡ്രീം ടീം, ഡ്രീം പ്രൊജക്ട്സ് മലയാളികളുടെ മനസറിഞ്ഞു മുന്നേറുന്നു

– ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂജേഴ്സി: 'ഡ്രീം ടീം, ഡ്രീം പ്രൊജക്ട്സ്' മുദ്രാവാക്യവുമായി സജിമോൻ ആന്റണിയുടെ നേതൃത്തിലുള്ള ടീം അടുത്ത ഫൊക്കാന ഭാരവാഹിത്വത്തിലേക്കുള്ള സ്ഥാനാർഥിത്വം പ്രഖ്യാപിച്ചു ഒരു വർഷം തികയുമ്പോൾ അമേരിക്കയിലെയും കാനഡയിലേയും അസോസിയേഷനുകളുടെ അംഗീകാരം നേടി മുന്നേറുകയാണ്. ഡ്രീം ടീം അവരുടെ പ്രവർത്തനവുമായി ബഹുദൂരം മുന്നേറുമ്പോൾ അമേരിക്കൻ മലയാളീ സമൂഹത്തിൽ വൻപിച്ച സ്വീകാര്യതയാണ് ലഭിക്കുന്നത്.

അമേരിക്കയിലെയും കാനഡയിലെയും മിക്ക അസോസിയേഷനുകളെയും ഉൾപ്പെടുത്തി വളരെ അധികം പ്രൊജക്ടുകളുമായാണ് ഡ്രീം ടീം മുന്നോട്ട് പോകുന്നത്. അതുകൊണ്ട് തന്നെയാണ് 'ഡ്രീം ടീം, ഡ്രീം പ്രൊജക്ട്സ്' എന്ന പേര് തന്നെ ഈ ടീമിന് നൽകാനുണ്ടായ കാരണം. തനതായ ഉദ്ദേശ്യത്തോടും പ്ലാനോടും കൂടിയാണ് ഈ ടീം മുന്നോട്ട് പോകുന്നത്.

സ്ഥാനാർഥികൾ ആയി മത്സരിക്കുന്ന പ്രസിഡന്റ് സജിമോൻ ആന്റണി, ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് പ്രവീൺ തോമസ്, വൈസ് പ്രസിഡന്റ് വിപിൻ രാജു, വിമെൻസ് ഫോറം ചെയർ രേവതി പിള്ള, അസോസിയേറ്റ് സെക്രട്ടറി മനോജ് ഇടമന, ട്രഷറർ ജോൺ കല്ലോലിക്കൽ, സെക്രട്ടറി അപ്പുക്കുട്ടൻ പിള്ള, ട്രഷറർ മില്ലി ഫിലിപ്പ് തുടങ്ങി അമേരിക്കയിലും കാനഡയിലും അറിയപ്പെടുന്ന വ്യക്തിത്വങ്ങളാണ് ഈ ടീമിന്റെ ഭാഗമായിട്ടുള്ളത്.

ജൂലൈ 18, 19, 20 തീയതികളിൽ വാഷിങ്ടണിൽ നടക്കുന്ന ഫൊക്കാന കൺവെൻഷനിൽ രജിസ്റ്റർ ചെയ്തു പങ്കെടുക്കണം എന്നും അപേക്ഷിക്കുന്നു.

ന്യൂയോർക്ക് സിറ്റി സബ് വേകളിൽ നാഷണൽ ഗാർഡിനെ വിന്യസിക്കുമെന്ന് ഗവർണർ ഹോച്ചുൾ

– പി പി ചെറിയാൻ

ന്യൂയോർക്ക്: ന്യൂയോർക്കിൽ അക്രമാസക്തമായ കുറ്റകൃത്യങ്ങൾ തടയുന്നതിനായി 750 ദേശീയ ഗാർഡ്സ്മാൻമാരെയും 250 സ്റ്റേറ്റ് ട്രൂപ്പർമാരെയും ന്യൂയോർക്ക് സബ്വേ സിസ്റ്റത്തിലേക്ക് വിന്യസികുമെന്നു ന്യൂയോർക്ക് ഗവർണർ കാത്തി ഹോച്ചുൾ പറഞ്ഞു.

ഫെബ്രുവരിയിൽ ന്യൂയോർക്ക് സിറ്റി മേയർ എറിക് ആഡംസ് പ്ലാറ്റ്ഫോമുകളിൽ പട്രോളിംഗിനായി 1,000 പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചിരുന്നു എന്നാൽ ക്രമരഹിതമായ ആക്രമണങ്ങൾ തുടരുന്നു. അടുത്തിടെ ജോലിക്കിടെ നിരവധി ട്രാൻസിറ്റ് തൊഴിലാളികൾക്ക് പരിക്കേറ്റു.

എ ട്രെയിനിലെ കണ്ടക്ടറെ വെട്ടിയതിനെ തുടർന്ന് കഴിഞ്ഞയാഴ്ച യൂണിയൻ താൽക്കാലികമായി സർവീസ് നിർത്തിവച്ച നടപടി ട്രാൻസ്പോർട്ട് വർക്കേഴ്സ് യൂണിയന് യോജിച്ചതല്ല. ട്രെയിൻ ദുരേക്ക് നീങ്ങുമ്പോൾ ഒരു അജ്ഞാത അക്രമി എറിഞ്ഞ ഗ്ലാസ് കുപ്പിയിൽ തട്ടിയതായി മറ്റൊരു വനിതാ കണ്ടക്ടർ പറഞ്ഞു.

പ്ലാറ്റ്ഫോമിലേക്ക് ആയുധങ്ങൾ കൊണ്ടുവരുന്നത് തടയാൻ നാഷണൽ ഗാർഡ് പ്രാഥമികമായി സ്റ്റേഷനിലെ ബാഗുകൾ പരിശോധിക്കും.

അവരുടെ ജോലിയിലേക്കോ കുടുംബത്തെ സന്ദർശിക്കുന്നതിനോ ഡോക്ടറെ സന്ദർശിക്കുന്നതിനോ പോകുന്ന ആരും അവരുടെ അടുത്തിരിക്കുന്ന വ്യക്തിക്ക് മാരകമായ ആയുധം ഉണ്ടെന്ന് ആശങ്കപ്പെടേണ്ടതില്ലെന്നു ഗവർണർ പറഞ്ഞു.

ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പുതിയ ഭരണസമിതിയുടെ പ്രവർത്തനോദ്ഘാടനം നടന്നു

– അനിൽകുമാർ ആറന്മുള

ന്യൂ യോർക്ക്: ഇന്ത്യ പ്രസ് ക്ളബ് ഓഫ് നോർത്ത് അമേരിക്കയുടെ (ഐപിസിഎൻഎ) 2024-2025 വർഷത്തെ പുതിയ ഭരണസമിതിയുടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. റോയൽ ആൽബർട്സ് പാലസിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങ് കേരളത്തിൽ നിന്നും നോർത്ത്അമേരിക്കയിൽ നിന്നുമുള്ള നിരവധി പ്രമുഖരുടെ സാന്നിധ്യം കൊണ്ട് ശ്രദ്ധേയമായി.

അങ്കമാലി എം.എൽ.എ റോജി എം.ജോൺ പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചു. മുഖ്യാതിഥിയായി ന്യൂയോർക്കിലെ ഇന്ത്യൻ കോൺസൽ ജനറൽ ബിനയ ശ്രീകാന്ത് പ്രധാൻ പങ്കെടുത്തു. ജഡ്ജി ജൂലി മാത്യു പ്രധാന അതിഥി. പ്രസ് ക്ലബ് നാഷണൽ സെക്രട്ടറി ഷിജോ പൗലോസ്, ട്രഷറർ വിശാഖ് ചെറിയാൻ, പ്രസ് ക്ലബ് അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം, ജോയിന്റ് സെക്രട്ടറി ആശ മാത്യു, ഫൊക്കാന പ്രസിഡന്റ് ഡോക്ടർ ബാബു സ്റ്റീഫൻ, ഫോമാ നാഷണൽ ട്രഷറർ ബിജു തോണിക്കടവിൽ, വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ പ്രസിഡന്റ് തോമസ് മൊട്ടക്കൽ, അഡ്വൈസറി ബോർഡ് അംഗങ്ങൾ, ആദിത്യമരുളുന്ന ന്യൂ യോർക്ക് ചാപ്റ്റർ പ്രസിഡന്റ് ഷോളി കുമ്പിളുവേലി, മറ്റു ഭാരവാഹികളും പങ്കെടുത്തു. പ്രസിഡന്റ് ഷോളി കുമ്പിളുവേലിയുടെ നേതൃത്വത്തിലുള്ള ന്യൂ യോർക്ക് ചാപ്റ്ററിന്റെ ഉദ്ഘാടനവും നടന്നു.

റോജി ജോൺ എം.എൽ.എ. ഉദ്ഘാടന പ്രസംഗത്തിൽ തന്റെ രണ്ടു മുൻസന്ദർശനങ്ങളും പ്രസ് ക്ലബുമായി ബന്ധപ്പെട്ടായിരുന്നു എന്നദ്ദേഹം അനുസ്മരിച്ചു. ഇന്ത്യയിൽ മാത്രമല്ല ലോകം മുഴുവൻ മാധ്യമ പ്രവർത്തനം വലിയ പ്രതിസന്ധി നേരിടുകയാണ്. ഭരണകൂടങ്ങളുടെ സമ്മർദം, മാധ്യമ മുതലാളിമാരുടെ സാമ്പത്തിക താൽപര്യം, സോഷ്യൽ മീഡിയയുടെ അതിപ്രസരം എല്ലാം മാധ്യമ പ്രവർത്തനത്തിന് ഭീഷണിയാണ്. വേൾഡ് പ്രസ് ഫ്രീഡത്തിന്റെ പുതിയ കണക്കുകകൾ പുറത്തു വന്നപ്പോൾ ഇന്ത്യ ഏറെ പിന്നാലാണ് എന്ന വസ്തുത ഏറെ ആശങ്കപ്പെടുത്തുന്ന ഒന്നാണ്.

മാധ്യമപ്രവർത്തകരെ നിശ്ശബ്ദരാക്കാനുള്ള ശ്രമങ്ങൾ ധാരാളം നടക്കുന്നു. ജനാധിപത്യത്തിന്റെ നാലാം തൂണാണ് മാധ്യമങ്ങൾ. അതുകൊണ്ട് മാധ്യമങ്ങളുടെ സ്വാതന്ത്ര്യം സംരക്ഷിക്കപ്പെടേണ്ടത് അത്യാവശ്യമാണ്. അമേരിക്കയിലെ ഓരോ ചലനങ്ങളും ഒപ്പിയെടുത്ത് മലയാളികൾക്ക് മുന്നിൽ അവതരിപ്പിക്കുന്ന അമേരിക്കയിലെ മലയാളി മാധ്യമപ്രവർത്തകരെ എം.എൽ.എ അഭിനന്ദിച്ചു.

ഗസ്റ്റ് ഓഫ് ഹോണറായി പങ്കെടുത്ത ന്യൂ യോർക്ക് ഇന്ത്യൻ കോൺസൽ ജനറൽ ബിനയ ശ്രീകാന്ത പ്രധാൻ കേരളവുമായി അടുത്ത ബന്ധമാണ് തനിക്കുള്ളതിന്നു ചൂണ്ടിക്കാട്ടി. കൊച്ചിയിൽ പ്രവർത്തിച്ച പരിചയമുണ്ട്. പ്രസ് ക്ലബ്പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാറും, മറ്റു പ്രതിനിധികളുമായി കോൺസുലേറ്റിൽ നടന്ന യോഗത്തെക്കുറിച്ചു അദ്ദേഹം പരാമർശിച്ചു. വിവിധ വിഷയങ്ങളിൽ മാധ്യമപ്രവർത്തകരുമായി നടന്ന ചർച്ചകൾ വളരെ പ്രാധാന്യമുള്ളതായിരുന്നു എന്നദ്ദേഹം കൂടി ചേർത്തു.

ഫൊക്കാന, ഫോമാ, തുടങ്ങി വിവിധ സംഘടനാ നേതാക്കളുമായി വിവിധ വിഷയങ്ങൾ ചർച്ച ചെയ്തിരുന്നു. ഒ.സി.ഐ കാർഡുകൾ ലഭിക്കാൻ തടസ്സമുണ്ടെങ്കിൽ അത് പരിഹരിക്കും. അതിനായി പ്രത്യേക കോൺസുലാർ ക്യാമ്പ് ആരംഭിക്കും. ഇന്ത്യയും അമേരിക്കയും തമ്മിൽ അടുത്ത സൗഹൃദമാണ് ഇപ്പോഴുള്ളത്. ആണവ പരീക്ഷണകാലത്ത് ഇന്ത്യക്ക് അമേരിക്ക ഉപരോധം ഏർപ്പെടുത്തിയിരുന്നു. ആ കാലമൊക്കെ മാറി. ഇപ്പോൾ നല്ല സൗഹൃദത്തിന്റെ കാലമാണെന്നും ദുബായിലെ പോലെ ന്യജേഴ്സിൽ ഇന്ത്യ മാർട്ട് തുടങ്ങാനുള്ള ആലോചനകൾ നടക്കുകയാണെന്നും അദ്ദേഹം അറിയിച്ചു.

അമേരിക്കയിലെ മലയാളി സമൂഹത്തെ ഒന്നിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്നതിൽ മാധ്യമ രംഗം വലിയ പങ്കാണ് വഹിക്കുന്നതെന്ന് ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത ഹൂസ്റ്റണിലെ മലയാളി ജഡ്ജി ജൂലി മാത്യു അഭിപ്രായപ്പെട്ടു. ഇന്ത്യ പ്രസ് ക്ളബ് ഓഫ് നോർത്ത് അമേരിക്ക പുതിയ ഭരണസമിതിയുടെ പ്രവർത്തനങ്ങൾക്ക് എല്ലാ ആശംസകളും നേരുന്നുവെന്നും ജൂലി മാത്യു അറിയിച്ചു.

നവമാധ്യമ കാലത്തിലൂടെയും, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് യുഗത്തിലൂടെയും കടന്നുപോകുന്ന ഈ അവസരത്തിൽ ഇതൊക്കെ എങ്ങനെ മാധ്യമ രംഗത്ത് ഉപകാരപ്രദമാക്കാം എന്നതിനേക്കുറിച്ച ആലോചിക്കുകയും, അപഗ്രഥനം ചെയ്യുകയും, ഈ സാധ്യതകൾ ഉൾക്കൊള്ളാനും എങ്ങനെ ഇതിനെ പ്രായോജകമാക്കാം എന്നുള്ളതിനെക്കുറിച്ചു മനസ്സിലാക്കാനും ഇന്ത്യ പ്രസ് ക്ളബിന്റെ വരും വർഷങ്ങളിലെ പ്രവർത്തനത്തിന്റെ ഭാഗമാക്കുമെന്നും അധ്യക്ഷത വഹിച്ച പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ ചൂണ്ടിക്കാട്ടി.

അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം, ഫൊക്കാന പ്രസിഡന്റ് ഡോ.ബാബു സ്റ്റീഫൻ, ഫോമ നാഷണൽ ട്രഷറർ ബിജു തോണിക്കടവിൽ ഡബ്ള്യു എം.സി ഗ്ളോബൽ പ്രസിഡന്റ് തോമസ് മൊട്ടക്കൽ,ഐപിസിഎൻഎ സെക്രട്ടറി ഷിജോ പൗലോസ് എന്നിവർ പ്രസംഗിച്ചു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എങ്ങനെ മാധ്യമ രംഗത്ത് ഉപയോഗിക്കാമെന്നതിൽ സെമിനാറുകളും പരിശീലന പരിപാടികളും ഈ വർഷം സംഘടിപ്പിക്കുമെന്നും, നോർത്തമേരിക്കയിലെ സംഘടനകളുമായും, നേതാക്കളുമായും ചർച്ചകൾക്കുള്ള വേദി ഒരുക്കാനും, കൂടുതലായി സംഘടനയുടെ കാര്യങ്ങൾ മാധ്യമത്തിലൂടെ അറിയിക്കാനും സഹകരണത്തിനും പുതിയ എക്സിക്യൂട്ടീവ് തീരുമാനമെടുത്തതായും ഐ.പി.സി.എൻ.എ ജോ സെക്രട്ടറി ആശാ മാത്യു അറിയിച്ചു. കേരള മീഡിയ അക്കാദമിയുമായി സഹകരിച്ച് ജേർണലിസം വിദ്യാർത്ഥികൾക്ക് സഹായം നൽകുന്നതിനുള്ള പുതിയ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതായും, കേരളത്തിലെയും ഗൾഫ് മേഖലയിലെയും പ്രസ് ക്ളബുകളുമായി സഹകരിക്കാനായി പ്രസ് ക്ലബ് കണക്ട് തുടങ്ങും എന്നും ആശ പറഞ്ഞു. എല്ലാത്തിനും നോർത്തമേരിക്കൻ മലയാളികളുടെ സഹകരണം അഭ്യർത്ഥിച്ചു.

ഐപിസിഎൻഎ ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡന്റ് ഷോളി കുമ്പിളുവേലി തന്റെ പ്രസംഗത്തിൽ ന്യൂ യോർക്ക് ചാപ്റ്റർ പ്രസ് ക്ലബ്ബിന്റെ പ്രവർത്തനങ്ങളിൽ സജീവമാണെന്നും 2025 ഒക്ടോബറിൽ നടക്കാൻ പോകുന്ന അന്താരാഷ്ട്ര മാധ്യമ കോൺഫെറെൻസിന്റെ വിജയത്തിനായി പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുമെന്നും അറിയിച്ചു. ട്രഷറർ വിശാഖ് ചെറിയാൻ വേദിയിലും സദസ്സിലുമുള്ള എല്ലാവർക്കും നന്ദി അറിയിക്കുകയും, പ്രസ് ക്ലബ്ബുമായി സഹകരിക്കാനും അഭ്യർഥിച്ചു. ഇന്ത്യ പ്രസ് ക്ലബ്ബിന്റെ വക ഫലകം നൽകി റോജി എം ജോൺ കോൺസുൽ ജനറൽ ബിനായ പ്രധാനെ ആദരിക്കുകയും ചെയ്തു.

114 വയസ്സുള്ള എലിസബത്ത് ഫ്രാൻസിസ് യുഎസിൽ ജീവിച്ചിരിക്കുന്ന ഏറ്റവും പ്രായം കൂടിയ വ്യക്തി

- പി പി ചെറിയാൻ

ടെക്സസ്: ഹൂസ്റ്റണിൽ നിന്നുള്ള എലിസബത്ത് ഫ്രാൻസിസ്114-ാം വയസ്സിൽ, ജീവിച്ചിരിക്കുന്ന ഏറ്റവും പ്രായം കൂടിയ അമേരിക്കക്കാരിയായി തിരഞ്ഞെടുക്കപ്പെട്ടു. 114 വർഷവും 214 ദിവസവും പ്രായമുള്ള ഫ്രാൻസിസ്, ലോകത്തിലെ ഏറ്റവും പ്രായം കൂടിയ അഞ്ചാമത്തെ വ്യക്തിയാണെന്ന് വിശ്വസിക്കപ്പെടുന്നു.

ലോംഗെവിക്വസ്റ്റ് പ്രകാരം, കാലിഫോർണിയയിൽ 116 വയസ്സുള്ള എഡി സെക്കറെല്ലിയുടെ മരണശേഷമാണ് എലിസബത്ത് ഫ്രാൻസിസ് യുഎസിൽ ജീവിച്ചിരിക്കുന്ന ഏറ്റവും പ്രായം കൂടിയ വ്യക്തിയായി മാറിയത്. 1909 ജൂലൈ 15 ന് ലൂസിയാനയിലാണ് എലിസബത്ത് ഫ്രാൻസിസ് ജനിച്ചത്.

ജെറന്റോളജി റിസർച്ച് ഗ്രൂപ്പിന്റെ കണക്കനുസരിച്ച്, കാലിഫോർണിയയിൽ 1908ൽ ജനിച്ച 116 വയസ്സുള്ള എഡി സെക്കറെല്ലി വ്യാഴാഴ്ച മരിക്കുന്നതിന് മുമ്പ്, രാജ്യത്തെ ഏറ്റവും പ്രായം കൂടിയ വ്യക്തി മാത്രമല്ല, ലോകത്തിലെ ഏറ്റവും പ്രായം കൂടിയ രണ്ടാമത്തെ വ്യക്തിയായി റെക്കോർഡ് ചെയ്യപ്പെട്ടിരുന്നു.

മുൻ ഹൂസ്റ്റൺ മേയർ സിൽവസ്റ്റർ ടർണർ, മുമ്പ് ട്വിറ്റർ എന്നറിയപ്പെട്ടിരുന്ന തൽ, മിസ് ഫ്രാൻസിസിനെ കുറിച്ച് പോസ്റ്റ് ചെയ്തു. എല്ലാ വർഷവും അവരെ സന്ദർശിക്കാനും, ജന്മദിനം ആഘോഷിക്കാനും താൻ ഇഷ്ടപ്പെടുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

എലിസബത്തിന്റെ ജീവിതത്തിന്റെ ഭൂരിഭാഗവും ടെക്സാസിലായിരുന്നുവെങ്കിലും 1909ൽ ലൂസിയാനയിലാണ് ജനിച്ചത്. അമ്മ മരിച്ചതിന് ശേഷം അവരേയും അവരുടെ അഞ്ച് സഹോദരങ്ങളെയും വ്യത്യസ്ത വീടുകളിലേക്ക് അയച്ചു. എലിസബത്തിനെ ഹൂസ്റ്റണിലേക്ക് അയച്ചു, അവിടെ അവരുടെ അമ്മായിയാണ് വളർത്തിയത്.

ദീർഘായുസ്സ് കുടുംബത്തിൽ പ്രവർത്തിക്കുന്നതായി തോന്നുന്നു. അവരുടെ സഹോദരി, ബെർത്ത ജോൺസൺ 2011ൽ മരിക്കുന്നതുവരെ 106 വയസ്സ് വരെ ജീവിച്ചിരുന്നു. ലോക ചരിത്രത്തിലെ ഏറ്റവും പഴയ സംയോജിത പ്രായമുള്ള സഹോദര ജോഡികളിൽ സഹോദരിമാരും ഉൾപ്പെടുന്നു.

എലിസബേത്ത് ഫ്രാൻസിസ് എല്ലായ്പ്പോഴും അവളുടെ ദീർഘകാല ജീവിതം ദൈവത്തിന് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ജീവിത ഉപദേശം ചോദിച്ചപ്പോൾ, എല്ലാവരും അവരുടെ അഭിപ്രായം പറയണമെന്ന് അവൾ പറഞ്ഞു.

നല്ല കർത്താവ് ഇത് നിങ്ങൾക്ക് നൽകിയിട്ടുണ്ടെങ്കിൽ, അത് ഉപയോഗിക്കുക. മനസ്സ് തുറന്ന് പറയൂ, നാക്ക് പിടിക്കരുത്, എലിസബേത്ത് പറഞ്ഞു.

മലയാളികൾക്കായി സ്പീഡ് ഡേറ്റിംഗ് ഇവന്റ്; ന്യൂയോർക്ക് ബ്രൂക്ക്ലിനിൽ ജൂൺ 1ന്

ന്യൂയോർക്ക്: വിവാഹ പങ്കാളികളെ തേടുന്ന അവിവാഹിതരായ മലയാളി ക്രിസ്ത്യാനികൾക്കായി 2024 ജൂൺ 1ന് ന്യൂയോർക്ക് ബ്രൂക്ക്ലിനിൽ സ്പീഡ് ഡേറ്റിംഗ് ഇവന്റ് സംഘടിപ്പിക്കുന്നു. അതുല്യമായ ഒത്തുചേരൽ പങ്കാളികൾക്ക് പരസ്പരം ഇഷ്ടപ്പെട്ട പ്രായപരിധിയും സഭാ വിഭാഗത്തിന്റെ മുൻഗണനകളും പൊരുത്തപ്പെടുന്ന മറ്റ് 1525 പങ്കാളികളെ കാണാനുള്ള അവസരം നൽകും.

വ്യക്തിഗതമാക്കിയതും അനുയോജ്യവുമായ മാച്ച് മേക്കിംഗ് അനുഭവം ഉറപ്പാക്കാൻ, പങ്കെടുക്കുന്ന എല്ലാവരും ഇവന്റിന് മുമ്പ് വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. രജിസ്ട്രേഷൻ സമയത്ത്, പങ്കെടുക്കുന്നവരോട് വ്യക്തിഗത വിവരങ്ങളും പ്രായവും സഭാ വിഭാഗങ്ങളും പോലുള്ള മുൻഗണനയുള്ള വിവാഹ മാനദണ്ഡങ്ങളും നൽകാൻ ആവശ്യപ്പെടും. ഓരോ പങ്കാളിയും അവരുടെ മുൻഗണനാ മാനദണ്ഡത്തിൽ പെടുന്ന മറ്റുള്ളവരുമായി മാത്രമേ കൂടിക്കാഴ്ച നടത്തുന്നുള്ളൂവെന്ന് ഉറപ്പാക്കാൻ മാച്ച് മേക്കിംഗ് റൗണ്ടുകൾ തയ്യാറാക്കാൻ ഈ ഡാറ്റ ഇവന്റ് സംഘാടകരെ സഹായിക്കും.

അനുയോജ്യരായ പങ്കാളിയെ കണ്ടെത്താൻ കാലതാമസം നേരിടുന്ന യുവതീയുവാക്കളെ 'പെട്ടെന്നു' സഹായിക്കുക എന്ന ആശയുമായി ഡാളസിൽ മലയാളി യുവതീയുവാക്കൾക്കായി ആദ്യ 'സ്പീഡ് ഡേറ്റിംഗ് ഇവന്റ്' സംഘടിപ്പിച്ചു ശ്രദ്ധ നേടിയ സുഹൃത്തുക്കളായ മാറ്റ് ജോർജും ജൂലി ജോർജുമാണ് 'ഫാൾ ഇൻ മലയാ ലവ്' (എഫ്ഐഎം) സ്പീഡ് ഡേറ്റിംഗ് ഇവന്റിനു നേതൃത്വം നൽകുന്നത്.

ഇവന്റ് ടിക്കറ്റ് നിരക്കിൽ അത്താഴം, വിനോദം, മാച്ച് മേക്കിംഗ് റൗണ്ടുകൾ എന്നിവയ്ക്ക്
www.malayaleechristians.com/apply
(http://www.malayaleechristians.com/apply)

ജോൺ ഐസക്കിനെ ന്യൂയോർക്ക് സ്റ്റേറ്റ് അസംബ്ലി 90-ാം ഡിസ്ട്രിക്ടിലെ സ്ഥാനാർത്ഥിയായി റിപ്പബ്ലിക്കൻ പാർട്ടി പ്രഖ്യാപിച്ചു

- ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂയോർക്ക്: വെസ്റ്റ്ചെസ്റ്റർ കൗണ്ടി റിപ്പബ്ലിക്കൻ കൗണ്ടി കമ്മിറ്റി ഹേസ്റ്റിംങ് ഓൺ ഹഡ്സണിൽ ഉള്ള വെസ്റ്റ്ചെസ്റ്റർ മാനറിൽ ഫെബ്രുവരി 28-ാം തീയതി ഡഗ്ഗ് കോളറ്റിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ജി.ഒ.പി മീറ്റിങ്ങിൽ പാർട്ടിയുടെ യോങ്കേഴ്സ് ചെയർമാൻ റോബർട്ട് മോഫിറ്റു ജോൺ ഐസക്കിനെ ന്യൂയോർക്ക് സ്റ്റേറ്റ് അസംബ്ലി 90-ാം ഡിസ്ട്രിക്ടിലെ സ്ഥാനാർത്ഥിയായി പേര് നിർദ്ദേശിക്കുകയും അത് പാർട്ടി ഒന്നടങ്കം സപ്പോർട്ട് ചെയ്യുകയും ഉണ്ടായി. അങ്ങനെ പ്രൈമറി ഇല്ലാതെതന്നെ റിപ്പബ്ലിക്കൻ പാർട്ടിയുടെ സ്ഥാനാർത്ഥിയായി പ്രഖ്യാപിക്കുകയും ചെയ്ത ചരിത്ര നിമിഷമാണ് ഉണ്ടായത്. ആ സ്ഥാനാർത്ഥിത്വത്തെ ജോൺ ഐസക്ക് സ്വീകരിച്ചതോടെ റിപ്പബ്ലിക്കൻ പാർട്ടി അദ്ദേഹത്തെ ന്യൂയോർക്ക് സ്റ്റേറ്റ് അസംബ്ലി 90-ാം ഡിസ്ട്രിക്ടിലെ പാർട്ടിയുടെ സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ചു.

തന്റെ സ്ഥാനാർത്ഥിത്വത്തെ സ്വീകരിച്ചുകൊണ്ട് സംസാരിച്ച ജോൺ ഐസക്ക് ന്യൂയോർക്ക് സ്റ്റേറ്റിന്റെ പുരോഗതിക്കു വേണ്ടി പ്രവർത്തിക്കുമെന്ന് ഉറപ്പുനൽകി. അമേരിക്കയിലെ മലയാളീ സമൂഹത്തിലും ന്യൂയോർക്കിലെ അമേരിക്കക്കാർക്കിടയിലും സുപരിചിതനായ ജോൺ ഐസക്കിന്റെ സ്ഥാനാർത്ഥിത്വത്തെ ഹർഷാരവത്തോടെയാണ് സദസ് സ്വീകരിച്ചത്. ഫൊക്കാന മുൻ ജനറൽ സെക്രട്ടറി കൂടിയായ അദ്ദേഹത്തെ പിന്തുണച്ചു കൊണ്ട് ഇന്ത്യൻ സമൂഹത്തിൽ നിന്നും പ്രസീള പരമേശ്വരൻ (ഫൗണ്ടിങ് ചെയർമാൻ, ഏഷ്യൻ അമേരിക്കൻ റിപ്പബ്ലിക്കൻ കമ്മിറ്റി), ഹാരി സിങ്ങ് (ചെയർമാൻ, ഏഷ്യൻ അമേരിക്കൻ റിപ്പബ്ലിക്കൻ കമ്മിറ്റി), തോമസ് കോശി (ഏഷ്യൻ അമേരിക്കൻ റിപ്പബ്ലിക്കൻ കമ്മിറ്റി), വെൻ പരമേശ്വരൻ (ഏഷ്യൻ അമേരിക്കൻ റിപ്പബ്ലിക്കൻ കമ്മിറ്റി), സണ്ണി ചാക്കോ (ഏഷ്യൻ അമേരിക്കൻ റിപ്പബ്ലിക്കൻ കമ്മിറ്റി), വർഗീസ് എം കുര്യൻ (ബോബൻ) (ഡബ്ല്യു എംഎ പ്രസിഡന്റ്), ജോസ് കാടാപ്പുറം (കൈരളീ ടീവി), ചാക്കോ പി ജോർജ്, ബാബു പൂപ്പള്ളിൽ, ഷോബി ഐസക് (വൈഎംഎ), റോയി എണ്ണശേരിൽ, ജോഷി മാത്യു (ഇന്ത്യൻ ഓർത്തഡോക്സ് ചർച്ച്, യോങ്കേഴ്സ്), ബാബു തുമ്പയിൽ, ഷാജി വർഗീസ്, സാമുവൽ കോശി, ശ്രീകുമാർ ഉണ്ണിത്താൻ തുടങ്ങി നിരവധി പേർ ജി.ഒ.പി മീറ്റിങ്ങിൽ പങ്കെടുത്തു. യോങ്കേഴ്സിലെ ഇന്ത്യൻ സമൂഹം രാഷ്ട്രീയ മില്ലാതെ ജോൺ ഐസക്കിനെ പിന്തുണച്ചു.

നവംബർ 5നാണ് ഇലക്ഷൻ. മലയാളിക്ക് ലഭിക്കുന്ന വലിയൊരു അംഗീകാരമാണിത്. ഇന്ത്യക്കാർ ധാരാളമായി താമസിക്കുന്ന യോങ്കേഴ്സിൽ എല്ലാവരും ഒരുമിച്ചു വർക്ക് ചെയ്താൽ ജോൺ ഐസക്കിന്റെ വിജയം ഉറപ്പാണ് എന്ന് ഏവരും വിശ്വസിക്കുന്നു. അമേരിക്കയുടെ ആരോഗ്യ, ഐ.ടി മേഖലകളിലും സാമൂഹ്യ സാമ്പത്തിക രംഗങ്ങളിലും ഇന്ത്യക്കാർ വളരെ ശോഭിക്കുമ്പോൾ അമേരിക്കയുടെ രാഷ്ട്രീയ രംഗത്ത് അവർ പിന്നോട്ട് പോകുന്ന കാഴ്ചയാണ് കാണുന്നത്. നമ്മളിൽ പലരും വോട്ട് ചെയ്യുവാൻ രജിസ്റ്റർ ചെയ്യുകയോ അല്ലെങ്കിൽ ചെയ്തവർ വോട്ട് ചെയ്യാൻ പോകുന്നത് വിരളമാണ്. ആ മനോഭാവം മാറിയെങ്കിൽ മാത്രമേ നമുക്ക് രാഷ്ട്രീയമായി മുന്നോട്ട് പോകുവാൻ കഴിയൂ.

18 വയസ്സ് കഴിഞ്ഞ എല്ലാവരും വോട്ടിനു രജിസ്റ്റർ ചെയ്യുകയും ഏർലി വോട്ടിങ്ങിനു നാം തയാർ ആവണമെന്നും ജോൺ ഐസക്ക് അഭിപ്രായപ്പെട്ടു. 73000 വോട്ടേഴ്സ് ഉള്ള ഈ ഡിസ്ട്രിക്ടിൽ നല്ലൊരുഭാഗം ഇന്ത്യക്കാർ താമസിക്കുന്ന സ്ഥലമാണ്. ആദ്യമായാണ് ഇവിടെ മത്സരിക്കാൻ നമ്മുടെ ഒരാളിന് അവസരം ലഭിക്കുന്നത്.

അമേരിക്കയുടെ രാഷ്ട്രീയരംഗത്ത് മലയാളികൾ ചരിത്രം തിരുത്തി മുന്നേറുമ്പോൾ, നമുക്ക് ജോൺ ഐസക്കിന്റെ പിന്നിൽ അണിനിരന്ന് അദ്ദേഹത്തിന് വേണ്ടി പ്രവർത്തിക്കാം. നമ്മുടെ ഏവരുടെയും സപ്പോർട്ട് ഉണ്ട് എങ്കിൽ ന്യൂയോർക്ക് സ്റ്റേറ്റ് അസംബ്ലി 90-ാം ഡിസ്ട്രിക്ടിൽ അദ്ദേഹം അനായാസം വിജയിക്കും. അതിന് വേണ്ടി നമുക്ക് ഒരുമിക്കാം.

യു എസ്സിൽ മദ്യവുമായി ബന്ധപ്പെട്ട മരണങ്ങൾ പ്രതിദിനം 500ന് അടുത്ത്- സി ഡി സി

വാഷിംഗ്ടൺ ഡി സി: കോവിഡ് പാൻഡെമിക്കിൽ ആരംഭിച്ച മദ്യപാനവുമായി ബന്ധപ്പെട്ട മരണങ്ങളിൽ വൻ വർദ്ധന. സെന്റർസ് ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ പ്രസിദ്ധീകരിച്ച ഒരു പുതിയ പഠനമനുസരിച്ച്, മദ്യവുമായി ബന്ധപ്പെട്ട മരണങ്ങൾ യുണൈറ്റഡ് സ്റ്റേറ്റ്സിൽ സമീപ വർഷങ്ങളിൽ ഏകദേശം 30 ശതമാനം വർദ്ധിച്ചു, 2021 ൽ ഏകദേശം 500 അമേരിക്കക്കാർ ഓരോ ദിവസവും മരിക്കുന്നു. മദ്യപാനവുമായി ബന്ധപ്പെട്ട കാരണങ്ങളാൽ 2021ൽ 178,000 പേർ മരിച്ചു.

2020ലെ ലോക്ക്ഡൗണുകളുടെ ഞെട്ടലിനു ശേഷവും വർദ്ധിച്ചുകൊണ്ടിരുന്ന കോവിഡ് പാൻഡെമിക് കാലത്ത് മദ്യപാനത്തിൽ തുടർച്ചയായ വർധനവുണ്ടായതായി പഠനം വിവരിക്കുന്നു. മദ്യപാനവുമായി ബന്ധപ്പെട്ട മരണങ്ങൾ പുരുഷന്മാരിൽ കൂടുതലായിരുന്നു, എന്നാൽ സ്ത്രീകളിൽ മരണനിരക്ക് അതിവേഗം ഉയർന്നു.

ഈ ഗവേഷണത്തിന്റെ ഫലങ്ങൾ ശരിക്കും ഭയാനകമാണെന്ന് ഞാൻ കരുതുന്നു,ടഫ്റ്റ്സ് യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് മെഡിസിനിലെ പൊതുജനാരോഗ്യ പ്രൊഫസറും പഠനത്തിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ ഡോ. മൈക്കൽ സീഗൽ പറഞ്ഞു. കഴിഞ്ഞ ആറ് വർഷമായി മദ്യപാനവുമായി ബന്ധപ്പെട്ട മരണങ്ങളിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് ഇത് കാണിക്കുന്നു.

അമേരിക്കയിൽ മദ്യപാനവുമായി ബന്ധപ്പെട്ട മരണങ്ങൾ അഞ്ച് വർഷത്തിനുള്ളിൽ 40,000 വർദ്ധിച്ചതായി പഠനം കണ്ടെത്തി. 2021ൽ അമിത മദ്യപാനം മൂലം 1,78,000 പേർ മരിച്ചു, 2016 ൽ ഇത് 138,000 ആയിരുന്നു. ആ കാലയളവിൽ, മരണങ്ങൾ പുരുഷന്മാരിൽ 27 ശതമാനവും സ്ത്രീകളിൽ 35 ശതമാനവും വർദ്ധിച്ചു.

പാനീയ വ്യവസായം വാഗ്ദാനം ചെയ്യുന്ന വർധിച്ച ഹോം ഡെലിവറി സേവനങ്ങൾക്കൊപ്പം പാൻഡെമിക് സമയത്ത് ആളുകളുടെ ഉയർന്ന സമ്മർദ്ദ നിലയാണ് കുതിച്ചുചാട്ടത്തിന് കാരണമെന്ന് ഡോ. സീഗൽ പറഞ്ഞു. മദ്യവുമായി ബന്ധപ്പെട്ട മരണങ്ങളെക്കുറിച്ചുള്ള അവരുടെ കണക്കുകൾ വളരെ യാഥാസ്ഥിതികമാണെന്ന് ഗവേഷകർ കണക്കാക്കുന്നു, കാരണം ഡാറ്റയിൽ സജീവ മദ്യപാനികൾ മാത്രമേ ഉൾപ്പെടുന്നുള്ളൂ.

'ദേവരാഗം', 'ബേത്‌ലഹേം' ഗാനമേളകളുമായി സ്റ്റാർ എന്റർടൈൻമെന്റ് ടീം അമേരിക്കയിലും കാനഡയിലും

– ജോസഫ് ഇടിക്കുള

ന്യൂയോർക്ക് : സിനി സ്റ്റാർ നൈറ്റ് എന്ന മെഗാ ഷോയ്ക്കു ശേഷം സ്റ്റാർ എന്റർടൈൻമെന്റ് നോർത്ത് അമേരിക്കൻ മലയാളികൾക്കായി ഈ വരുന്ന ഓണക്കാലത്തേക്കായി മലയാളം തമിഴ് ഹിന്ദി സിനിമകളിലെ സൂപ്പർഹിറ്റ് ഗാനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് അവതരിപ്പിക്കുന്ന 'ദേവരാഗം' എന്ന ഗാനമേളയും മലയാളത്തിലെ പഴയതും പുതിയതുമായ അനേകം ക്രിസ്തീയ ഭക്തിഗാനങ്ങളടങ്ങിയ 'ബേത്‌ലഹേം' എന്ന ക്രിസ്തീയ ഭക്തിഗാനമേളയും അമേരിക്കയിലും കാനഡയിലുമായി പര്യടനത്തിനൊരുങ്ങുന്നു.

മലയാളത്തിലെ പ്രമുഖ പിന്നണി ഗായകൻ ഡോ. ജാസി ഗിഫ്റ്റ്, പ്രമുഖ ഗായകൻ ഇമ്മാനുവേൽ ഹെൻറി, പിന്നണി ഗായിക മെറിൻ ഗ്രിഗറി, ഗായിക രേഷ്മ രാഘവേന്ദ്ര, പ്രമുഖ ഗായകനും കീബോഡിസ്റ്റും സംഗീത സംവിധായകനുമായ അനൂപ് കോവളം, കീബോഡിസ്റ്റ്, ഡ്രമ്മർ എന്നീ നിലകളിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന അജയകുമാർ തുടങ്ങിയവരാണ് ദേവരാഗം', 'ബേത്‌ലഹേം' എന്നീ സംഗീത പരിപാടികളുമായി 2024 സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ അമേരിക്കയിലും കാനഡയിലുമെത്തുന്നത്.

ചലച്ചിത്ര സംഗീത സംവിധായകനും പിന്നണി ഗായകനുമായ ജാസി ഗിഫ്റ്റ്, ഫോർ ദി പീപ്പിൾ എന്ന ചിത്രത്തിലെ 'ലജ്ജാവതിയെ' എന്ന ഗാനത്തിന്റെ വിജയത്തിന് ശേഷമാണ് പ്രശസ്തനായത്. 2004ലെ ഏറ്റവും നല്ല മലയാള ചിത്രമായി മാറിയ ഫോർ ദി പീപ്പിളിന്റെ വിജയത്തിന് കാരണമായ ഗാനങ്ങൾ മലയാളത്തിലെ എക്കാലത്തെയും ഹിറ്റുകളിലൊന്നായിരുന്നു. ഈ ചിത്രം പിന്നീട് തമിഴിലേക്ക് റീമേക്ക് ചെയ്യപ്പെട്ടു. കൂടാതെ തെലുങ്കിൽ മല്ലിശ്വരിവേ എന്ന പേരിലും ഈ ഗാനം എല്ലാ ഭാഷകളിലും ഹിറ്റായി മാറി.

മലയാളം, കന്നഡ, തമിഴ്, തെലുങ്ക് സിനിമകൾക്കായി ഗാനങ്ങൾ രചിക്കുകയും പാടുകയും ചെയ്യുന്ന അദ്ദേഹത്തിന് ബാംഗ്ലൂർ ടൈംസ് ഫിലിം അവാർഡിൽ മികച്ച സംഗീത സംവിധായകനുള്ള അവാർഡ് നൽകി ആദരിച്ചു. കുട്ടിക്കാലം മുതൽ സംഗീതത്തിൽ താൽപ്പര്യമുള്ള ജാസി പാശ്ചാത്യ സംഗീതത്തിൽ വളരെയധികം സ്വാധീനം ചെലുത്തിയിരുന്നു. ഇളയരാജയെ ആരാധിക്കുകയും ഫ്രെഡി മെർക്കുറിയുടെ ആരാധകനുമായിരുന്ന അദ്ദേഹം ചെറുപ്പം മുതലേ പാശ്ചാത്യ പിയാനോയിൽ മാസ്റ്റർ ആയിരുന്നു. പിന്നീട് പ്രാദേശിക ബാൻഡുകളിൽ പാട്ടും കീബോർഡും വായിക്കാൻ തുടങ്ങി.

ഓസ്കാർ ജേതാവ് എം എം കീരവാണി, ഹാരിസ് ജയരാജ്, ദേവിശ്രീ പ്രസാദ്, യുവൻ ശങ്കർ രാജ, അനിരുദ്ധ് രവിചന്ദർ തുടങ്ങിയ നിരവധി ദക്ഷിണേന്ത്യൻ സംഗീതജ്ഞർക്കൊപ്പം പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ ദക്ഷിണേന്ത്യയിൽ നിന്നുള്ള നിരവധി സംഗീത സംവിധായകരുമായി സഹകരിച്ചു. ശ്രേയാഘോഷാലും സോനു നിഗവും ചേർന്ന് പാടിയ സഞ്ജു വെഡ്സ് ഗീത എന്ന ചിത്രത്തിന് വേണ്ടി ഗാനങ്ങൾ രചിച്ചു.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് ഫിലോസഫിയിൽ ബിരുദാനന്തര ബിരുദവും കണ്ണൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ഫിലോസഫിയിൽ പിഎച്ച്ഡിയും നേടിയിട്ടുണ്ട്. 2021 ഡിസംബർ 24ന് കേരള സംസ്ഥാന വികസന കോർപ്പറേഷന്റെ ചെയർമാനായി ജാസി ഗിഫ്റ്റിനെ നിയമിച്ചു. കണ്ണൂർ സർവകലാശാലയിൽ നിന്ന് ഇൻഫർമേഷൻ ടെക്നോളജി/ഫിസിക്സിൽ പിഎച്ച്ഡി നേടിയ ഡോ.അതുല്യയാണ് പത്നി.

പൂഞ്ഞാർ പള്ളിയിലെ അതിക്രമം: ശക്തമായ പ്രതിഷേധവുമായി എസ്.എം.സി.സി ചിക്കാഗോ രൂപത

ചിക്കാഗോ: പൂഞ്ഞാർ സെന്റ് മേരീസ് ഫൊറോന പള്ളിയിൽ ആരാധന നടക്കുന്ന സമയത്ത് പള്ളി പരിസരത്ത് അതിക്രമിച്ച് കയറി അസിസ്റ്റന്റ് വികാരിയെ വാഹനം ഇടിപ്പിച്ച് മനപൂർവ്വമായ നരഹത്യാ ശ്രമം നടത്തിയ സാമൂഹിക വിരുദ്ധർക്കെതിരെ ശക്തമായ നടപടിയെടുക്കണമെന്ന് ചിക്കാഗോ സെന്റ് തോമസ് സീറോ മലബാർ കാത്തലിക് കോൺഗ്രസ് ആവശ്യപ്പെട്ടു.

ചിക്കാഗോ സെന്റ് തോമസ് രൂപതാധ്യക്ഷൻ മാർ ജോയി ആലപ്പാട്ടിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വികാരി ജനറാൾ മോൺസിഞ്ഞോർ ജോൺ മേലേപ്പുറം, സ്പിരിചലൽ ഡയറക്ടർ ജോർജ് എളമ്പാശേരി, എസ്.എം.സി.സി പ്രസിഡന്റ് സിജിൽ പാലയ്ക്കലോടി, സെക്രട്ടറി മേഴ്സി കുര്യാക്കോസ്, ട്രഷറർ ജോസ് സെബാസ്റ്റ്യൻ, ചെയർമാൻ ജോർജ് പുല്ലാപ്പള്ളി, വൈസ് പ്രസിഡന്റ് ജോൺസൺ കണ്ണൂക്കാടൻ, ജോയിന്റ് സെക്രട്ടറി ജോർജ് വി. ജോർജ്, കമ്മിറ്റി അംഗങ്ങളായ മാത്യു തോയലിൽ, റോഷിൻ പ്ലാമൂട്ടിൽ, മാത്യു ചാക്കോ, ജോസഫ് പയ്യപ്പള്ളി, എൽസി മരങ്ങോലിൽ, ബൈജു വിതയത്തിൽ, ആന്റണി ചെറു, മിനി വിതയത്തിൽ, ജെയിംസ് ഓലിക്കൽ, ജോജോ കോട്ടൂർ, ആന്റോ കവലയ്ക്കൽ, ജിയോ മാത്യൂസ് തുടങ്ങിയ നാഷണൽ കമ്മിറ്റി അംഗങ്ങളും പങ്കെടുത്തു.

മത സ്വാതന്ത്ര്യവും മതമൈത്രിയും തകർക്കുന്നവർക്കെതിരേ ബന്ധപ്പെട്ട അധികാരികൾ എത്രയും വേഗം നടപടിയെടുക്കുകയും, സമാധാന അന്തരീക്ഷം തകർക്കാനുള്ള ഇത്തരം നടപടികൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാനുള്ള ജാഗ്രത ഗവൺമെന്റ് സ്വീകരിക്കുകയും ചെയ്യണമെന്ന് രൂപതാധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് ആവശ്യപ്പെട്ടു.

ക്രൈസ്തവർക്കെതിരേ തുടർന്നുവരുന്ന അക്രമങ്ങൾ വർധിച്ചുവരുന്ന പ്രവണത കേരളം പോലെ മതമൈത്രിയുള്ള ഒരു സംസ്ഥാനത്തിൽ വളരുവാൻ അനുവദിക്കരുതെന്ന് വികാരി ജനറാൾ മോൺ. ജോൺ മേലേപ്പുറം ആവശ്യപ്പെട്ടു.

പൂഞ്ഞാറിൽ നടന്നത് മനപ്പൂർവ്വമായ നരഹത്യാ ശ്രമവും മതസ്വാതന്ത്ര്യത്തിനെതിരായ കടന്നുകയറ്റവുമാണെന്ന് സ്പിരിചലൽ ഡയറക്ടർ ജോർജ് എളമ്പാശേരി ഓർമ്മിപ്പിച്ചു.

യഥാർത്ഥ പ്രതികളെ ഒളിപ്പിച്ചുവയ്ക്കുവാനും കേസ് ഒതുക്കിത്തീർക്കാൻ ശ്രമിക്കുകയും, പ്രതിഷേധം നടത്തിയ അത്മായർക്കെതിരേ കള്ളക്കേസ് എടുക്കുവാൻ ശ്രമിക്കുകയും ചെയ്ത പോലീസിന്റെയും ഭരണകക്ഷിയുടേയും പ്രവർത്തി ക്രൈസ്തവ പീഡനത്തിന് ബന്ധപ്പെട്ട അധികാരികൾ കൂട്ടുനിൽക്കുന്നതിന് ശക്തമായ തെളിവാണെന്നും ഇത് അംഗീകരിക്കാനാവില്ലെന്നും ഇതിനെതിരെ ക്രൈസ്തവർ ഒറ്റക്കെട്ടായി പ്രതിഷേധിക്കുമെന്നും പ്രസിഡന്റ് സിജിൽ പാലയ്ക്കലോടി അറിയിച്ചു.

ക്രൈസ്തവ പീഡനം മറച്ചുവെയ്ക്കുന്ന മാധ്യമങ്ങൾക്കെതിരേ കേരളത്തിലെ ക്രൈസ്തവരും, മതസൗഹാർദ്ദം താത്പര്യപ്പെടുന്ന ജനങ്ങളും പ്രതികരിക്കണമെന്ന് സെക്രട്ടറി മേഴ്സി കുര്യാക്കോസ് അഭ്യർത്ഥിച്ചു. പ്രതിഷേധിച്ച അത്മായർക്കെതിരെ കേസെടുക്കുന്ന നിലപാട് തികച്ചും അപലപനീയമാണെന്നും അതിനെതിരെ പോരാടാനുള്ള പാലാ രൂപതയുടേയും, സഭയുടേയും, കത്തോലിക്കാ കോൺഗ്രസിന്റെയും, കാസയുടേയും തീരുമാനത്തിന് മാനസികവും സാമ്പത്തികവുമായ പിന്തുണ നൽകുന്നതാണെന്ന് ചെയർമാൻ ജോർജ് പുല്ലാപ്പള്ളി അറിയിച്ചു.

ശക്തമായ പ്രതിഷേധം എന്ന നിലയിൽ ഇന്ത്യൻ പ്രധാനമന്ത്രിക്കും, കേരള ഗവർണർക്കും, മുഖ്യമന്ത്രിക്കും പ്രതിഷേധം അറിയിച്ചുകൊണ്ടുള്ള കത്ത് അയയ്ക്കാനും യോഗം തീരുമാനിച്ചു.

ന്യൂജഴ്സിയിൽ ആറ്റുകാലമ്മയ്ക്ക് പൊങ്കാല ഭക്തിസാന്ദ്രമായി

ന്യൂ ജേഴ്സി: നോർത്ത് അമേരിക്കയിലെ തന്നെ ഏറ്റവും വലിയ ആറ്റുകാൽ പൊങ്കാല ആഘോഷങ്ങളിലൊന്ന് ഫെബ്രുവരി 25 ഞായറാഴ്ച ന്യൂജെഴ്സിയിൽ ആഘോഷിച്ചു. ആറ്റുകാൽ ക്ഷേത്രത്തിലെ പൊങ്കാല ദിവസം തന്നെയായിരുന്നു ഭക്തിനിറഞ്ഞ അന്തരീക്ഷത്തിൽ ന്യൂജെഴ്സിയിലെയും ആഘോഷം. ന്യൂ ജേഴ്സിക്ക് പുറമെ മസാച്ചുസെറ്റ്സ്, കണക്റ്റിക്കട്ട്, ന്യൂയോർക്ക്, പെൻസിൽവാനിയ, ഡെലവെയർ, വിർജീനിയ എന്നിവിടങ്ങളിൽ നിന്നുള്ള ഭക്തർ മോർഗൻവില്ലിലെ ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രത്തിലാണ് പൊങ്കാല അർപ്പിച്ചത്.

കെ.എച്ച്.എൻ.ജെ വർഷംതോറും വിജയകരമായി നടത്തുന്ന പൊങ്കാല ഇത്തവണയും വിജയകരമാക്കാൻ സംഘടനാനേതൃത്വം നിരവധി സംസ്ഥാനദേശീയ സംഘടനകളെ പ്രോത്സാഹിപ്പിച്ചിരുന്നു. പ്രസിഡന്റ് ലത നായർ, ജനറൽ സെക്രട്ടറി രൂപാ ശ്രീധർ, കൾച്ചറൽ സെക്രട്ടറി ലിഷ ചന്ദ്രൻ, ട്രഷറർ രഞ്ജിത്ത് പിള്ള, വൈസ് പ്രസിഡന്റ് അജിത് പ്രഭാകർ, എക്സ് ഒഫിഷ്യോ സഞ്ജീവ് കുമാർ, എക്സിക്യൂട്ടീവ് കമ്മിറ്റി, ട്രസ്റ്റി ബോർഡ് അംഗങ്ങൾ എന്നിവർക്കൊപ്പം ആജീവനാന്ത അംഗങ്ങളും സന്നദ്ധ പ്രവർത്തകരും പൊങ്കാല വിജയകരമായി നടത്തുന്നതിനുള്ള നേതൃത്വം വഹിച്ചു. ഭക്തജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ പൊങ്കാല സമർപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിരുന്നു.

ഈ മെഗാ പൊങ്കാല മഹോത്സവത്തിന് പിന്തുണ നൽകിയ എല്ലാവർക്കും ടീം കെ.എച്ച്.എൻ.ജെ നന്ദി അറിയിച്ചു. കെ.എച്ച്.എൻ.ജെയുടെ നേതൃത്വത്തിൽ നടക്കുന്ന അടുത്ത പ്രധാന പരിപാടി വിഷു ആഘോഷമാണ്. ഏപ്രിൽ 13ന് ക്ഷേത്രം ഓഡിറ്റോറിയത്തിൽ വിഷു ഗംഭീരമായി ആഘോഷിക്കും.

"I love you without knowing how, or when, or from where. I love you simply, without problems or pride: I love you in this way because I do not know any other way of loving but this, in which there is no I or you, so intimate that your hand upon my chest is my hand, so intimate that when I fall asleep your eyes close."

- Pablo Neruda, 100 Love Sonnets

സ്നോഫ്ളേക്സ് സി ഇ ഒ ആയി ഇന്ത്യൻ വംശജൻ ശ്രീധർ രാമസ്വാമിയെ നിയമിച്ചു

യുഎസിലെ മൊണ്ടാനയിൽ ഡേറ്റ ക്ളൗഡ് സ്ഥാപനമായ സ്നോഫ്ളേക്സിന്റെ സിഇഒയും ഡയറക്ടർ ബോർഡ് അംഗവുമായി ഇന്ത്യൻ വംശജനായ ശ്രീധർ രാമസ്വാമിയെ നിയമിച്ചു. എഐ വിഭാഗത്തിൽ വൈസ് പ്രസിഡന്റായി നേരത്തെ പ്രവർത്തിച്ച രാമസ്വാമി ഈ സ്ഥാനമൊഴിയുന്ന ഫ്രാങ്ക് സ്ലൂട്ട്മാനു പകരമാണ് സ്ഥാനമേൽക്കുന്നത്. സ്ലൂട്ട്മാൻ ഡയറക്ടർ ബോർഡ് ചെയർമാനായി തുടരും.

തനിക്ക് ഈ ആദരം നൽകിയ സ്ഥാപനത്തിനു രാമസ്വാമി നന്ദി പറഞ്ഞു. അനന്തമായ സാദ്ധ്യതകൾ മുന്നിൽ തുറന്നു കിടക്കുന്നുവെന്നു അദ്ദേഹം ചൂണ്ടിക്കാട്ടി.

2023 മേയിൽ കമ്പനിയിൽ ചേർന്നത് മുതൽ എ ഐ വിഭാഗത്തിന്റെ തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിൽ ആയിരുന്നു രാമസ്വാമിയുടെ ചുമതല. എ ഐയിൽ അടിസ്ഥാനമായ ലോകത്തെ ആദ്യത്തെ സെർച്ച് എൻജിൻ നീവ സ്നോഫ്ളേക്സ് ഏറ്റെടുത്ത നേരത്താണ് അദ്ദേഹം ചേരുന്നത്. എഐ ലളിതമാക്കുന്ന സ്നോഫ്ളേക് കോർട്ടെക്സിന്റെ വരവ് അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ ആയിരുന്നു.

അടുത്ത ഘട്ട വികസനത്തിനു രാമസ്വാമിയേക്കാൾ മികച്ച ഒരാളില്ലെന്നു സ്ലൂട്ട്മാൻ പറഞ്ഞു.

നേരത്തെ 2019ൽ നീവ സ്ഥാപിച്ചവരിൽ ഒരാൾ ആയിരുന്നു രാമസ്വാമി. 15 വർഷം ഗൂഗിളിലും പ്രവർത്തിച്ചു. ബ്രൗൺ യൂണിവേഴ്സിറ്റി ബോർഡ് അംഗമാണ്.

അപൂർവ്വ മസ്തിഷ്ക രോഗം: ചികിത്സാ സഹായം തേടി മലയാളി വിദ്യാർത്ഥി ശ്രീരാജ് ശ്രീധരൻ

ഒന്റാരിയോ: ചികിത്സാസഹായം തേടി അപൂർവ്വ മസ്തിഷ്ക രോഗം ബാധിച്ച മലയാളി വിദ്യാർത്ഥി. ഒന്റാരിയോ ബ്രാന്റ് ഫോർഡിൽ നിന്നുള്ള ശ്രീരാജ് ശ്രീധരൻ എന്ന മലയാളി വിദ്യാർത്ഥിയാണ് കോളോയിഡ് സിസ്റ്റ് എന്ന അപൂർവ്വ മസ്തിഷ്ക രോഗത്തെ തുടർന്ന് അതീവ ഗുരുതരാവസ്ഥയിൽ ചികിത്സയിൽ കഴിയുന്നത്. ശ്രീരാജ് ശ്രീധരന്റെ ചികിത്സയ്ക്ക് ആവശ്യമായ പണം കണ്ടെത്തുന്നതിനും ഭാര്യയും ഏഴു വയസ്സുള്ള കുട്ടിയുമടങ്ങുന്ന കുടുംബത്തെ സഹായിക്കുന്നതിനുമായി ഗോഫണ്ട് സമാഹരണം ആരംഭിച്ചു. ബ്രാന്റ് കൗണ്ടി മലയാളി അസോസിയേഷന്റെ (ബിസിഎംഎ) നേതൃത്വത്തിലാണ് ഗോ ഫണ്ട് സമാഹരിക്കുന്നത്.

ശ്രീരാജ് ശ്രീധരൻ നിലവിൽ കോമയിലും വെന്റിലേറ്റർ ലൈഫ് സപ്പോർട്ടിലുമാണ്. ഹാമിൽട്ടൺ ജനറൽ ആശുപത്രിയിലെ ഡോക്ടർമാരും വിദഗ്ധ സംഘവും ശ്രീരാജിനെ രക്ഷിക്കാനുള്ള എല്ലാ ശ്രമങ്ങളും നടത്തുന്നുണ്ട്.

ഫ്രണ്ട്സ് ഓഫ് റാന്നി ഡാളസ് വാർഷിക പിക്നിക് ഏപ്രിൽ 20ന്

ഡാളസ്: ഡാലസിലുള്ള റാന്നി നിവാസികളുടെ സംഘടനയായ ഫ്രണ്ട്സ് ഓഫ് റാന്നിയുടെ ഈ വർഷത്തെ പിക്നിക് കരോൾട്ടൻ മേരി ഹെഡ്ഗർട്ടർ പാർക്കിൽ ഏപ്രിൽ മാസം ഇരുപതാം തീയതി രാവിലെ 10 മുതൽ 2 വരെ നടത്തപ്പെടുന്നു.

ഡാളസിലും പരിസരപ്രദേശങ്ങളിലും പാർക്കുന്നവർക്ക് തങ്ങളുടെ പഴയകാല സുഹൃത്തുക്കളെയും ബന്ധുക്കളെയും അയൽക്കാരെയും കാണുന്നതിനും പരിചയം പുതുക്കുന്നതിനും വേണ്ടിയാണ് സംഘാടകർ ഇങ്ങനെയുള്ള നല്ല അവസരങ്ങൾ ഒരുക്കുന്നത്. മതത്തിനും രാഷ്ട്രീയത്തിനും അതീതമായി സ്നേഹം നിലനിർത്തുവാൻ മാത്രമാണ് ഈ അവസരം.

കുട്ടികൾക്കും മുതിർന്നവർക്കും വേണ്ടി വിവിധ ഇനം പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാവരുടെയും സൗകര്യാർത്ഥം ആണ് ശനിയാഴ്ച രാവിലെ ക്രമീകരിച്ചിരിക്കുന്നതെന്നും ഡാളസിലുള്ള റാന്നി എല്ലാ നിവാസികളും ഓസ്റ്റിൻ, ഹൂസ്റ്റൺ, ഒക്ലഹോമ എന്നിവിടങ്ങളിലെ സുഹൃത്തുക്കളും ഈ ഉല്ലാസവേളയിൽ പങ്കെടുക്കണമെന്നു സംഘാടകർ അറിയിക്കുന്നു

കൂടുതൽ വിവരങ്ങൾക്ക്

പ്രസിഡന്റ് സുഭാഷ് മാത്യു പനവേലിൽ (69 877 0130)

സെക്രട്ടറി ഷിജു എബ്രഹാം വടക്കേ മണ്ണിൽ (214 929 3570)

ചിക്കാഗോ കെ. സി. എസ് കപ്പിൾസ് നൈറ്റ് അവിസ്മരണീയമായി

ചിക്കാഗോ കെ.സി.എസ് കുടുംബ ബന്ധം ഊഷ്മളമാക്കുവാനായി ദമ്പതികൾക്കായി നടത്തിയ കപ്പിൾസ് നൈറ്റ് പങ്കെടുത്തവർക്കെല്ലാം ഒരു അവിസ്മരണീയ രാവായി മാറി.

ഞാറാഴ്ച വൈകിട്ട് അഞ്ചു മുപ്പതിന് ഒലിവു പാലസ് ബാങ്കറ്റിൽ ആരംഭിച്ച ചടങ്ങിൽ ബ്രസീലിയൻ സാംബ ടീം ഒരുക്കിയ സാംബ നൃത്തത്തിനൊപ്പം വനിതകളും പുരുഷന്മാരും ഒന്നിച്ചു നൃത്തച്ചുവടുകൾ വച്ചതു ഒരു നവ്യാനുഭവമായി.

കപ്പിൾസ് പ്രൊസെഷനിൽ മികച്ച നൃത്തച്ചുവടുകൾ വച്ച ജോയ്സ്മോൻ, സോനു പുത്തൻപുരയിൽ ദമ്പതികൾ ഒന്നാം സ്ഥാനവും, ഭർത്താക്കന്മാർക്കിടയിൽ ഏറ്റവും മനോഹരമായ വസ്ത്രധാരണത്തിനു ഷാജി പിണർകയിലും ഭാര്യ പ്രിയയും അർഹരായി.

പ്രമുഖ ഫോട്ടോഗ്രാഫർ ഡൊമിനിക് ചൊള്ളമ്പേൽ, ദമ്പതികളുടെ കുടുംബ ചിത്രങ്ങളും, ചടങ്ങിലെ മറ്റ് അതുല്യ നിമിഷങ്ങളും ക്യാമറയിൽ പകർത്തി.

കെ.സി.എസ് സെക്രട്ടറി സിബു കുളങ്ങര ഏവർക്കും സ്വാഗതം പറഞ്ഞു. തോമസ്കുട്ടി തേക്കുംകാട്ടിൽ ആന്റ് റോജ, ജിജു വെട്ടിക്കാട്ട് ആന്റ് ഷാനിൽ, ഡിബിൻ വിലങ്ങുകല്ലേൽ ആന്റ് ആൻ വർഷ, മോഹിൻ മാമ്മൂട്ടിൽ ആന്റ് ആൽബി എന്നിവർ വിവിധ ഘട്ടങ്ങളിൽ എം സിമാരായി പ്രവർത്തിച്ചു.

കെ.സി.എസ് പ്രസിഡണ്ട് ജെയിൻ മാക്കിൽ പ്രണയദിനത്തെക്കുറിച്ചു സംസാരിച്ചു. സാജു കണ്ണമ്പള്ളിയും, ജിൽസ് മാത്യുവും ചേർന്നു അംഗങ്ങളെ പങ്കെടുപ്പിച്ചു നടത്തിയ സംഗീത മത്സരം ഏറെ ശ്രദ്ധ നേടി. റൊണാൾഡ് പൂക്കുമ്പേൽ നടത്തിയ കുസൃതിചോദ്യ മത്സരം ഏവർക്കും ആസ്വാദ്യകരമായി.

വല്ലാടൻ ലൈവ് 'നെവിൻ കുര്യന്റെ ഡി.ജെ ആഘോഷങ്ങൾക്ക് മാറ്റു കൂട്ടി. ജെ.ബി സൗണ്ട് ആന്റ് ഡെക്കറേഷൻസ് വളരെ മനോഹരമായി വേദികൾ അലങ്കരിക്കുകയും ശബ്ദോപകരണങ്ങൾ കൈകാര്യം ചെയ്യുകയും ചെയ്തു.

പരിപാടികൾക്ക് കെ.സി.എസ് എക്സിക്യൂട്ടീവ് അംഗങ്ങളായ ജെയിൻ മാക്കിൽ, ജിനോ കക്കാട്ടിൽ, സിബു കുളങ്ങര, ബിനോയ് കിഴക്കനടിയിൽ, തോമസ്കുട്ടി തേക്കുംകാട്ടിൽ എന്നിവർക്ക് പുറമെ മഞ്ചു കൊല്ലപ്പള്ളിൽ, ടോസ്മി കൈതക്കത്തൊട്ടിയിൽ, സോനു പുത്തൻപുരയിൽ, അഭിലാഷ് നെല്ലാമറ്റം, മോഹിൻ മാമ്മൂട്ടിൽ, ആൻ വർഷ, ഷാനിൽ വെട്ടിക്കാട്ട്, മഞ്ജിരി തെക്കുനിൽക്കുന്നതിൽ തുടങ്ങിയവർ നേതൃത്വം നൽകി.

ഒലിവു പാലസ് ബാങ്കിറ്റു നടത്തിയ വിഭവസമൃദ്ധമായ അത്താഴം ഏറെ ആസ്വാദ്യകരമായി.

പരിപാടികൾ കെ.വി.ടി വിയിൽ ലൈവ് ആയി സംപ്രേഷണം ചെയ്തു.

> I have a dream that my four little children will one day live in a nation where they will not be judged by the color of their skin but by the content of their character.
>
> Martin Luther King

കാരുണ്യത്തിന്റെ കരുതലായി ചിക്കാഗോ റ്റീൻ മിനിസ്ട്രി

ചിക്കാഗോ: തിരുഹൃദയ ക്നാനായ കത്തോലിക്ക ഫൊറോന ദൈവാലയത്തിലെയും സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ദൈവാലയത്തിലെയും റ്റീൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ 'ഫീഡ് മൈ സ്റ്റാർ വിങ്ങ് ചിൽഡ്രൻ' പ്രോഗ്രാമിന്റെ ഭാഗമായി ഷാമ്ബർഗിലെ ഫുഡ് പായ്ക്കിംഗിൽ പങ്കെടുത്തു.

രണ്ട് ഇടവകയിൽ നിന്നുമായി നൂറ് കണക്കിന് കുട്ടികൾ മാതാപിതാക്കളുടെ നേതൃത്വത്തിൽ പങ്കെടുത്തു. നോമ്പിന്റെ ചൈതന്യത്തിൽ കാരുണ്യത്തിന്റെ കരുതലായി മാറാൻ റ്റീൻ മിനിസ്ട്രി വഴി സാധിച്ചു.

രണ്ട് ഇടവകയിലെയും റ്റീൻ മിനിസ്ട്രി കോർഡിനേറ്റേഴ്സ് സിറിയക് കീഴങ്ങാട്ട്, നമീസ ഇടയത്തറയിൽ, മജോ കുന്നശ്ശേരിൽ, ജിനു നെടിയകാലായിൽ എന്നിവരും ഗ്രൂപ്പ് ലീഡേഴ്സ് മാലക് കിഴക്കേക്കുറ്റ്, റോമിന ചാലുങ്കൽ, ജോസിയ വാളത്താറ്റ്, മരീസ കക്കാട്ടിൽ, ജെഫിൻ ആനാലിൽ, അലീസ വാക്കേൽ, ജയിഡൻ പട്ടാർ കുഴിയിൽ, അഞ്ചലീന മണക്കാട്ട്, ജോഷ്ലിൻ തോട്ടുങ്കൽ, നഥാൻ മുരിങ്ങോത്ത്, ജയിക്ക് ഇടക്കരപുത്തൻപുരയ്ക്കൽ, ജോസ്ലിൻ പണയപറമ്പിൽ എന്നിവരും വിശ്വാസപരിശീലകരും പങ്കെടുത്തു.

ഫൊറോന വികാരി ഫാ.തോമസ് മൂളവനാൽ, സെന്റ് മേരീസ് വികാരി ഫാ.സിജു മുടക്കോടിൽ എന്നിവരും ടീം അംഗങ്ങളോടൊപ്പം പങ്കെടുത്തു.